# കേരള സർക്കാർ

# 2009-2010

ഡോ. ടി.എം. തോമസ് ഐസക്
ധനകാര്യ മന്ത്രി

**20 ഫെബ്രുവരി, 2009**

# ഉള്ളടക്കം


| | പേജ് നം. |
|---|---|
| **ഭാഗം ഒന്ന്** | 1-8 |
| **ഭാഗം രണ്ട്** - ഭക്ഷ്യ സുരക്ഷാപരിപാടി | 8-15 |
| **ഭാഗം മൂന്ന്** - പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണം | 15-19 |
| **ഭാഗം നാല്** - ആധുനിക വളർച്ചാമേഖലകൾ | 19-27 |
| **ഭാഗം അഞ്ച്** - ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ | 27-36 |
| **ഭാഗം ആറ്** - സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങൾ | 36-44 |
| **ഭാഗം ഏഴ്** - ക്ഷേമപ്രവർത്തനങ്ങൾ | 45-51 |
| **ഭാഗം എട്ട്** - തദ്ദേശ സ്വയംഭരണം | 51-57 |
| **ഭാഗം ഒമ്പത്** - ഭരണനിർവ്വഹണവും പരിഷ്ക്കാരങ്ങളും | 57-62 |
| **ഭാഗം പത്ത്** - വിഭവസമാഹരണം | 62-83 |
| **ഭാഗം പതിനൊന്ന്** - ഉപസംഹാരം | 83-88 |

# ഭാഗം ഒന്ന്

# ബജറ്റ് പ്രസംഗം 2009-10

സർ,

1. ഇന്നത്തെ കേരളീയ തലമുറയുടെ ഓർമ്മകളിൽപ്പോലുമില്ലാത്ത ഒരു സാമ്പത്തിക പ്രതിഭാസത്തിന് നാം സാക്ഷ്യംവഹിക്കാൻ പോവുകയാണ്. 1929ലെ മാന്ദ്യം ലോകത്തെയാകെ എന്നപോലെ ഇന്ത്യയെയും കേരളത്തെയും ബാധിച്ചു. ഇന്ന് ലോകത്തെ വിഴുങ്ങുന്ന മാന്ദ്യം ഇന്ത്യയെയും കേരളത്തെയും ഗ്രസിക്കുവാൻ പോവുകയാണ്.

2. അന്നത്തെ മാന്ദ്യത്തിന്റെ സ്വഭാവം മനസിലാക്കാൻ മഹാനായ മലയാള സാഹിത്യകാരൻ തകഴി ശിവശങ്കരപ്പിള്ളയുടെ 'കയർ' വായിച്ചാൽ മതി. കയറിൽ ഒരു സാമ്പത്തിക ചരിത്രം ഉണ്ട്. 250 വർഷത്തെ കേരളത്തിന്റെ സാമ്പത്തിക ചരിത്രം. കുട്ടനാട്ടിൽ ക്ളാസിപ്പേര് വന്ന് കണ്ടെഴുതി ഭൂമിയായ ഭൂമിക്കൊക്കെ ഉടമസ്ഥരെ ഉണ്ടാക്കി. പതിറ്റാണ്ടുകൾ പലതുകഴിഞ്ഞപ്പോൾ മങ്കൊമ്പിലെ പട്ടന്മാരിൽനിന്ന് കടംവാങ്ങിയായി കൃഷി. വിലയിടി ഞ്ഞപ്പോൾ കൃഷിക്കാർ കുത്തുപാളയെടുത്തു. 'കയറി'ൽ പറയു ന്നു, "ഉൽപ്പന്നങ്ങൾക്ക് വിലയില്ല. കിഴക്ക് ചെറിയ റബ്ബർതോട്ടങ്ങൾ ഇല്ലാതായി. റബ്ബർ മരങ്ങൾ വെട്ടിമാറ്റി മറ്റു കൃഷികൾ ചെയ്തുതുട ങ്ങി. പണത്തിനുവേണ്ടിയല്ല, വയറടയ്ക്കാൻവേണ്ടി. കാച്ചിലും കപ്പയും കിഴങ്ങും നട്ടു. വൻകിടക്കാർ തോട്ടങ്ങൾ ഉപേക്ഷിച്ച മട്ടാണ്. സായിപ്പന്മാർ പേരിന് പരിപാലനം നടത്തുന്നുണ്ട്. പക്ഷേ മരുന്നടിയും ഒക്കെ വേണ്ടെന്നുവെച്ചു. മലയായിൽ പോയവരിൽ ചിലരെങ്കിലും തിരിച്ചുവന്നു. തിരിച്ചുവരാൻ കാരണമെന്താണെന്നു ചോദിക്കുമ്പോൾ അവർ പറയുന്നു "സ്ലമ്പ്". എന്താണീ "സ്ലമ്പ്?"

3. അന്നത്തെ തിരുവിതാംകൂർ സർക്കാരിനും എന്താണിതെന്നു മനസി ലായില്ല. വരുമാനം കുറഞ്ഞതുകൊണ്ട് ചെലവ് ചുരു ക്കണമെന്നതായിരുന്നു സർക്കാർ നയം. ഉദ്യോഗസ്ഥരെ പിരിച്ചുവി ടാൻ റിട്രഞ്ച്മെന്റ് കമ്മിറ്റിപോലും ഉണ്ടാക്കി. മാന്ദ്യകാലത്ത് മിച്ച

ബഡ്ജറ്റ് ഉണ്ടാക്കുന്നതിൽ സർക്കാർ ഊറ്റംകൊണ്ടു. ഈ മാതൃക പിന്തുടരാൻ നമ്മൾ ഉദ്ദേശിക്കുന്നില്ല.

4. സർ, മാന്ദ്യവിരുദ്ധ ബഡ്ജറ്റിന് പുതിയൊരു മാതൃക സൃഷ്ടിക്കാനാഗ്രഹിക്കുന്നു. ഈ ദുർഘട ഘട്ടത്തിൽ സാധാരണക്കാരായ ജനങ്ങൾക്ക് സംരക്ഷണം നൽകണം. പോര, ഈ ആപത്തിനെ നമുക്കൊരു അവസരമാക്കിമാറ്റണം. ഇതിനാണ് ഈ ബഡ്ജറ്റിലൂടെ പരിശ്രമിക്കുന്നത്. ഈ ലക്ഷ്യം വെച്ചുകൊണ്ട് കേരള സംസ്ഥാന സർക്കാരിന്റെ 2009-10 വർഷത്തേക്കുള്ള ബഡ്ജറ്റ് ഞാൻ അവതരിപ്പിക്കുകയാണ്.

5. ആഗോളമാന്ദ്യം ഏറ്റവും രൂക്ഷമാവുക 2009-10ൽ ആയിരിക്കും. വികസിത രാജ്യങ്ങളുടെ ഉല്പാദനം കേവലമായിത്തന്നെ ഇടിയുവാൻ പോവുകയാണ്. അനിയന്ത്രിതമായ കമ്പോള വ്യവസ്ഥയാണ് ഭാവിയുടെ മാർഗ്ഗമെന്ന നിയോലിബറൽ നിലപാടുകളെ മാന്ദ്യത്തിന്റെ അനുഭവം പൊളിച്ചിരിക്കുന്നു. തകരുന്ന ബാങ്കുകളേയും വ്യവസായ സ്ഥാപനങ്ങളേയും രക്ഷപെടുത്തുന്നതിന് സർക്കാർ ഇടപെടണമെന്ന മുറവിളിയാണ് എല്ലായിടത്തുനിന്നും ഉയരുന്നത്. ഈ സ്ഥാപനങ്ങളെയെല്ലാം രക്ഷിച്ചാൽ ജനങ്ങൾ രക്ഷപ്പെട്ടുകൊള്ളുമെന്ന കാഴ്ചപ്പാട് ശരിയല്ല എന്നും തെളിഞ്ഞിരിക്കുന്നു. വായ്പനൽകാൻ ബാങ്കുകൾക്ക് പണം ഉദാരമായി ലഭ്യമാക്കിയിട്ടും ജനങ്ങൾക്ക് വായ്പ ലഭിക്കാൻ ബുദ്ധിമുട്ട് കൂടുന്നു. കയറ്റുമതിക്കാർക്കും വ്യവസായികൾക്കും നികുതിയിൽ ഇളവുകളും പ്രോത്സാഹനങ്ങളും ലഭിച്ചിട്ടും തൊഴിലില്ലായ്മ പെരുകുന്നു. ജനങ്ങളുടെ ദാരിദ്ര്യം വർധിക്കുന്നു. ഈ പശ്ചാത്തലത്തിൽ സാധാരണക്കാരായ ജനങ്ങളുടെ സംരക്ഷണത്തിന് കൂടുതൽ ഊന്നൽനൽകുന്ന ഒരു സമീപനമാണ് കേരളസർക്കാർ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്.

6. ആഗോളവൽക്കരണം ഒരു പുതിയ സ്ഥിതിവിശേഷം സൃഷ്ടിച്ചിരിക്കുകയാണ്. ഒരു രാജ്യത്തിനുമാത്രമായി മാന്ദ്യത്തിൽനിന്ന് രക്ഷപെടുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കാനാകില്ല. തുറന്ന സമ്പദ്ഘടനകളായതുകൊണ്ട് ഉത്തേജക പാക്കേജുകളുടെ ഊർജ്ജം അതിവേഗത്തിൽ പുറംരാജ്യങ്ങളിലേക്ക് ചോർന്നുപോകും. മാന്ദ്യത്തിനെതിരെയുള്ള കെയിൻസിന്റെ മരുന്ന് ഫലപ്രദ

മാകണമെങ്കിൽ ദേശീയ സമ്പദ്ഘടനകൾ സർക്കാരുകളുടെ വരുതിയിലായിരിക്കണം. ആ നിയന്ത്രണം ഇന്ന് ദുർബലമാണ്. അതുകൊണ്ടാണ് ആഗോളതലത്തിൽ എല്ലാ രാഷ്ട്രങ്ങളുടേയും ഏകോപിച്ചുള്ള പ്രവർത്തനം വേണമെന്ന അഭിപ്രായം പ്രബല മാകുന്നത്.

7. അന്തർദ്ദേശീയ നില ഇതാണെങ്കിൽ ഇന്ത്യപോലുള്ള ഒരു ഫെഡറൽ സംവിധാനത്തിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ഏകോപിച്ചു പ്രവർത്തിക്കേണ്ടതിന്റെ പ്രാധാന്യം വിശദീകരിക്കേ ണ്ടതില്ലല്ലോ. സംസ്ഥാനങ്ങൾ പൂർണമായും തുറന്ന സമ്പദ്ഘടനക ളാണെന്നതാണ് ഇതിനുകാരണം. അതേസമയം, ജനങ്ങൾക്ക് തൊഴിലും വരുമാനവും പെട്ടെന്ന് നൽകാൻ കഴിയുന്ന ചെറുകിട നിർമ്മാണ പ്രവൃത്തികൾ ഫലപ്രദമായി ഏറ്റെടുത്ത് നടപ്പാക്കാൻ കഴിയുക സംസ്ഥാന സർക്കാരുകൾക്കാണ്. എന്നാൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന ഉത്തേജക പാക്കേജുകളിൽ സംസ്ഥാന സർക്കാരുകളെ പൂർണമായി അവഗണിച്ചിരി ക്കുകയാണ്. നടപ്പു ധനകാര്യ വർഷത്തിൽ സംസ്ഥാനങ്ങളുടെ റവന്യൂ വരുമാനത്തിൽ ഉണ്ടാകുന്ന ഇടിവ് കണക്കിലെടുത്ത് സംസ്ഥാന അഭ്യന്തര വരുമാനത്തിന്റെ അര ശതമാനം വായ്പ യെടുക്കാൻ അനുവാദം ലഭിച്ചു. എന്നാൽ 2009-10 വർഷത്തേ ക്കുള്ള ബഡ്ജറ്റിൽ മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ കൂടുതൽ വായ്പ അനുവദിക്കുന്നതിനോ അനുവദനീയമായ കമ്മിയുടെ പരിധി ഉയർത്തുന്നതിനോ കേന്ദ്രസർക്കാർ തയ്യാറായിട്ടില്ല. ഇത് ഈ ബഡ്ജറ്റ് തയ്യാറാക്കുന്നത് അത്യന്തം വിഷമകരമാക്കി ത്തീർത്തു എന്ന് ഞാൻ തുറന്നുപറയട്ടെ. എന്നാലും മാന്ദ്യത്തിനെ തിരെ സുവ്യക്തമായ ഒരു സാമ്പത്തികതന്ത്രത്തിന്റെ അടിസ്ഥാന ത്തിലാണ് ഈ ബഡ്ജറ്റിന് രൂപംനൽകിയിട്ടുള്ളത്.

8. സർ, ഈ ദ്വിമുഖ സാമ്പത്തിക തന്ത്രത്തിന്റെ ഒന്നാമത്തെ അടിസ്ഥാന വശം സാമൂഹ്യ സുരക്ഷിതത്വമാണ്.

   i. തൊഴിലും വരുമാനവും ഇടിയുന്ന കേരളത്തിലെ സാധാരണ ക്കാരെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ സംരക്ഷണം കേന്ദ്രസർക്കാർ തകർത്ത റേഷൻ പുനഃസ്ഥാപിക്കുകയാണ്.

ദാരിദ്ര്യരേഖയ്ക്ക് കീഴിലുള്ള മുഴുവൻ കുടുംബങ്ങൾക്കും രണ്ട് രൂപയ്ക്ക് റേഷനരി ലഭ്യമാക്കും. പട്ടിക വിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ, ആശ്രയ സ്കീമിലെ കുടുംബങ്ങൾ എന്നിവരിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്കും രണ്ടു രൂപയ്ക്ക് റേഷനരി ലഭ്യമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനുപുറമെ മാവേലി സ്റ്റോറുകൾവഴി 14 രൂപയ്ക്ക് യഥേഷ്ടം അരി ലഭ്യമാക്കും. സർ, ഭക്ഷ്യ സബ്സിഡിക്കുവേണ്ടി മാത്രം വിവിധ ഇനങ്ങളിലായി 250 കോടി രൂപ വകയിരുത്തുന്നു.

ii. മിനിമം പെൻഷൻ കഴിഞ്ഞ ബഡ്ജറ്റിൽ 100-120 രൂപയിൽ നിന്ന് പ്രതിമാസം 200 രൂപയായി ഉയർത്തുകയുണ്ടായല്ലോ. പരമ്പരാഗത മേഖലകളെ ഗ്രസിച്ചിരിക്കുന്ന തകർച്ചയുടെ പശ്ചാത്തലത്തിൽ പെൻഷൻ 200 രൂപയിൽനിന്ന് 250 രൂപയായി വർധിപ്പിക്കുന്നു. സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് കീഴിലുള്ള എല്ലാ കുടുംബങ്ങളിലേയും 65 വയസ്സ് കഴിഞ്ഞവർക്ക് ക്ഷേമനിധി അംഗങ്ങളല്ലെങ്കിലും വാർധക്യകാല അലവൻസ് അനുവദിക്കുന്നതാണ്.

iii. ദുർബല വിഭാഗങ്ങൾക്കുള്ള ഭവനവായ്പകൾ ദീർഘനാളായി കുടിശികയായി പണയാധാരം തിരിച്ചെടുക്കാൻ കഴിയാതെ വിഷമിക്കുന്ന 41500-ഓളം കുടുംബങ്ങളുണ്ട്. 1996നു മുമ്പ് ഇത്തരം സ്കീമുകളിൽനിന്നുള്ള വായ്പാകുടിശിക എഴുതിത്തള്ളുന്നു. അവരുടെ ആധാരങ്ങൾ തിരിച്ചുനൽകുന്നതാണ്.

iv. സർക്കാർ വകുപ്പുകൾ, കോർപറേഷനുകൾ, സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും വായ്പ എടുത്ത പട്ടികജാതി പട്ടിക വർഗക്കാർ, പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങൾ എന്നിവരുടെ പലിശയും പിഴപ്പലിശയും 25000 രൂപ വരെയുള്ള മുതൽ സംഖ്യയും എഴുതിത്തള്ളുന്നതാണ്. ഇതിനാവശ്യമായ തുക നിലവിലുള്ള കോർപസ് ഫണ്ടിൽനിന്നും കണ്ടെത്തും.

9. സർ, സാമ്പത്തിക തന്ത്രത്തിലെ രണ്ടാമത്തെ അടിസ്ഥാനവശം തൊഴിലും വരുമാനവും ഉല്പാദനവും വർധിപ്പിക്കാനുതകുന്ന പൊതു നിക്ഷേപമാണ്.

i. 10000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിക്കുന്നു. ഇത് ഇപ്പോൾ പ്രഖ്യാപിച്ച ക്ഷേമച്ചെലവുകൾക്കു പുറമെയാണ്. സർക്കാരും അർദ്ധസർക്കാർ സ്ഥാപനങ്ങളും നേരിട്ട് പശ്ചാത്തല സൗകര്യങ്ങളുടെ നിർമാണത്തിനു മുടക്കുന്ന പണവും വായ്പകളും മാത്രമേ ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. 2009-10ൽ പദ്ധതിയിലും പദ്ധതിക്ക് പുറത്തുമായി പുതുതായി ഭരണാനുമതി നൽകുന്ന 5000 കോടി രൂപയുടെ കുടിവെള്ള-ജലസേചന-മരാമത്ത് പണികളാണ് ഇതിൽ ഏറ്റവും പ്രധാനം. ഇ.എം.എസ്. പാർപ്പിട പദ്ധതി, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യവസായം-ഐ.ടി.- ടൂറിസം പ്രോത്സാഹന ഏജൻസികൾ, കെ.എഫ്.സി, റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ, ഭവനനിർമ്മാണ ബോർഡ് പോലുള്ള അർധസർക്കാർ സ്ഥാപനങ്ങളുടെ നേരിട്ടുള്ള മുതൽമുടക്കും ചേർത്ത് മറ്റൊരു 5000 കോടി രൂപയുടെ നിക്ഷപവുമുണ്ടാകും.

ii. ഇപ്പോൾ പറഞ്ഞ പൊതുമൂലധന നിക്ഷേപത്തിൽ വാർഷിക പദ്ധതിയിൽ പുതുതായി ആരംഭിക്കുന്ന നിർമാണ പ്രവൃത്തികളും ഉൾപ്പെടും. കെ.എസ്.ടി.പി. രണ്ടാംഘട്ടം, ജലനിധി രണ്ടാംഘട്ടം തുടങ്ങിയവ ഉൾപ്പെടുത്താതെതന്നെ പദ്ധതിയടങ്കൽ 8660 കോടി രൂപവരും. ഇവകൂടി ഉൾപ്പെടുത്തുകയും നിലവിലുള്ള വിദേശ സഹായ സ്കീമുകളും കേന്ദ്രാവിഷ്കൃത സ്കീമുകളും ഫലപ്രദമായി നടപ്പാക്കുകയും ചെയ്യുകയാണെങ്കിൽ പദ്ധതിച്ചെലവ് 2009-10 ൽ അഞ്ചക്ക സംഖ്യയിലേക്ക് ഉയർത്താനാകും.

iii. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും വൈവിധ്യവൽക്കരണത്തിനുമായി 800 കോടി രൂപയുടെ നിക്ഷേപവും 1300 കോടിരൂപയുടെ കേന്ദ്ര-സംസ്ഥാന സർക്കാർ സംയുക്തസംരംഭങ്ങൾ, 2000 കോടി

രൂപയുടെ കേന്ദ്ര പൊതുമേഖലാ നിക്ഷേപം, എന്നിങ്ങനെ വ്യവസായ മേഖലയിലെ പൊതുനിക്ഷേപം 4000 ൽപ്പരം കോടി രൂപയുടേതാണ്.

iv. പശ്ചാത്തല സൗകര്യ പാക്കേജുകളിൽ ഒരുഭാഗം സ്വകാര്യ സംരംഭകരുമായി സംയുക്തമായിട്ടോ കൂടുതൽ സ്വകാര്യനിക്ഷേപം ഉറപ്പുവരുത്തുന്ന രീതിയിലോ ആണ് വിഭാവനം ചെയ്തിരിക്കുന്നത്. കെ.എസ്.ഐ.ഡി.സി, കിൻഫ്ര, ഐ.ടി. ഇൻഫ്രാസ്ട്രക്ടർ കമ്പനി, ഹൗസിങ്ങ് ബോർഡ് എന്നിവയുമായി ബന്ധപ്പെട്ട് 10000 കോടിരൂപയുടെ സ്വകാര്യ നിക്ഷേപമാണ് ലക്ഷ്യമിടുന്നത്. ഇതിൽ 5000 കോടി രൂപയുടേയെങ്കിലും പദ്ധതികൾ ഒരു വർഷത്തിനുള്ളിൽ ആരംഭിക്കും.

v. 2009-10ൽ 20000 കോടി രൂപയുടെ സ്വകാര്യ നിക്ഷേപ പദ്ധതികൾക്ക് അനുമതി നൽകും.

രണ്ടുവർഷംകൊണ്ട് കേരളം നടപ്പാക്കുന്ന 10000 കോടി രൂപയുടെ ഉത്തേജകപാക്കേജ് സംസ്ഥാന അഭ്യന്തര വരുമാനത്തിന്റെ 5 ശതമാനം വരും. ഇന്ത്യാസർക്കാരിന്റെ 20000 കോടിയുടെ ഉത്തേജക പാക്കേജാകട്ടെ ദേശീയ വരുമാനത്തിന്റെ 0.5 ശതമാനത്തിൽ താഴയേ വരികയുള്ളൂ.

10. സർ, 1500 കോടി രൂപയുടെ മലബാർ പാക്കേജ് പ്രഖ്യാപിക്കുന്നു. ഉത്തര മലബാറിൽ ഉണ്ടാകാൻ പോകുന്ന വ്യവസായ നിക്ഷേപത്തെ ഇതിൽ പരിഗണിച്ചിട്ടില്ല സർക്കാർ നേരിട്ട് നടത്തുന്ന പശ്ചാത്തല സ്വകാര്യ നിക്ഷേപം മാത്രമേ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. 274 കോടി രൂപയുടെ 98 പാലങ്ങളും 151 കോടിരൂപയുടെ 108 കെട്ടിടങ്ങളും 344 കോടി രൂപയുടെ 205 റോഡുകളും ഇതിൽ പെടും. കെ.എസ്.റ്റി.പി. രണ്ടാം ഘട്ടം ഇതിന് പുറമെയാണ്. 1957 ലെ സർക്കാരാണ് മലബാറിന്റെ പിന്നോക്കാവസ്ഥ ദൂരീകരിക്കുന്നതിന് നിർണ്ണായക നടപടി സ്വീകരിച്ചത്. മലബാർ പാക്കേജിൽ ഏറ്റവും മുഖ്യം ടൂറിസം കേന്ദ്രങ്ങളുടെ വികസനമാണ്. കണ്ണൂർ വിമാനത്താവളം, ബേപ്പൂർ-അഴീക്കൽ, തുറമുഖങ്ങൾ എന്നിവയ്ക്ക് പ്രമുഖ സ്ഥാനം

നൽകിയിരിക്കുന്നു. മലബാറിലെ എല്ലാ റെഗുലേറ്ററുകളും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും പുനരുദ്ധരിക്കുന്നത് കാർഷിക വികസനത്തെ ത്വരിതപ്പെടുത്തും. ഏതാണ്ട് എല്ലാ വികസന മേഖലകളിലും മലബാറിന് പ്രത്യേക പരിഗണന നൽകിയിട്ടുണ്ടെന്ന് എന്റെ തുടർന്നുള്ള പ്രസംഗത്തിൽ നിന്നും ബോദ്ധ്യപ്പെടും

11. സർ, 2008-09 വർഷത്തിലെ സർക്കാർ വരവ് ചെലവുകളുടെ പുതുക്കിയ മതിപ്പു കണക്കുകൾ ബഡ്ജറ്റ് രേഖകളിലുണ്ട്. ഒരുകാര്യം വ്യക്തമാണ്. ഒന്നാമത്തെ ബഡ്ജറ്റ് അവതരിപ്പിച്ചു കൊണ്ട് ഈ സഭയിൽ ഞാൻ നടത്തിയ സാമ്പത്തിക ലക്ഷ്യങ്ങളിലേക്കുതന്നെയാണ് ധനസ്ഥിതി നീങ്ങിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്തിന്റെ വരുമാനവും ചെലവും തമ്മിലുള്ള അസന്തുലിതാവസ്ഥ കുറയുകയാണ്. കഴിഞ്ഞ ബഡ്ജറ്റ് ചർച്ചാവേളയിൽ പല അംഗങ്ങളും 2007-08ലെ റവന്യൂകമ്മി 2.3 ശതമാനമായി ഉയർന്നതിനെക്കുറിച്ച് ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി. 2008-09 പുതുക്കിയ കണക്കുപ്രകാരം കമ്മി ബജറ്റ് മതിപ്പു കണക്കിൽനിന്ന് അധികരിച്ചിട്ടില്ലെന്നു കാണാം. 2009-10 വർഷത്തെ മതിപ്പു കണക്കുപ്രകാരമാകട്ടെ റവന്യൂകമ്മി 2.04 ആയി കുറഞ്ഞിരിക്കുകയാണ്.

12. ഈ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞതിൽ സർക്കാർ വരുമാനത്തിലുണ്ടായ വർധന ഏറ്റവും സുപ്രധാന ഘടകമാണ്. ഏറ്റവും ശ്രദ്ധേയമായ വർധനയുണ്ടായിട്ടുള്ളത് വാണിജ്യനികുതിയിലാണ്. 2007-08ൽ 11 ശതമാനമായിരുന്നു വാണിജ്യനികുതിവരുമാന വർധനവ്. നടപ്പുവർഷത്തിൽ മാന്ദ്യമുണ്ടായിട്ടുപോലും 23 ശതമാനം ഉയർന്നിട്ടുണ്ട്. പരിഷ്ക്കാരങ്ങളുടേയും അവ ശുഷ്ക്കാന്തിയോടെ നടപ്പാക്കിയ ഉദ്യോഗസ്ഥരുടേയും നേട്ടമാണിത്. എക്സൈസ്, രജിസ്ട്രേഷൻ, മോട്ടോർ വെഹിക്കിൾസ് തുടങ്ങിയ ഇനങ്ങളിലെ നികുതികളിലും മാന്ദ്യമാസങ്ങൾ മാറ്റിനിർത്തിയാൽ ശ്രദ്ധേയമായ പുരോഗതി കൈവരിക്കുകയുണ്ടായി. സർ, ജീവനക്കാരെ അഭിനന്ദിക്കുന്നതിൽ സഭയും എന്നോടൊപ്പം പങ്കുചേരും എന്നു പ്രതീക്ഷിക്കട്ടെ.

13. 2010-11ൽ റവന്യൂകമ്മി ഇല്ലാതാക്കുമെന്നും മൂലധനച്ചെലവ് ഗണ്യമായി ഉയർത്തുമെന്നുമാണ് പ്രസ്താവിച്ചിരുന്നത്. ആഗോളമാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ ഈ ലക്ഷ്യങ്ങളിൽ ചില ഭേദഗതികൾ

വരുത്തുകയാണ്. മാന്ദ്യവിരുദ്ധ നടപടിയെന്ന നിലയിൽ 2009-10 ൽ തന്നെ മൂലധന നിക്ഷേപം ഗണ്യമായി ഉയർത്തുകയാണ്. റവന്യൂ ചെലവിനല്ലെങ്കിൽ കടം വാങ്ങുന്നതിന് പരിധി വെക്കേണ്ട കാര്യമില്ല. എന്നാൽ കേന്ദ്രസർക്കാർ ധനകമ്മി മൂന്നുശതമാനം ആയിരിക്കണം എന്നു നിർബന്ധിക്കുന്നതുകൊണ്ടാണ് സംസ്ഥാന സർക്കാർ നേരിട്ടുവായ്പയെടുക്കാതെ അർധസർക്കാർ സ്ഥാപന ങ്ങൾവഴി അത്യന്താപേക്ഷിതമായ മൂലധനച്ചെലവുകൾക്കായി വായ്പയെടുക്കുന്നത്.

14. റവന്യൂകമ്മി ഇല്ലാതാക്കുന്നതിനുള്ള കാലപരിധി നീട്ടുവാൻ ഉദ്ദേശി ക്കുന്നില്ല. സർ, കാൽ നൂറ്റാണ്ടിനുശേഷം അടുത്തവർഷം ഈ നിയമസഭയിൽ ഒരു റവന്യൂ മിച്ച ബജറ്റ് അവതരിപ്പിക്കാനാകുമെ ന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. പതിമൂന്നാം ധനകാര്യകമ്മീഷന്റെ തീർപ്പ് സംസ്ഥാനത്തിന് കൂടുതൽ അനുകൂലമാകും എന്നാണ് കരുതുന്നത്. ഇതിനാവശ്യമായ മുന്നൊരുക്കങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ മുതൽ ലക്ഷ്യബോധത്തോടെ നടപ്പാ ക്കിയിരുന്നു. റവന്യൂകമ്മി ഇല്ലാതാക്കുന്നതിനുള്ള ഭാരത്തിന്റെ ഒരു ഭാഗം കേന്ദ്രസർക്കാർ വഹിച്ചേപറ്റൂ. സംസ്ഥാനത്തിനുള്ള കേന്ദ്രസ ഹായം വർധിപ്പിക്കണം. പന്ത്രണ്ടാം ധനകാര്യകമ്മീഷൻ കേരള ത്തോടുകാണിച്ച അനീതി തിരുത്തപ്പെട്ടാൽ കേരളത്തിന്റെ റവന്യൂ കമ്മി സ്വാഭാവികമായിത്തന്നെ ഇല്ലാതാകും. ഈ അടിസ്ഥാന ത്തിൽ ധനഉത്തരവാദിത്ത നിയമം അടുത്ത നിയമസഭാ സമ്മേളന ത്തിൽ ഭേദഗതിചെയ്യും.

## ഭാഗം രണ്ട്

## ഭക്ഷ്യസുരക്ഷാ പരിപാടി

15. ആഗോള മാന്ദ്യത്തിന്റെ പശ്ചാത്തലത്തിലും ധാന്യവില താരതമ്യേന ഉയർന്നുനിൽക്കുന്നു എന്നത് അത്യന്തം ആശങ്ക ഉയർത്തുന്നു. കേന്ദ്രസർക്കാരിന്റെ ആഗോളവൽക്കരണ നയങ്ങൾ കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തെ തകർത്തു. ഭക്ഷ്യ ഉല്പാദനം പരമാവധി വർധിപ്പിക്കേണ്ടത് ഈ സാഹചര്യത്തിൽ അതിപ്രധാന

മാണ്. ഭക്ഷ്യസുരക്ഷാ പരിപാടിയുടെ ഒരുവർഷത്തെ പ്രവർത്തന നേട്ടങ്ങൾ ഏറെ ആത്മവിശ്വാസം പകരുന്നതാണ്. 2008-09ൽ 12926 ഹെക്ടർ സ്ഥലത്ത് പുതുതായി കൃഷിയിറക്കി. നെല്ലിന്റെ ഉല്പാദനക്ഷമതയിലും വർധനയുണ്ടായി.

**നെൽകൃഷി**

16. കഴിഞ്ഞവർഷത്തിൽനിന്നും വ്യത്യസ്തമായി ഭക്ഷ്യസുരക്ഷാപരിപാടി എന്ന ബഡ്ജറ്റ് ഹെഡിൽ 64കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഊന്നൽ നെൽകൃഷിക്കുതന്നെയാണ്. വിത്തുമുതൽ സംഭരണംവരെ എല്ലാ ഘട്ടങ്ങളെയും പരിഗണിച്ചിട്ടുള്ള ഒരു പാക്കേജാണ് തയ്യാറാക്കിയിട്ടുള്ളത്. തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് ദേശീയ തൊഴിലുറപ്പുപദ്ധതി, വിത്ത്, വളം, പമ്പിംഗ് തുടങ്ങിയവയ്ക്ക് സബ്സിഡികൾ, വായ്പയ്ക്ക് പലിശ സബ്സിഡി, ക്രോപ് ഇൻഷുറൻസ്, കേന്ദ്ര സർക്കാർ നിരക്കിനേക്കാൾ 2 രൂപ അധികം നൽകിക്കൊണ്ടുള്ള സംഭരണം തുടങ്ങിയവ അടങ്ങുന്നതാണ് ഈ പാക്കേജ്. നെൽകൃഷിക്കുള്ള വകയിരുത്തൽ 2008-09ൽ 20 കോടി രൂപയായിരുന്നത് 2009-10 ൽ 56 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. ഇതിനുപുറമെ രാഷ്ട്രീയ കൃഷിവികാസ് യോജനയിൽനിന്ന് 30 കോടി രൂപയെങ്കിലും അധികമായി ലഭിക്കും.

17. തൃശൂർ കോൾ, പൊന്നാനി കോൾ, കോഴിക്കോട് മേപ്പയ്യൂർ, കണ്ണൂർ കാട്ടാമ്പള്ളി, വയനാട് കബനി, എറണാകുളം പൊക്കാളി എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് 125 കോടി രൂപ ചെലവു വരുമെന്ന് കണക്കാക്കുന്നു. ഇവയ്ക്ക് ഭരണാനുമതി നൽകുന്നതിനായി 20 കോടി രൂപ വകയിരുത്തുന്നു. ഇത് 20000 ഹെക്ടർ ഭൂമിയിൽ അധികമായി നെൽകൃഷിക്ക് വഴിയൊരുക്കും.

**പച്ചക്കറി**

18. പച്ചക്കറിയുടെ തറവില, പൊതുവിപണനം എന്നിവയ്ക്ക് മാതൃകാപരമായ പരിപാടികൾ കഞ്ഞിക്കുഴി പോലുള്ള പഞ്ചായത്തുകൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. മാരാരിക്കുളം വടക്ക് പഞ്ചായത്തും ഹോർട്ടികൾച്ചർ കോർപ്പറേഷനും സംയുക്തമായി ആവിഷ്ക്കരിച്ച വിപണന പരിപാടി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന്

5 കോടി രൂപ റിവോൾവിംഗ് ഫണ്ടായി ഹോർട്ടി കൾച്ചറൽ കോർപ്പറേഷന് നൽകുന്നു. പച്ചക്കറി കൃഷി തുടങ്ങുമ്പോൾതന്നെ നിശ്ചിതവിലയ്ക്ക് ഉല്പന്നങ്ങൾ വാങ്ങുന്നതിന് ഹോർട്ടികൾച്ചറൽ കോർപ്പറേഷൻ പഞ്ചായത്തുകളുമായി കരാറുണ്ടാക്കും. കോർപ്പറേഷൻ ഇത് കയറ്റുമതിക്കാർക്കോ മൊത്തക്കച്ചവട ക്കാർക്കോ ഫോർവേഡ് കോൺട്രാക്ടായി നൽകും.

19. കാർഷിക കടാശ്വാസ കമ്മീഷന് ലഭിച്ചിട്ടുള്ള വ്യക്തിഗത അപേക്ഷ കളിന്മേൽ തീരുമാനമുണ്ടാകുന്ന മുറയ്ക്ക് പണം അനുവദിക്കു ന്നതാണ്. കാർഷിക കടാശ്വാസത്തിനായി 25 കോടി രൂപ വകയിരു ത്തുന്നു.

**നാളികേരം**

20. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിലെ രോഗബാ ധിതമായ മുഴുവൻ തെങ്ങുകളും വെട്ടിമാറ്റി റീപ്ലാന്റ് ചെയ്യുന്നതിന് 500 കോടി രൂപയുടെ പദ്ധതി നാളികേര വികസന ബോർഡുമായി ചേർന്ന് നടപ്പാക്കുന്നതാണ്. മൂന്നുവർഷംകൊണ്ടാണ് ഇത് പൂർത്തീ കരിക്കുക. സംസ്ഥാനവിഹിതമായി ഇപ്പോൾ 10 കോടി രൂപ വകയി രുത്തുന്നു. നാളികേര വികസന പദ്ധതിക്കുവേണ്ടി 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നാണ്യവിളകൾക്ക് വിലസ്ഥിരതാഫണ്ടിനും കമ്മോഡിറ്റി സേഫ്റ്റിനെറ്റിനു മായി 13.5 കോടി രൂപ വകയിരുത്തു ന്നു. തേങ്ങയുടെ സംഭരണം കൂടുതൽ ഫലപ്രദമാക്കുന്നതിനു വേണ്ടി ഇതിലൊരുഭാഗം ഉപയോഗപ്പെടുത്തും.

21. കേരഫെഡിനെ വിപുലീകരിക്കുകയും വൈവിധ്യവൽക്കരിക്കു കയും ചെയ്യും. ഇതിന്റെ ഭാഗമായി സർക്കാരിനു ലഭിക്കേണ്ട പലിശയായ 36.8 കോടി രൂപ എഴുതിത്തള്ളുന്നു. വായ്പയായ 25.9 കോടി രൂപ ഓഹരി മൂലധനമാക്കിമാറ്റുന്നു. കേരഫെഡ് തടി സംസ്കരണത്തിനുള്ള ഫാക്ടറി സ്ഥാപിക്കുന്നതാണ്. ഇതിനാവ ശ്യമായ വായ്പ കെ.എഫ്.സിയിൽനിന്ന് ലഭ്യമാക്കും.

**ഇടുക്കി പാക്കേജ്**

22. എല്ലാ നാണ്യവിളകളുടേയും വികസനപരിപാടികൾ ബന്ധപ്പെട്ട കമ്മോഡിറ്റി ബോർഡുകളാണ് തീരുമാനിക്കുന്നത്. മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ ചിരകാല വിളകളുടെ റീപ്ലാന്റിംഗി

നുള്ള സബ്സിഡി കൂട്ടണമെന്നും കൂടുതൽ സ്ഥലത്ത് റീപ്ലാന്റിംഗ് നടത്തണമെന്നും നാം ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച കൂടിയാലോചനകൾ നടന്നുവരുന്നു. കേന്ദ്ര വിലസ്ഥി രതാഫണ്ട് അഴിച്ചുപണിതേ തീരൂ. ഇടുക്കി പാക്കേജിന്റെ ഭാഗമാ യുള്ള 250 കോടി രൂപയുടെ ഏലം വിലസ്ഥിരതാഫണ്ട് ആവിഷ്ക്ക രിക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുക്കണം. ഇടുക്കി പാക്കേജിൽ 401 കോടി രൂപയുടെ പരിപാടികൾക്കാണ് ഇപ്പോൾ അംഗീകാരം ലഭിച്ചിരിക്കുന്നത്. ഇതിലെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതമായി 10 കോടി രൂപ വകയിരുത്തുന്നു. ബാക്കി ആവശ്യാനുസൃതം ലഭ്യമാക്കും.

**ജലസേചനം**

23. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെയും റെഗുലേറ്ററുകളുടെയും തകർച്ചയാണ് നെൽകൃഷിയുടെ വിള വിസ്തൃതി വർധിപ്പിക്കുന്ന തിനുള്ള ഒരു മുഖ്യതടസ്സം. ഇവയിൽ മലബാർ തൃശൂർ ജില്ലകളി ലായി 20 കോടി രൂപ ചെലവിൽ 177 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കൾ പുനരുദ്ധരിക്കുന്നതിന് അനുമതി നൽകുകയാണ്. എറണാകുളം ജില്ലയിലെ 133 ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ടു കൾക്ക് 12.5 കോടി രൂപ ചെലവുവരും. മലബാറിലെ റെഗുലേറ്ററുകൾ വി.സി.ബി, ചെക് ഡാമുകൾ ഇവ പുനരുദ്ധരിക്കു ന്നതിന് 11 കോടി രൂപ ചെലവുവരും. കുറ്റ്യാടി പദ്ധതിയുടെ പുനരുദ്ധാരണത്തിന് 50 കോടിരൂപയും വേണ്ടിവരും. ഈ സ്കീമു കൾക്കായി 66 കോടി രൂപ വകയിരുത്തുന്നു.

24. വൻകിട-ഇടത്തരം ജലസേചന പദ്ധതികൾക്ക് 134 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കനാൽ ജലസേചനം കേരളത്തിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമല്ല എന്ന് തെളിഞ്ഞിട്ടു ള്ളതാണ്. നിലവിലുള്ള പദ്ധതികൾ ചെയ്തിടത്തോളംവെച്ച് എത്ര യുംപെട്ടെന്ന് അവസാനിപ്പിക്കുന്നതിന് എല്ലാവർഷവും തീരുമാനി ക്കുമെങ്കിലും കാര്യങ്ങൾ അനന്തമായി നീണ്ടുപോവുകയാണ്. ഈ സ്ഥിതിവിശേഷത്തെക്കുറിച്ച് ഒരു പുനർവിചിന്തിനം അടിയന്തിര മായിരിക്കുന്നു. എ.ഐ.ബി.പിക്ക് 40 കോടി രൂപ സംസ്ഥാനവിഹി തമായി വകയിരുത്തുന്നു. ചെറുകിട ജലസേചനത്തിന് 68 കോടി

രൂപയും കടൽഭിത്തി നിർമ്മാണത്തിന് 44 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്.

25. മലപ്പുറത്തിന്റെ ചിരകാല സ്വപ്നമായിരുന്ന ചമ്രവട്ടം പദ്ധതിയുടെ എല്ലാ നടപടിക്രമങ്ങളും പൂർത്തിയായിട്ടുണ്ട്. ഇതിലേക്ക് 40 കോടി രൂപ വകയിരുത്തുന്നു. ചിറ്റുമല ചിറ പദ്ധതിക്ക് 5 കോടി രൂപയും വകയിരുത്തുന്നു.

## കുട്ടനാട് പാക്കേജ്

26. കുട്ടനാട്, ഇടുക്കി പാക്കേജുകൾ സമയബന്ധിതമായി നടപ്പാക്കാത്തത് വ്യാപകമായ ഉത്ക്കണ്ഠ ഉണ്ടാക്കിയിട്ടുണ്ട്. ഈ പാക്കേജുകളിൽ സംസ്ഥാന സർക്കാരിന്റെ ചുമതലയിലുള്ള സ്കീമുകൾ നടപ്പാക്കിത്തുടങ്ങിക്കഴിഞ്ഞു. കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിനുള്ള കാലതാമസമാണ് മുഖ്യവിഷയം. ഏതായാലും ഓരോ കാരണങ്ങൾ പറഞ്ഞ് നിർമാണ പ്രവർത്തനങ്ങൾ അനന്തമായി നീണ്ടുപോകാൻപാടില്ല. ചില സുപ്രധാന പ്രോജക്ടുകൾ സംസ്ഥാന സർക്കാർ സ്വമേധയാ ആരംഭിക്കാൻ തിരുമാനിച്ചിരിക്കുന്നു. സി.ഡി.ബ്ലോക്ക്, റാണി - ചിത്തിര കായൽ പാടശേഖരങ്ങളുടെ സ്ഥിരം പുറംബണ്ട് നിർമ്മാണത്തിന് 10 കോടി രൂപ വകയിരുത്തുന്നു. എ.സി.കനാലിന്റെ പുനരുദ്ധാരണത്തിന് 15 കോടി രൂപ വകയിരുത്തുന്നു. വൈക്കത്തെ കരിയാർമുട്ട് സ്ഥിരം ബണ്ടാക്കുന്നതിന് 5 കോടി രൂപ വകയിരുത്തുന്നു. ഈ മൂന്ന് നിർമാണ പ്രവൃത്തികൾക്ക് 142 കോടി രൂപ ചെലവുവരും. തണ്ണീർമുക്കം ബണ്ട് അടച്ചിടുന്ന സമയം പരമാവധി കുറയ്ക്കാൻ ഉതകുന്ന രീതിയിൽ ശാസ്ത്രീയമായ ഒരു കാർഷിക കലണ്ടറിന് രൂപംനൽകുന്നതിന് ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുന്നതാണ്. ചെന്നൈ ഐ.ഐ.ടിയുടെ റിപ്പോർട്ട് ലഭിച്ചാലുടൻ തണ്ണീർമുക്കം ബണ്ട് പൂർണമായും ഷട്ടറുകളുടെ അടിസ്ഥാനത്തിൽ പുനരുദ്ധരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## മൃഗസംരക്ഷണവും ഡയറിയും

27. 2006-07 ൽ മൃഗസംരക്ഷണ മേഖലയ്ക്കുള്ള വകയിരുത്തൽ 34.9 കോടി രൂപയായിരുന്നു. ഇത് 74.16 കോടി രൂപയായി ഉയർത്തിയിരിക്കുന്നു. ക്ഷീരകൃഷിക്കാർ നേരിടുന്ന ഏറ്റവും ഗൗരവമായ വെല്ലുവിളി കാലിത്തീറ്റയുടെ വിലവർധനയും വൈക്കോലിന്റെയും

പുല്ലിന്റെയും ലഭ്യതക്കുറവുമാണ്. തീറ്റപ്പുൽകൃഷിക്കുവേണ്ടി രണ്ടു കോടി രൂപ നീക്കിവെക്കുന്നു. കരുനാഗപ്പള്ളിയിൽ പുതിയൊരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിന് അനുവാദം നൽകിക്കഴിഞ്ഞു.

28. സർ, കേരളത്തിലെ ക്ഷീര കൃഷിക്കാരുടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യം നടപ്പിലാക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. പാൽ സൊസൈറ്റികൾവഴി നൽകുന്ന കാലിത്തീറ്റയ്ക്ക് കിലോയ്ക്ക് 50 പൈസവീതം സബ്സിഡി നൽകുന്നതാണ്.

**മത്സ്യബന്ധനം**

29. മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സർവ്വതല സ്പർശിയായ വികസന പദ്ധതികൾക്ക് 3000 കോടി രൂപ ചെലവഴിക്കുമെന്ന് പറഞ്ഞപ്പോൾ അസാധ്യമെന്നുപറഞ്ഞവർക്കിപ്പോൾ മിണ്ടാട്ടമില്ല. ഫിഷിംഗ് ഹാർബറുകൾ, പാലങ്ങൾ, തീരദേശ ഹൈവേ, സ്കൂൾ കെട്ടിടങ്ങളുടേയും ആശുപത്രികളുടേയും നവീകരണം, സമ്പൂർണ പാർപ്പിട പരിപാടി, കുടിവെള്ള പദ്ധതികൾ, എന്നീ നിർമ്മാണ പ്രവൃത്തികൾ തീരദേശത്തിന്റെ മുഖഛായ മാറ്റുകയാണ്.

30. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രാവർത്തികമാവുകയാണ്. സുനാമി പ്രദേശങ്ങളിലെ കടാശ്വാസത്തിന്റെ തുക ആ സ്കീമിൽനിന്ന് കണ്ടെത്തും. കടാശ്വാസ പദ്ധതിക്കായി 10കോടി രൂപ ഇപ്പോൾ വകയിരുത്തുന്നു. കമ്മീഷന്റെ അവാർഡ് വരുന്നമുറയ്ക്ക് കൂടുതൽ തുക ലഭ്യമാക്കും. സ്വകാര്യ പണമിടപാടുകാരാണ് ഇന്നും മത്സ്യമേഖല യിലെ ഒരു സുപ്രധാന വായ്പാസ്രോതസ്സ്. ഇവരുടെ വായ്പകൾ പരിശോധിച്ച് ഒരു നിശ്ചിത അളവ് തിരിച്ചടവ് കഴിഞ്ഞ വായ്പകൾ എഴുതിത്തള്ളുന്നതിന് കമ്മീഷന് അധികാരം ഉണ്ട്. ഇതിനോടൊപ്പം ക്ഷേമസംഘങ്ങളുടെ പുനഃസംഘടനയ്ക്ക് ഒരു പാക്കേജ് നടപ്പിലാ ക്കുന്നതാണ്.

31. കാർഷിക മേഖലയിൽ ഭൂപരിഷ്ക്കരണംപോലെ മത്സ്യത്തൊഴിലാ ളികൾക്ക് ഏറ്റവും സുപ്രധാനമായ നടപടിയാണ് അക്വേറിയൻ റിഫോംസ്. ഇതിനായുള്ള നിയമം തയ്യാറായിക്കഴിഞ്ഞു.

മത്സ്യത്തൊഴിലാളി സമൂഹത്തിൽനിന്നല്ലാതെ തീരമത്സ്യ ബന്ധനത്തിന് പുതുതായി ഉരുക്കൾക്ക് ലൈസൻസ് നൽകില്ല. നിലവിലുള്ള ലൈസൻസുകൾ നിശ്ചിത കാലാവധിവരെമാത്രമേ പ്രവർത്തിക്കാൻ അനുവദിക്കൂ. തീരക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം മത്സ്യത്തൊഴിലാളി സമൂഹത്തിൽ നിക്ഷിപ്തമാകുന്നതോടെ അനുയോജ്യമായ പ്രജനന പരിപാലന പരിപാടികൾ നടപ്പാക്കാനാകും. ആദ്യവിൽപ്പനാവകാശം മത്സ്യത്തൊഴിലാളിക്കായിരിക്കും. തീരദേശത്ത് ഈ വിപ്ലവത്തിന്റെ ശംഖനാദം മുഴങ്ങിക്കഴിഞ്ഞു.

32. സുനാമി പദ്ധതികൾക്ക് പുറമെ കഴിഞ്ഞവർഷം ഈ മേഖലയിൽ 50 കോടി രൂപ വകയിരുത്തിയിരുന്നു. 2009-10ൽ ഇത് 70 കോടി രൂപയായി ഉയർത്തുന്നു. മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ അപകടങ്ങളിൽനിന്നും പ്രകൃതി ദുരന്തങ്ങളിൽനിന്നും രക്ഷിക്കുന്നതിനുള്ള സമഗ്ര കടൽ സുരക്ഷാ പദ്ധതി നടപ്പിലാക്കും. സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളി കുട്ടികൾക്ക് എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്കെന്നപോലെ ആനുകൂല്യം നൽകുന്നതാണ്.

33. മത്സ്യമേഖലയിലെ പ്രധാനപ്പെട്ട മറ്റൊരു ഇടപെടലാണ് തീരദേശ വികസന കോർപ്പറേഷൻ. കോർപ്പറേഷന് ഓഹരിമൂലധനമായി 15 കോടി രൂപ അനുവദിക്കുന്നു. കോർപ്പറേഷൻ വായ്പയെടുത്ത് 10 ഫിഷിംഗ് ഹാർബറുകളുടെ നിർമാണം ആരംഭിക്കും. ചെറുവത്തൂർ, ചേറ്റുവ, പരപ്പനങ്ങാടി, താനൂർ, വെള്ളയിൽ, മഞ്ചേശ്വരം, വർക്കല, വലിയതുറ, ചെല്ലാനം രണ്ടാംഘട്ടം, അർത്തുങ്കൽ രണ്ടാം ഘട്ടം, എന്നിവയാണ് ഈ തുറമുഖങ്ങൾ. അതുപോലെ 18 കോടി രൂപയുടെ പെരുമാതുറ പാലവും 28 കോടി രൂപയുടെ തിരൂർപ്പുഴയിലെ നായർത്തോട് പാലവും തീരദേശ വികസന കോർപ്പറേഷൻ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. ഇവയുടെ നിർമ്മാണത്തിന് 150 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇവയ്ക്ക് സംസ്ഥാന സർക്കാർ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് നൽകുന്നതാണ്. ഇതിനായി ഇപ്പോൾ 5 കോടി രൂപ വകയിരുത്തുന്നു. പൂർണമായി സംസ്ഥാന ബഡ്ജറ്റിൽനിന്ന് നടപ്പാക്കിവരുന്ന ചെത്തി തുറമുഖത്തിന് 3 കോടി രൂപ വകയിരുത്തുന്നു.

34. ഓരി , കാഞ്ഞങ്ങാട്, കിഴുന്നപ്പാറ, മുഴപ്പിലങ്ങാട്, ചേക്കുപാലം, ഏഴോം, അഴിത്തല, പെരുവണ്ണ, കൈപ്പമംഗലം, തേവര, ചാപ്പക്കടവ്, മാളികമുക്ക്, പത്തിയൻകര, അരൂർ, അരൂക്കുറ്റി, പെരുമ്പളം, മുട്ടത്തുമണ്ണേൽ, തണ്ണീർമുക്കം, പൊഴിയൂർ എന്നിവിടങ്ങളിൽ തീരദേശ വികസന കോർപ്പറേഷൻ ഫിഷ് ലാന്റിംഗ് സെന്ററുകൾ പണിയുന്നതാണ്. പണിപൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന മുഹമ്മ, സാമ്പ്രാണിക്കോട്, ബേക്കൽ പദ്ധതികൾക്ക് 1 കോടി രൂപ വകയിരുത്തുന്നു.

35. ആഗോള മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യമേഖലയിൽ മത്സ്യസംസ്കരണവും ആഭ്യന്തര വിപണനവുമായി ബന്ധപ്പെട്ട് ഉപതൊഴിലുകൾ സൃഷ്ടിക്കുന്നതിനുള്ള പ്രത്യേക പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മത്സ്യകേരളം പരിപാടിക്ക് 1.50 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഹാച്ചറികൾക്കും മറ്റുംവേണ്ടിവരുന്ന പണം ഇതിനുപുറമെയാണ്. പനങ്ങാട് ഫിഷറീസ് കോളേജിന് പ്രത്യേക ഒറ്റത്തവണ ഗ്രാന്റായി 1 കോടി രൂപ അനുവദിക്കുന്നു. തണ്ണീർമുക്കം സമ്പൂർണ്ണ മത്സ്യഗ്രാമ പദ്ധതിയുടെ ഭാഗമായി ആധുനിക മത്സ്യ സംസ്കരണ ക്ലസ്റ്റർ സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നു.

## ഭാഗം മൂന്ന്

## പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണം

### കയർ വ്യവസായം

36. കയർ വ്യവസായത്തിന്റെ സമൂലമായ പുരോഗതിക്ക് ആനത്തലവട്ടം ആനന്ദൻ അധ്യക്ഷനായുള്ള കമ്മീഷൻ മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾ ആസൂത്രണബോർഡ് അംഗീകരിച്ചിരിക്കുകയാണ്. രണ്ടുവർഷംകൊണ്ട് നടപ്പിലാക്കുന്നതിനാണ് ഉദ്ദേശം. കയർമേഖലയ്ക്കുള്ള പദ്ധതി അടങ്കൽ 2008-09ലെ 34 കോടിയിൽ നിന്ന് 64 കോടി രൂപയായി ഉയർത്തുന്നു. തൊണ്ടുസംഭരണത്തിന് 9 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. കയർ വ്യവസായത്തിന്റെ വില സ്ഥിരതാ ഫണ്ടിന് 10കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കയർ

വ്യവസായത്തിനാവശ്യമായ യന്ത്രങ്ങൾ നിർമ്മിക്കുന്നതിന് ആലപ്പുഴയിൽ ഒരു പുതിയ ഫാക്ടറി സ്ഥാപിക്കുന്നതാണ്. ചകിരി ച്ചോറ് സംസ്കരിക്കുന്നതിനുള്ള വ്യവസായങ്ങൾക്ക് 30 ശതമാനം മൂലധന സബ്സിഡി നൽകുന്നതാണ്. പുതുതായി രൂപീകരിക്കുന്ന കേരള കയർമാർക്കറ്റിംഗ് കൺസോർഷ്യത്തിനടക്കം കയർ വിപണ നത്തിന് 2 കോടി രൂപ വകയിരുത്തുന്നു.

## കശുവണ്ടി വ്യവസായം

37. കശുവണ്ടി വ്യവസായത്തിൽ മൃദുൽ ഈപ്പൻ കമ്മറ്റിയുടെ നിർദ്ദേ ശങ്ങൾ നടപ്പാക്കിവരികയാണ്. കശുവണ്ടി വ്യവസായത്തിനുള്ള പദ്ധതിയടങ്കൽ 2008-09ൽ 28 കോടിയായിരുന്നത് 46കോടി രൂപ യായി ഉയർത്തിയിരിക്കുന്നു. ഇതിൽ 17 കോടി രൂപ കശുവണ്ടി സംഭരണത്തിനുള്ളതാണ്. തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക തീർക്കുന്നതിനായി 10കോടി രൂപ വകയിരുത്തുന്നു.

## കൈത്തറി വ്യവസായം

38. കൈത്തറി വ്യവസായത്തിനുള്ള അടങ്കൽ 2008-09ലെ 8.7 കോടി രൂപയിൽനിന്ന് 50.9 കോടി രൂപയായി ഉയർത്തിയിരിക്കുന്നു. ഇതിൽ ഒരു ഭാഗം ഹാന്റക്സിന്റെയും ഹാന്റ്‌വീവിന്റെയും പുനരു ദ്ധാരണത്തിനുള്ള പാക്കേജ് നടപ്പിലാക്കുന്നതിനായിരിക്കും. കൂടു തൽ ഓഹരി മൂലധനം, പലിശ എഴുതിത്തള്ളൽ, വായ്പ മൂലധന മാക്കി മാറ്റൽ, ഒരു ഭാഗം ജീവനക്കാരെ പഞ്ചായത്തിലേക്ക് പുനർവിന്യസിക്കൽ തുടങ്ങിയവ അടങ്ങുന്നതാണ് പാക്കേജ്. റിബേറ്റിന് 6.35കോടി രൂപ വകയിരുത്തുന്നു.

39. ടെക്സ്റ്റ്ഫെഡിനു കീഴിലുള്ള സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാര ണത്തിന് ഒരു പാക്കേജ് നടപ്പിലാക്കുന്നതാണ്. എൻ.സി.ഡി.സി യുടെ ധനസഹായത്തോടെയുള്ള ഈ പുനരുദ്ധാരണ സ്കീമിന് 120കോടി രൂപ ആവശ്യമാണ്. ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതമായി ഇപ്പോൾ 3 കോടി രൂപ നീക്കിവെക്കുന്നു.

## ബീഡി വ്യവസായം

40. ബീഡി വ്യവസായം അതിവേഗം നാമാവശേഷമായിക്കൊണ്ടിരിക്കു കയാണ്. ഒരുകാലത്ത് 40000ൽപ്പരം തൊഴിലാളികൾ പണിയെടു ത്തിരുന്ന കേരള ദിനേശ് ബീഡി സഹകരണ സംഘത്തിൽ

ഇപ്പോൾ നാലിലൊന്ന് തൊഴിലാളികളേ ഉള്ളൂ. ഇവർക്കുതന്നെ മാസത്തിൽ ചുരുക്കം ചില ദിവസങ്ങളിലേ ജോലിയുള്ളൂ. ദിനേശ് ബീഡി തൊഴിലാളികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക സ്കീം പ്രഖ്യാപിക്കുന്നു. 45 വയസിൽ റിട്ടയർ ചെയ്യുന്നതിന് തൊഴിലാളികളെ അനുവദിക്കുന്നതാണ്. ഈ തൊഴിലാളികൾക്ക് 500 രൂപ പ്രതിമാസം പെൻഷൻ അനുവദിക്കുന്നു. ഇതിനുമുമ്പ് റിട്ടയർ ചെയ്തവർക്കും 55 വയസായില്ലെങ്കിൽ ഈ ആനുകൂല്യം നൽകുന്നതാണ്. 55 വയസിനുശേഷം സാധാരണ ബീഡിത്തൊഴിലാളിക്ക് ലഭിക്കുന്ന പെൻഷനായിരിക്കും ലഭിക്കുക. പുതിയ സ്കീമിനായി 5 കോടി രൂപ വകയിരുത്തുന്നു.

## മറ്റു പരമ്പരാഗത വ്യവസായങ്ങൾ

41. ഖാദിഗ്രാമീണ വ്യവസായങ്ങൾക്ക് 5.7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പയ്യന്നൂരിലെ സുവർണജൂബിലി സ്മാരകം നിർമിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നു. ഖാദി ബോർഡിലെ ഒരു വിഭാഗം ജീവനക്കാരെയും സെറിഫെഡിന്റെ മഹാഭൂരിപക്ഷം ജീവനക്കാരേയും പഞ്ചായത്തിലേക്ക് പുനർവിന്യസിക്കുന്നതാണ്. കരകൗശല മേഖലയ്ക്കുള്ള വിഹിതം 1 കോടി രൂപയിൽനിന്ന് 3.75 കോടി രൂപയായി ഉയർത്തിയിരിക്കുന്നു. മുള വ്യവസായത്തിന് 2 കോടി രൂപ വകയിരുത്തുന്നു.

## ചെറുകിട വ്യവസായങ്ങൾ

42. ചെറുകിടവ്യവസായങ്ങൾക്കുള്ള അടങ്കൽ 8 കോടിയിൽനിന്ന് 35കോടിയായി ഉയർത്തുന്നു. ചെറുകിട സംരംഭങ്ങൾക്കുള്ള നിക്ഷേപ സബ്സിഡികൾക്കായി 13.27 കോടി രൂപ വകയിരുത്തുന്നു. എറണാകുളം ജില്ലയിലെ ഇടയാറിൽ ബഹുനില വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് 4.5 കോടിരൂപ വകയിരുത്തുന്നു. നിലവിലുള്ള ഇന്റസ്ട്രിയൽ എസ്റ്റേറ്റുകളുടെ വികസനത്തിനായി 3.24കോടി രൂപ വകയിരുത്തുന്നു. കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷന്റെ അഭ്യർത്ഥന മാനിച്ച് ചെറുകിട വ്യവസായികൾക്കായി ഒരു ക്ഷേമനിധി ആരംഭിക്കുന്നതാണ്. ഇതിലേക്കായി 1 കോടി രൂപ വകയിരുത്തുന്നു.

## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

43. മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ ചെറുകിട-ഇടത്തരം വ്യവസായ ങ്ങളെ സംരക്ഷിക്കുന്നതിന് 500 കോടി രൂപയുടെ വായ്പാ പാക്കേജ് നടപ്പിലാക്കുന്നതാണ്. കെ.എഫ്.സി വഴിയായിരിക്കും ഇത് നടപ്പാക്കുക. കെ.എഫ്.സിക്ക് ഓഹരി വിഹിതമായി നൽകുന്ന തിന് 2008-09 ലെ ഉപധനാഭ്യർത്ഥനയിൽ 130 കോടി രൂപ വകയി രുത്തിയിട്ടുണ്ട്. ഇതോടെ ഈ സർക്കാർ നിലവിൽവരുമ്പോൾ 40 ശതമാനത്തിനു മുകളിലായിരുന്നു ഈ സ്ഥാപനത്തിന്റെ നിഷ്ക്രിയ ആസ്തികൾ 10 ശതമാനത്തിൽതാഴെയാകും. ഇതുമൂലം പലിശകുറഞ്ഞ കമ്പോള വായ്പയിലൂടെ പണം സമാഹരിച്ച് വായ്പ നൽകുന്നതിന് കെ.എഫ്.സിക്ക് കഴിയും. ചെറുകിട-ഇടത്ത രം വ്യവസായങ്ങൾക്കുള്ള സബ്സിഡികൾ കെ.എഫ്.സി വഴിയാ യിരിക്കും നൽകുക. ഇതോടെ കെ.എഫ്.സി സംസ്ഥാനത്തിലെ ഒരു നിർണായക വികസന ഏജൻസിയായി മാറും.

## കേരള സംരഭക നിധി

44. നൂതന ചെറുകിട-ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കുന്നതിന് 100 കോടി രൂപയുടെ ഒരു വെഞ്ചർ ഫണ്ട് സംസ്ഥാനത്ത് ആരംഭിക്കും. വിദേശ മലയാളികൾക്കുപുറമെ കെ.എഫ്.സി, കെ.എസ്.എഫ്.ഇ, കെ.എസ്.ഐ.ഡി.സി, തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾക്ക് ഫണ്ടിൽ നിക്ഷേപിക്കാം. എഞ്ചിനീയറിംഗ് കോളേജുകൾ, സർവകലാശാലകൾ, ഗവേഷണ കേന്ദ്രങ്ങൾ എന്നി വിടങ്ങളിൽ ഉണ്ടാകുന്ന നൂതന സാങ്കേതിക ആശയങ്ങൾ വാണി ജ്യാടിസ്ഥാനത്തിൽ യാഥാർഥ്യമാക്കുന്നതിനും ഒരു പുതിയ തലമുറ സംരംഭകരെ സൃഷ്ടിക്കുന്നതിനും ഇത് സഹായിക്കും. ഫണ്ടിന്റെ ഓഹരി മൂലധനത്തിലേക്ക് 10 കോടി രൂപ വകയിരുത്തു ന്നു. ഏതെങ്കിലും ഒരു പൊതുമേഖലാ ബാങ്കായിരിക്കും ഫണ്ട് മാനേജ് ചെയ്യുന്നത്.

## കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

45. കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് വിസ്മയകരമായ വളർച്ചയാണ് കൈവരിച്ചിട്ടുള്ളത്. ഏതാണ്ട് 100 കോടി രൂപയുടെ പ്രതിമാസ ചിട്ടി ബിസിനസ് നടത്തിയിരുന്ന സ്ഥാനത്ത് 2009-10 ൽ

പ്രതിമാസം 500 കോടിയുടെ ബിസിനസാണ് ലക്ഷ്യമിടുന്നത്. കമ്പനിയുടെ മൂലധനം 25 കോടി രൂപയിൽനിന്ന് 50 കോടിയായി ഉയർത്തുന്നതാണ്.

46. പുതുതായി 40 ബ്രാഞ്ചുകൾകൂടി ആരംഭിക്കും. ചെറുവത്തൂർ, മീനങ്ങാടി, പെരിങ്ങത്തൂർ, എടക്കാട്, മോങ്ങം, എടവണ്ണ, വേങ്ങര, അരീക്കോട്, പെരുമ്പടപ്പ്, കൊടുവള്ളി, നടുവണ്ണൂർ, കക്കോടി, ഓർക്കാട്ടേരി, ശ്രീകൃഷ്ണപുരം, കല്ലടിക്കോട്, എരുമപ്പെട്ടി, കൊരട്ടി, ഒല്ലൂർ, ചാവക്കാട്, മൂന്നുപീടിക (പെരിഞ്ഞനം), തേവര, ചെറായി, തൊടുപുഴ, ഉദയംപേരൂർ (പുതിയകാവ്), അങ്കമാലി സായാഹ്നം, പേഴയ്ക്കാപ്പള്ളി, അരൂർ, തൃക്കുന്നപ്പുഴ, ഭരണങ്ങാനം, അതിരമ്പുഴ (പ്രിയദർശിനി ഹിൽസ്), മണിമല, ചങ്ങനാശേരി-II, പത്തനംതിട്ട സായാഹ്നം, തേവലക്കര, കൊട്ടാരക്കര -II, പള്ളിച്ചൽ, നെടുമങ്ങാട് സായാഹ്നം, നെയ്യാറ്റിൻകര സായാഹ്നം, മണ്ഡപത്തിൻകടവ്, പൂവാർ എന്നിവയാണ് 2009-10ൽ അനുവദിക്കുന്ന പുതിയ ശാഖകൾ.

## ഭാഗം നാല്

## ആധുനിക വളർച്ചാ മേഖലകൾ

### വൻകിട വ്യവസായം

47. പൊതുമേഖലയുടെ വിജയകരമായ പുനഃസംഘടനയാണ് ഈ സർക്കാരിന്റെ പ്രധാന നേട്ടങ്ങളിലൊന്ന്. 2005-06ൽ 12 പൊതുമേഖലകളാണ് ലാഭകരമായി പ്രവർത്തിച്ചതെങ്കിൽ 2008-09ൽ ഇവയുടെ എണ്ണം 32 ആയി ഉയരും. 70 കോടി രൂപ നഷ്ടമുണ്ടാക്കിയ സ്ഥാനത്ത് 100 കോടിയിൽപ്പരം രൂപ ലാഭമുണ്ടാകാൻ പോവുകയാണ്. പൊതുമേഖലയുടെ വിപുലീകരണത്തിന് ഒരു ഊർജ്ജിത പരിപാടി നടപ്പിലാക്കുകയാണ്. 883 കോടി രൂപയുടെ വിപുലീകരണ പരിപാടിക്കാണ് രൂപംനൽകിയിട്ടുള്ളത്. ബാങ്കുകളിൽനിന്ന് വായ്പ എടുത്തുകൊണ്ടാണ് പുതിയ പ്രോജക്ടുകൾ നടപ്പാക്കുക. ഇതിലേക്ക് 180 കോടി രൂപയാണ് രണ്ടുവർഷംകൊണ്ട് സംസ്ഥാന സർക്കാർ ലഭ്യമാക്കേണ്ടത്. 50 കോടി രൂപ പദ്ധതിയിൽ വകയിരു

ത്തിയിട്ടുണ്ട്. 40 കോടി രൂപ മൃദുവായ്പയായി കെ.എഫ്.സി യിൽനിന്ന് ലഭ്യമാക്കും. കിർഫ് ബോർഡിന് തിരിച്ചടവിനുള്ള പണം ലഭ്യമല്ലാത്ത വ്യവസായ സ്ഥാപനങ്ങൾക്ക് കെ.എഫ്.സി. വഴി വായ്പ ലഭ്യമാക്കുന്നതാണ്.

48. വ്യവസായ വകുപ്പിന്റെ മുഖ്യ വികസന ഏജൻസികൾ കെ.എസ്. ഐ.ഡി.സിയും കിൻഫ്രയും ഇൻകലുമാണ്. കെ.എസ്.ഐ.ഡി. സിയാണ് ചീമേനിയിലെ 8000 കോടി രൂപയുടെ സൂപ്പർ തെർമൽ സ്റ്റേഷനു മുൻകൈ എടുത്തിട്ടുള്ളത്. തിരുവനന്തപുരത്തെ ലൈഫ് സയൻസ് പാർക്ക്, കൊച്ചിയിലെ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്, കൊച്ചിൻ റിഫൈനറിക്കടുത്ത് സ്ഥാപിക്കാൻപോകുന്ന പെട്രോകെമിക്കൽ വ്യവസായ പാർക്ക് എന്നിവയുടെ മൊത്തം നിക്ഷേപം 1550 കോടി രൂപ വരും.

49. കിൻഫ്രയുടെ ആഭിമുഖ്യത്തിൽ 7650 ഏക്കർ സ്ഥലം ഏറ്റെടുക്കുന്ന തിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. ഇപ്പോൾ 22 പാർക്കുകളുടെ നിർമ്മാണം നടന്നുവരുന്നു. ഈ വർഷം മഞ്ചേശ്വരത്ത് മെഗാ വ്യവ സായപാർക്കിനും രാമനാട്ടുകരയിലെ അഡ്വാൻസ്ഡ് ടെക്നോളജി പാർക്കിനും പന്തീരാങ്കാവിലെ ഫുട്‌വെയർ ഇന്റസ്ട്രിയൽ പാർക്കിനും നീലേശ്വരത്തെ ഇലക്ട്രോണിക്സ് പാർക്കിനും തുടക്കം കുറിക്കും. കിൻഫ്ര 360 കോടി രൂപയാണ് മുതൽമുടക്കു ക. 810 കോടിയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നു. കിൻഫ്രക്ക് 15 കോടി രൂപ വകയിരുത്തുന്നു.

50. സംസ്ഥാന സർക്കാരിന് 26 ശതമാനം ഓഹരിയുള്ള സംയുക്ത സംരംഭമാണ് ഇൻകൽ. ഇൻകൽ രൂപീകരണത്തോട് ഗൾഫ് മലയാ ളികൾ വളരെ ആവേശത്തോടെയാണ് പ്രതികരിച്ചത്. ഈ വർഷം കമ്പനി പൂർണതോതിൽ പ്രവർത്തനം ആരംഭിക്കും. കോഴിക്കോട് മലബാർ കൺവൻഷൻ സെന്റർ, അങ്കമാലി ഫിനാൻഷ്യൽ ഹബ്, രാമനാട്ടുകര അന്തർദ്ദേശീയ വ്യവസായ പാർക്ക്, മലപ്പുറം വിദ്യാ ഭ്യാസ ഹബ് എന്നീ പ്രോജക്ടുകളാണ് ഇൻകൽ ഏറ്റെടുത്തിട്ടുള്ള ത്. 1500 കോടി രൂപയാണ് ഇവയിലെ മൊത്തം മുതൽമുടക്ക്. മൂന്നു വർഷംകൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. 2600 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്.

51. ഇതിനുപുറമെ താഴെപ്പറയുന്ന പത്ത് പ്രോജക്ടുകൾക്ക് പുതുതായി മുൻകൈ എടുക്കും. ഇടക്കൊച്ചിയിലെ സസ്റ്റെയിനബിൾ ഡെവലപ്മെന്റ് സോൺ, കൊരട്ടിയിലെ മെഡി സിറ്റി, അരൂർ-ഇടപ്പള്ളി എലിവേറ്റഡ് ബൈപ്പാസ്, കോഴിക്കോട്ടെ ഇക്കോ സൊല്യൂഷൻ പാർക്, ഹെലികോപ്റ്റർ സർവീസ് നെറ്റ്‌വർക്, കണ്ണൂരിലെ വിമാനത്താവളവുമായി ബന്ധപ്പെട്ട റോഡ് നെറ്റ്‌വർക്, കൊച്ചിയിലെ പത്മ സരോവരം കോംപ്ലക്സ്, കണ്ണൂർ ഹെൽത്ത്കെയർ വില്ലേജ്, കൈത്തറി ഗ്രാമം, കൊച്ചിയിലെ വാട്ടർ ട്രാൻസ്പോർട്ട് നെറ്റ്‌വർക് എന്നിവയാണവ. ഇവ സംയുക്ത സംരംഭങ്ങളായിരിക്കും. പങ്കാളികളെ സ്വതന്ത്ര ബിഡ് വഴിയായിരിക്കും തെരഞ്ഞെടുക്കുക. മൊത്തം 9000 കോടി രൂപയാണ് ഈ പ്രോജക്ടുകളുടെ ഏകദേശ അടങ്കൽ. പ്രോജക്ടുകൾക്ക് പൂർണ രൂപംനൽകുന്നതിനും വിശദമായ എസ്റ്റിമേറ്റും പ്ലാനും ഉണ്ടാക്കുന്നതിനും ചുമതല ഇൻകലിനാണ്. ഇവയുടെ പ്രോജക്ട് റിപ്പോർട്ടുകൾ തയാറാക്കുന്നതിലേക്ക് 3 കോടി രൂപ ഗ്രാന്റായി നൽകുന്നു.

52. കെ.എസ്.ഐ.ഡി.സിയുടെ കീഴിലുള്ള 6 പാർക്കുകളിലേക്ക് ഹൈവേയിൽനിന്നുള്ള 43 കിലോമീറ്റർ റോഡുകൾ നിർമ്മിക്കുന്നതിന് 163 കോടി രൂപ വേണ്ടിവരും. ഇതിൽ കിനാലൂർ-കോഴിക്കോട് റോഡിനുമാത്രം 88 കോടി രൂപവരും. ഇവയ്ക്ക് ഭരണാനുമതി നൽകുന്നതിനായി 25 കോടി രൂപ വകയിരുത്തുന്നു. കിൻഫ്ര പാർക്കുകൾ ഹൈവേകൾക്ക് അടുത്തായതിനാൽ 19 കിലോമീറ്റർ റോഡുകൾ മതിയാകും. ഇവയ്ക്ക് ഭരണാനുമതി നൽകുന്നതിനായി 6 കോടി രൂപ വകയിരുത്തുന്നു.

53. റിഫൈനറീസ്, മറ്റ് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ, റെയിൽവേ, പ്രതിരോധമന്ത്രാലയം തുടങ്ങിയവ വഴി 10000 കോടി രൂപയുടെ നിക്ഷേപത്തിനാണ് വഴിതുറന്നിട്ടുള്ളത്. ഇതിൽ 2000 കോടി രൂപയുടെ പ്രവർത്തനങ്ങൾ 2009-10ൽ ആരംഭിക്കും. വല്ലാർപ്പാടം ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിന്റെ നിർമാണം നടന്നുവരുന്നു. എൽ ആന്റ് ജി ടെർമിനൽ, വിഴിഞ്ഞം പോർട്ട്, ബേപ്പൂർ അഴീക്കൽ പോർട്ടുകൾ, കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം, റെയിൽവേ കോച്ച് ഫാക്ടറി എന്നിവയ്ക്ക് 2009-10ൽ തുടക്കം കുറിക്കും. ഇവയുടെ സമയബന്ധിതമായ നടത്തിപ്പിന് എംപ

വേർഡ് കമ്മറ്റി മാസന്തോറും അവലോകന യോഗം ചേരുകയും ഒരു റോഡ് മാപ്പിന് രൂപംനൽകുകയും പദ്ധതിയുടെ പുരോഗതി അതതുസമയം പരസ്യപ്പെടുത്തുകയും ചെയ്യും.

54. ഇവയ്ക്കു പുറമെ 20000 കോടി രൂപയുടെ വൻകിട സ്വകാര്യ നിക്ഷേപ അപേക്ഷകൾ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്. അടുത്ത മൂന്നു മാസത്തിനുള്ളിൽ ഇവ സംബന്ധിച്ച് തീരുമാനമെടുത്ത് പരമാവധി നിക്ഷേപം ഉറപ്പു വരുത്തുന്നതാണ്.

55. ടെക്സ്ഫെഡിന്റെ പുനരുദ്ധാരണത്തിനുള്ള 120 കോടിരൂപയുടെ എൻ.സി.ഡി.സി വായ്പയെക്കുറിച്ച് നേരത്തേ പറഞ്ഞുവല്ലോ. ടെക്സ്റ്റൈൽ കോർപ്പറേഷന് കീഴിലുള്ള 6 സ്പിന്നിംഗ് മില്ലുകൾ മാന്ദ്യം ആരംഭിച്ചതോടെ കടുത്ത പ്രതിസന്ധിയിലായിരിക്കുകയാണ്. ഇവയുടെ പുനരുദ്ധാരണത്തിന് ഒരു പാക്കേജ് നടപ്പാക്കുന്നതാണ്. പ്രവർത്തന മൂലധനത്തിനായി 50 കോടി രൂപയുടെ വായ്പ എടുക്കുന്നതിന് സർക്കാർ ഗ്യാരണ്ടിനിൽക്കും. ഇതിനുള്ള മാർജിൻ മണിയ്ക്കുവേണ്ടിയും അറ്റകുറ്റപ്പണികൾക്കുവേണ്ടിയും 25 കോടി രൂപ മൃദു വായ്പയായി നൽകുന്നതാണ്.

56. പാപ്പിനിശേരിയിലെ കേരള ക്ലേസ് ആന്റ് സിറാമിക്സ് തുടർച്ചയായി ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ്. ഇതിന്റെ വിപുലീകരണ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ മൃദുവായ്പ കെ.എഫ്.സിയിൽനിന്ന് ലഭ്യമാക്കും.

**ഐ.ടി.**

57. ആഗോള സാമ്പത്തികമാന്ദ്യം വിവര സാങ്കേതികവിദ്യാ മേഖലയിൽ രൂക്ഷമായ ആഘാതം സൃഷ്ടിക്കാൻ ഇടയുണ്ട്. പാർക്കുകളിലെ സ്ഥാപനങ്ങളുടെ വാടകയിൽ 50 ശതമാനം 2010-11ലേക്ക് ഡെഫർ ചെയ്യുന്നതാണ്. ഈ മേഖലയിലെ വികസനക്കുതിപ്പിന് മാന്ദ്യം കടിഞ്ഞാണിട്ടിരിക്കുകയാണ്. എന്നാൽ ബോധപൂർവ്വം തയാറെടുത്താൽ വീണ്ടെടുപ്പിന്റെ കാലത്ത് നമുക്ക് മുൻനിരയിലെത്താനാകും. ഇന്നത്തെ തളർച്ചമൂലം പശ്ചാത്തലസൗകര്യ നിക്ഷേപത്തിൽ ഇടിവുണ്ടാവാൻ പാടില്ല. ഐ.ടി ഇൻഫ്രാസ്ട്രക്ചർ കമ്പനിയുടെ കുടക്കീഴിൽ പത്ത് ഐ.ടി. പാർക്കുകളാണ് നാം തുടങ്ങാൻ ഉദ്ദേശിക്കുന്നത്. ടെക്നോപാർക്ക് മൂന്നാംഘട്ടം (100 ഏക്കർ),

ടെക്നോസിറ്റി (450 ഏക്കർ), കൊല്ലം ടെക്നോപാർക്ക് (40 ഏക്കർ), ചേർത്തല ഇൻഫോപാർക്ക് (65 ഏക്കർ), അമ്പലപ്പുഴ ഇൻഫോപാർക്ക് (100 ഏക്കർ), കൊരട്ടി ഐ.ടി.പാർക്ക് (30 ഏക്കർ), കോഴിക്കോട് സൈബർ പാർക്ക് (70 ഏക്കർ), കൊച്ചി ഇൻഫോ പാർക്ക് (150 ഏക്കർ), തളിപ്പറമ്പ് ഐ.ടി.പാർക്ക് (30 ഏക്കർ), കാസർഗോഡ് ഐ.ടി പാർക്ക് (100 ഏക്കർ) എന്നിവ യാണവ. ഇവിടെ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന് മൊത്തം മുതൽമുടക്ക് 2115 കോടി രൂപയാണ്. ഇതിൽ 385 കോടി രൂപ സംസ്ഥാന സർക്കാർ റോഡ്, കുടിവെള്ളം, വൈദ്യുതി എന്നീ പശ്ചാത്തല സൗകര്യങ്ങൾക്കുവേണ്ടി മുതൽമുടക്കും. 2009-10 ൽ റോഡ് നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനായി 20 കോടി രൂപ വകയിരുത്തുന്നു.

58. ഐ.ടി മിഷൻ വഴി നടപ്പിലാക്കുന്ന പരിപാടികൾക്ക് 18.49 കോടി രൂപയും സ്റ്റേറ്റ് ഡാറ്റാ സെന്ററിന്റെ നവീകരണത്തിനായി 4.9 കോടി രൂപയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റിന് 3 കോടി രൂപയും വകകൊള്ളിച്ചിരിക്കുന്നു. സ്വതന്ത്ര സോഫ്റ്റ്വെയറും ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയറും പ്രോത്സാഹിപ്പിക്കാനുള്ള അന്തർദ്ദേശീയ കേന്ദ്രത്തിനായി 1.5 കോടി രൂപ പദ്ധതിയിൽ വകകൊള്ളിച്ചിട്ടുണ്ട്.

## ടൂറിസം

59. ടൂറിസം വ്യവസായത്തിൽ മാന്ദ്യം പ്രതിസന്ധിക്ക് വഴിയൊരുക്കി. 2009-10ൽ വിദേശ ടൂറിസ്റ്റുകളുടെ വരവിൽ ഇടിവുണ്ടാകും എന്നാണ് കരുതുന്നത്. പാക്കേജുകളുടെ വില വെട്ടിക്കുറയ്ക്കാൻ വ്യവസായം നിർബന്ധിതമായിരിക്കുകയാണ്. ഈ പശ്ചാത്തല ത്തിൽ രജിസ്റ്റേർഡ് റിസോർട്ടുകൾക്കും ഹൗസ്ബോട്ടുകൾക്കും 50 ശതമാനം നികുതി ഒരു വർഷത്തേക്ക് ഡെഫർ ചെയ്യുന്നതാണ്. 2010-11ൽ ജി.എസ്.ടി. സമ്പ്രദായം നിലവിൽവരുമ്പോൾ നികുതി ഭാരത്തിൽ ഗണ്യമായ കുറവു വരുന്നതാണ്.

60. ടൂറിസം മേഖലയ്ക്കുണ്ടായിരിക്കുന്ന തിരിച്ചടി താത്ക്കാലികം മാത്രമാണ്. രണ്ടുവർഷത്തിനു ശേഷമുണ്ടാകുന്ന വളർച്ചാ സാധ്യത കളെ മുൻകൂട്ടിക്കണ്ട് പശ്ചാത്തല സൗകര്യമൊരുക്കുന്നതിന് ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുകയാണ്. മലബാറിൽ 27 ടൂറിസം

കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതാണ്. പാലക്കാട് ജില്ലയിൽ മലമ്പുഴ, നെല്ലിയാമ്പതി, സൈലന്റ്‌വാലി, പറമ്പിക്കുളം എന്നീ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് 83 കിലോമീറ്റർ റോഡുകൾക്ക് 34 കോടി രൂപ വേണം. മലപ്പുറം ജില്ലയിൽ നിലമ്പൂർ, ബീയെം കായൽ, പടിഞ്ഞാറേക്കര, തിരുനാവായ, കോട്ടയ്ക്കൽ-കരിപ്പൂർ എന്നീ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് 143 കിലോമീറ്റർ റോഡുകൾക്ക് 54 കോടി രൂപ വേണം. കോഴിക്കോട് ജില്ലയിലെ  ബേപ്പൂർ, കാപ്പാട്, തുഷാരഗിരി കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് 68 കിലോമീറ്റർ റോഡിന് 19 കോടി രൂപ ചെലവു വരും. വയനാട് ജില്ലയിൽ കുറവാ ദ്വീപ്, പൂക്കോട് തടാകം, ബാണാസുരസാഗർ, എടയ്ക്കൽ, തിരുനെല്ലി കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട 69 കിലോമീറ്റർ റോഡുകൾക്ക് 28 കോടി രൂപ ചെലവുവരും. കണ്ണൂർ  ജില്ലയിൽ പയ്യാമ്പലം, മുഴപ്പിലങ്ങാട്, ധർമ്മടം, മീൻകുന്ന്, പൈതൽമല കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് 43 കിലോമീറ്റർ റോഡുകൾക്ക് 17 കോടി രൂപ ചെലവുവരും. കാസർഗോഡ് ജില്ലയിലെ ബേക്കൽ, ചന്ദ്രഗിരി, റാണിപുരം, വലിയ പറമ്പ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് 79 കിലോമീറ്റർ റോഡുകൾക്ക് 29 കോടി രൂപചെലവുവരും. ഇവയ്ക്കെല്ലാം 2009-10 ൽ ഭരണാനുമതി നൽകും. ഇതിനായി 52 കോടി രൂപ വകയിരുത്തുന്നു. ഈ കേന്ദ്രങ്ങളിലെ വൈദ്യുതി, കുടിവെള്ളം, ഖരമാലിന്യ സംസ്കരണ പ്രോജക്ടുകൾക്കുവേണ്ടി 10 കോടി രൂപ വകയിരുത്തുന്നു. ഈ ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിന് പുതിയൊരു ബിസിനസ് മോഡൽ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. സ്ഥലം സർക്കാർ അക്വയർ ചെയ്ത് ടൂറിസം സംരംഭകർക്ക് നൽകുന്നതിനുപകരം പ്രാദേശികമായി ഭൂ ഉടമകളെ ഓഹരി ഉടമസ്ഥരാക്കിക്കൊണ്ടുള്ള പ്രത്യേക കമ്പനികൾ രൂപീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിന് തയ്യാറുള്ള കേന്ദ്രങ്ങൾക്കായിരിക്കും മുൻഗണന നൽകുക.

61. കണ്ണൂർ വിമാനത്താവളം ഉത്തരമലബാറിലെ ഏറ്റവും ശക്തമായ വളർച്ചാധ്രുവമായിത്തീരും. വിമാനത്താവളത്തിലേക്ക് നിലവിലുള്ള 4 റോഡുകൾ (തലശ്ശേരി-മട്ടന്നൂർ, ബേക്കൽ-പയ്യന്നൂർ-മട്ടന്നൂർ, കർണാടക അതിർത്തി-മട്ടന്നൂർ, വയനാട്-മട്ടന്നൂർ) നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനും കണ്ണൂർ-മട്ടന്നൂർ റോഡ് 6 വരിപ്പാതയാക്കുന്നതിനും മട്ടന്നൂർ-അഞ്ചരക്കണ്ടി-തലശ്ശേരി, നാദാപുരം-തലശ്ശേരി, മാഹി-മുഴപ്പിലങ്ങാട് ബൈപ്പാസ് എന്നീ 3

റോഡുകൾ വികസിപ്പിക്കുന്നതിനുമായി 259 കോടിരൂപ ചെലവു പ്രതീക്ഷിക്കുന്നു. ഈ റോഡുകൾ സംയുക്തസംരഭമായിട്ടായി രിക്കും വികസിപ്പിക്കുക. ഇതിനാവശ്യമായ ഭൂമി ഏറ്റെടുക്കലിനും മറ്റുംവേണ്ടി 25 കോടി രൂപ വകയിരുത്തുന്നു. മറ്റു പശ്ചാത്തല സൗകര്യങ്ങൾക്കായി 10 കോടി രൂപ വകയിരുത്തുന്നു. ശിവഗിരിയി ലേക്കുള്ള 25 കിലോമീറ്റർ ദൈർഘ്യംവരുന്ന 4 റോഡുകളുടെ പുന രുദ്ധാരണത്തിനായി 3 കോടി രൂപ വകയിരുത്തുന്നു. ശബരിമല റോഡുകളുടെ ദീർഘകാല മെയിന്റനൻസ് കരാറുകൾക്ക് 20 കോടി രൂപ വകയിരുത്തുന്നു. മൂന്നാർ-ഇടുക്കി റോഡ്, വർക്കല-പരവൂർ റോഡ്, കോട്ടയം-കുമരകം റോഡ് എന്നിവ വികസിപ്പിക്കുന്നതി നായി 10 കോടി രൂപ പ്രാരംഭ പ്രവർത്തനങ്ങൾക്കായി നീക്കിവെ ക്കുന്നു. ആലപ്പുഴ-തണ്ണീർമുക്കം - കോട്ടയം റോഡ് സംസ്ഥാന ഹൈവേയായി വികസിപ്പിക്കുന്നതിന് 15 കോടി രൂപ വകയിരുത്തുന്നു.

62. നൂതനവും ഭാവനാപൂർണവുമായ ടൂറിസം പദ്ധതിയാണ് മുസരിസ് പൈതൃക പ്രോജക്ട്. കൊടുങ്ങല്ലൂർ, ചേന്ദമംഗലം, ഗോതുരുത്ത്, പറവൂർ, പള്ളിപ്പുറം, അഴീക്കോട് തുടങ്ങിയ പ്രദേശങ്ങളിലെ ചരിത്ര സ്മാരകങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കേരള ചരിത്രത്തിന്റെ പരിഛേദം സന്ദർശകർക്ക് പകർന്നുകൊടുക്കുകയാണ് ഈ പ്രോജ ക്ടിന്റെ ലക്ഷ്യം. 'ചരിത്രത്തിലൂടെയുള്ള നടത്തം' എന്നു വേണമെ ങ്കിൽ ഇതിനെ വിശേഷിപ്പിക്കാം. ശ്രീ.ബെന്നി കുര്യാക്കോസിന്റെ നേതൃത്വത്തിൽ ഒരു വിദഗ്ധ ടീം തയ്യാറാക്കിയ 90 കോടി രൂപയുടെ പ്രോജക്ട് കേരളത്തിന്റെ മെഗാപ്രോജക്ടായി ധനസ ഹായത്തിന് കേന്ദ്രസർക്കാരിനു സമർപ്പിച്ചിരിക്കുകയാണ്. റോഡു കൾ, ജട്ടികൾ, കനാൽ നവീകരണം എന്നിവയ്ക്കു ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 10 കോടി രൂപ വകയിരുത്തുന്നു. കോട്ട പ്പുറം, പറവൂർ, ചേന്ദമംഗലം ചന്തകളുടെ പൈതൃക വികസന പരി പാടി ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവെലിന്റെ ഫണ്ട് വിനിയോ ഗിച്ച് 2009-10 ൽ ആരംഭിക്കും.

63. സുനാമി പദ്ധതിക്ക് പുറമെ 61 കോടി രൂപയാണ് ടൂറിസത്തിന് വകയിരുത്തിയിട്ടുള്ളത്. ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ടൂറിസം പദ്ധതികളുടെ പശ്ചാത്തല സൗകര്യ വികസനത്തിന്

13 കോടി രൂപയും മാർക്കറ്റിംഗിന് 16 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവെലിന് വകയിരുത്തുന്ന 20 കോടിരൂപയും ടൂറിസംവകുപ്പുവഴിയാണ് ചെലവഴിക്കുന്നത്. ഇതിൽ 10 കോടി രൂപ കമ്പോള നവീകരണത്തിനായിരിക്കും. പൂങ്കാവ് പള്ളിയിലെ ടൂറിസം ഫെസിലിറ്റേഷൻ സെന്ററുമായി ബന്ധപ്പെട്ട് തീരദേശ പാരമ്പര്യങ്ങളെക്കുറിച്ചുള്ള മ്യൂസിയത്തിനും കണിച്ചുകുളങ്ങര അമ്പലത്തിലെ ടൂറിസം കേന്ദ്രവുമായി ബന്ധപ്പെടുത്തി ശുചീകരണ സംവിധാനത്തിനും 25 ലക്ഷംരൂപവീതം അനുവദിക്കുന്നു. കേരള ട്രാവൽ മാർട്ട് നടത്തിപ്പിന് 50 ലക്ഷം രൂപ അനുവദിക്കുന്നു. കടമ്പ്രയാർ ടൂറിസം പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 1 കോടി രൂപ വകയിരുത്തുന്നു.

64. ടൂറിസം വികസനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അർത്ഥവത്തായ പങ്കുവഹിക്കാൻ കഴിയും. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും കണ്ടെത്തുന്ന പ്രാദേശിക ടൂറിസം വികസന സാധ്യതയെ അടിസ്ഥാനപ്പെടുത്തി ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി കേന്ദ്രസർക്കാരിന്റെ ഗ്രാമീണ ടൂറിസം പദ്ധതിയിൽനിന്ന് ധന സമാഹരണം നടത്താൻ 'സപര്യ' എന്ന ഒരു പുതിയ പദ്ധതി ആരംഭിക്കുന്നതാണ്.

## ബയോടെക്നോളജി

65. ബയോടെക്നോളജിയാണ് ഭാവി സാമ്പത്തികക്കുതിപ്പിന്റെ ശാസ്ത്ര അടിത്തറ. ഈ മേഖലയിൽ കെ.എസ്.ഐ.ഡി.സി തിരുവനന്തപുരത്ത് സ്ഥാപിക്കാൻപോകുന്ന ലൈഫ് സയൻസ് പാർക്കിന് 40 കോടി രൂപ ഓഹരിമൂലധനമായി സർക്കാർ മുടക്കുന്നതാണ്. യൂണിവേഴ്സിറ്റികളിലെ ബയോടെക്നോളജി വിഭാഗം ശക്തിപ്പെടുത്തുന്നതിന് 10 കോടി രൂപ വകയിരുത്തുന്നു. രാജീവ്ഗാന്ധി ബയോടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് ദേശീയതലത്തിൽ ഉന്നത സ്ഥാനംകൈവരിക്കേണ്ടത് കേരളത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമാണ്. ഇതിനുള്ള എല്ലാ നിയമതടസ്സങ്ങളും നീക്കുന്നതാണ്.

66. ആയുർവേദ മരുന്നുകളുടെ സ്റ്റാൻഡേഡൈസേഷനും ക്ലിനിക്കൽ ട്രയലുകൾക്കും മോളിക്യൂളർ ബയോളജിക്കുംവേണ്ടി ഇൻസ്റ്റിറ്റ്യൂട്ട്

ഫോർ ഫാർമസ്യൂട്ടിക്കൽ ഡ്രഗ്സ് റിസർച്ച് എന്ന സ്ഥാപനം രൂപീകരിക്കുന്നതാണ്. ഇതിന്റെ പ്രാഥമികച്ചെലവുകൾക്കായി 1 കോടി രൂപ വകയിരുത്തുന്നു.

## ഭാഗം അഞ്ച്

# ഭൗതികപശ്ചാത്തല സൗകര്യങ്ങൾ

**ഊർജ്ജം**

67. വൈദ്യുതി മേഖലയിലെ പ്രതിസന്ധി നേരിടാൻ ഹ്രസ്വകാല ഇടക്കാല ദീർഘകാല നടപടികൾ ആവശ്യമാണ്. വൈദ്യുതിയുടെ ഉല്പാദനം വർധിപ്പിക്കലാണ് മുഖ്യലക്ഷ്യം.

68. 2009-10ൽ 103.75 മെഗാവാട്ട് പ്രതിഷ്ഠാപിതശേഷിയും 17.25കോടി യൂണിറ്റ് വൈദ്യുതിയും കൂട്ടിച്ചേർക്കാനാണ് ഉദ്ദേശിക്കുന്നത്. പുതുതായി 9 പദ്ധതികളാണ് ആരംഭിക്കുക. ഇതിൽ ഏറ്റവും വലുത് ആതിരപ്പള്ളിയാണ്. ഇതിനായി 8 കോടി രൂപ വകയിരുത്തുന്നു. വൈദ്യുതി ബോർഡ് നേരിട്ടും സ്വകാര്യ സംരംഭങ്ങളിലൂടെയും സംയുക്തമായും ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതാണ്. ആനക്കാംപൊയിൽ, അച്ചൻകോവിൽ, ചിന്നാർ, പീച്ചി, പത്താംകയം, കണ്ടപാഞ്ചൽ, കാരാപ്പുഴ എന്നിവയാണ് പുതിയ ചെറുകിട പദ്ധതികൾ. രാമക്കൽമേട് വിൻഡ്ഫാമിന് 10 കോടി രൂപ വകയിരുത്തുന്നു. ഒറീസ്സയിലെ കൽക്കരി താപനിലയത്തിന് ഓഹരിവിഹിതമായി 20 കോടി രൂപ വകയിരുത്തുന്നു.

69. പ്രേഷണ നവീകരണത്തിന് 314.88 കോടിയും വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന് 333 കോടിയും വിനിയോഗിക്കും. ഗ്രാമീണ വൈദ്യുതീകരണത്തിന് 30 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 5 ലക്ഷം സർവീസ് കണക്ഷനുകളും പുതുതായി നൽകും.

70. 2009-10 ഊർജ്ജ മിതവ്യയ വർഷമായി ആചരിക്കും. മുഴുവൻ ബൾബുകൾക്കും പകരം സി.എഫ്.എല്ലുകൾ സ്ഥാപിക്കുകയാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ട പരിപാടി. ഉപഭോക്താക്കൾക്ക്

സബ്സിഡി നൽകുന്നതിനായി 20 കോടി രൂപ വകയിരുത്തുന്നു. കാർബൺ ക്രെഡിറ്റ് സാധ്യതകൾ കൂടി ഉപയോഗപ്പെടുത്തി സി.എഫ്.എൽ വിളക്കുകൾ ലഭ്യമാക്കുക വൈദ്യുതി ബോർഡ് ആയിരിക്കും. കേന്ദ്രസർക്കാർ പ്രഖ്യാപിച്ച 'ബജത് ലാംപ് യോജന' പരിപാടിക്ക് സമാനമായി 15 രൂപ ഗുണഭോക്തൃവിഹിതം വൈദ്യുതി ബില്ലിന്റെ ഭാഗമായി ഈടാക്കിക്കൊണ്ടായിരിക്കും ഈ പരിപാടി നടപ്പിലാക്കുന്നത്. സമ്പൂർണ സി.എഫ്.എൽ പരിപാടി നടപ്പിലാക്കുന്ന ആദ്യ സംസ്ഥാനമായി കേരളം മാറും. ഇതിലൂടെ ഇടുക്കി പദ്ധതിയുടെ പ്രതിഷ്ഠാപിതശേഷിയായ 780 മെഗാവാട്ട് പീക്ക് ലോഡിന് സമാനമായ വൈദ്യുതി ലാഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

71. സി.എഫ്.എൽ വിതരണ പരിപാടിക്കുപുറമെ പാരമ്പര്യേതര ഊർജ്ജമേഖലയിൽ ചിട്ടയായ ഇടപെടൽ നടത്താനും ഉദ്ദേശ്യമുണ്ട്. അനെർട്ടിനെ പുനഃസംഘടിപ്പിക്കും. 20 മെഗാവാട്ട് പ്രതിഷ്ഠാപിതശേഷിയുള്ള (താപം അടക്കം) ജൈവ-ദ്രവ്യ ഗ്യാസ്ഫയറുകൾ യുക്തമായ ബിസിനസ് മോഡലുകൾ അടിസ്ഥാനമാക്കി ജില്ലാ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 10.9 കോടി രൂപ വകയിരുത്തുന്നു. ദക്ഷതകൂടിയ ഗാർഹിക ഉപകരണങ്ങളെ പ്രോത്സാഹിപ്പിക്കും. ദക്ഷത കൂടിയ അടുപ്പുകൾക്കായുള്ള ക്യാമ്പയിൻ പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നു.

### കെ.എസ്.ആർ.ടി.സി.

72. കെ.എസ്.ആർ.ടി.സിക്ക് 55 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. 2007 ഡിസംബർ മുതൽ 2008 ഡിസംബർ മാസംവരെ കെ.എസ്.ആർ.ടി.സിക്ക് 179 കോടി രൂപ സർക്കാർ നൽകുകയുണ്ടായി. പലിശ എഴുതിത്തള്ളൽ, വായ്പ ഷെയറാക്കി മാറ്റൽ തുടങ്ങിയ നടപടികൾ സർക്കാർ സ്വീകരിച്ചു. പുതിയ ബസുകൾ വാങ്ങി ഉത്പാദനക്ഷമത വർധിപ്പിക്കുന്നതിന് തൊഴിലാളി സഹകരണത്തോടെ പല സ്കീമുകളും വിജയകരമായി നടപ്പാക്കി. ശമ്പള പരിഷ്ക്കരണവും അനുവദിച്ചു. പക്ഷേ ഇപ്പോഴും കെ.എസ്.ആർ.ടി.സിയുടെ ധനകാര്യ പുനഃസംഘടന പൂർത്തിയായിട്ടില്ല. 350 കോടി രൂപയുടെ കെ.ടി.ഡി.എഫ്.സി വായ്പയ്ക്ക് പ്രതിമാസം 17.6 കോടി

രൂപ തിരിച്ചടവ് വരും. ഇതാണ് കെ.എസ്.ആർ.ടി.സിയുടെ ഏറ്റവും വലിയ കുരുക്ക്. ഇത് പരിഹരിക്കാതെ സുസ്ഥിരമായ വളർച്ച സാധ്യമല്ല. കെ.എസ്.ആർ.ടി.സിയുടെ എറണാകുളത്തുള്ള കൈവശഭൂമിയുടെ ഒരുഭാഗം കെ.ടി.ഡി.എഫ്.സിക്കോ മറ്റേതെങ്കിലും ഏജൻസിക്കോ കൈമാറി കടബാധ്യത കുറയ്ക്കുകയാണ് വേണ്ടത്. ഇതിന് വരുത്തുന്ന അമാന്തം പുനഃസംഘടനാ പരിപാടിയുടെ തകർച്ചയിലേക്ക് നയിക്കും എന്നതിന് സംശയമില്ല. പുനഃസംഘടനാ സ്കീം പൂർണമായും ഈ വർഷം നടപ്പാക്കും. ഇത് ചെയ്താൽ എണ്ണ കമ്പനികൾക്കുള്ള കുടിശ്ശിക തീർക്കാനായി 100 കോടി രൂപ നൽകുന്നതാണ്.

## ഉൾനാടൻ ജലഗതാഗതം

73. വാട്ടർ ട്രാൻസ്പോർട്ട് വകുപ്പിന് 5 കോടി രൂപയും കേരള ഷിപ്പിംഗ് ആന്റ് ഇൻലന്റ് നാവിഗേഷൻ കോർപ്പറേഷന് 6 കോടി രൂപയും വകയിരുത്തുന്നു. ദേശീയ ജലപാതയുടേയും കനാലുകളുടേയും നവീകരണത്തിന് 98 കോടി രൂപ നീക്കിവെച്ചിരിക്കുന്നു.

## തുറമുഖം

74. തുറമുഖങ്ങൾക്ക് സാമ്പത്തിക വളർച്ചയുടെ ധ്രുവങ്ങളായി മാറാൻ കഴിയും. കൊച്ചി തുറമുഖത്തെ വല്ലാർപാടം ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ ടെർമിനലും, വിഴിഞ്ഞം തുറമുഖവും ഇത്തരത്തിൽ വലിയ സാധ്യതകൾ തുറക്കുന്നു. വിഴിഞ്ഞം തുറമുഖത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കലിന് 25കോടി രൂപ വകയിരുത്തുന്നു.

75. ഇതുപോലെ മലബാറിന്റെ വികസനത്തിൽ സുപ്രധാനമായ രണ്ട് തുറമുഖങ്ങളാണ് ബേപ്പൂരും അഴീക്കലും. ബേപ്പൂർ തുറമുഖത്തിന്റെ വിശദമായ റിപ്പോർട്ട് ആറു മാസത്തിനുള്ളിൽ തയ്യാറാക്കി ഈ വർഷംതന്നെ ടെണ്ടർ വിളിക്കും. ഇതിനു സമാന്തരമായി തുറമുഖത്തിന് ആവശ്യമായ റോഡ് തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുവേണ്ടി 5 കോടി രൂപ വകയിരുത്തുന്നു. അഴീക്കൽ തുറമുഖം ലക്ഷദ്വീപിലേക്ക് ഏറ്റവും അടുത്ത തുറമുഖമായിരിക്കും. അഴീക്കൽ തുറമുഖത്തേക്കുള്ള റോഡ് നിർമ്മിക്കുന്നതിനും മറ്റു പശ്ചാത്തല സൗകര്യങ്ങൾക്കുമായി 5 കോടി രൂപ വകയിരുത്തുന്നു. ഈ രണ്ട് തുറമുഖങ്ങളും ബി.ഒ.ടി അടിസ്ഥാനത്തിലാണ് നിർമ്മിക്കുന്നത്. പൊന്നാനി തുറമു

ഖത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾക്ക് തുടക്കംകുറിക്കാൻ 5 കോടി രൂപ വകയിരുത്തുന്നു.

### റോഡുകളും പാലങ്ങളും

76. 598 കോടിരൂപയാണ് റോഡുകൾക്കും പാലങ്ങൾക്കുംവേണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 350 കോടി രൂപയ്ക്കുള്ള ലോക ബാങ്ക് സഹായത്തോടെയുള്ള കെ.എസ്.ടി.പി പദ്ധതിയും ഇതിൽ ഉൾപ്പെടും. കെ.എസ്.ടി.പിയുടെ രണ്ടാംഘട്ട പ്രവർത്തനത്തിന് ലോകബാങ്ക് സഹായം വാങ്ങുന്നതാണ്. 2100 കോടി രൂപയാണ് രണ്ടാംഘട്ട പദ്ധതിയുടെ അടങ്കൽ. മുഖ്യമായും മലബാറിൽ പണിയേണ്ട ഈ റോഡുകളുടെ ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിച്ചിട്ട് വർഷങ്ങളേറെയായി. ഈ വർഷം റോഡ് നിർമാണം ആരംഭിക്കും.

77. വർഷങ്ങളായി നിരവധി പാലങ്ങൾ പണിപൂർത്തീകരിക്കപ്പെടാതെ കിടക്കുകയാണ്. നിലവിലുള്ള കരാർ അവസാനിപ്പിച്ച് ഇവയെല്ലാം റീടെണ്ടർ ചെയ്യുന്നതാണ്. കരാറുകാർക്കെതിരെ റിസ്ക് ആന്റ് കോസ്റ്റ് നടപടി സ്വീകരിക്കും. ഇപ്പോൾ നിർമാണത്തിലുള്ള 31 പാലങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ മൊത്തം 165 കോടി രൂപ ചെലവുവരും. ഇതിലേക്കായി 40 കോടി രൂപ വകയിരുത്തുന്നു. കുമ്പളങ്ങി, മിത്രമഠം, നെടുംപരയ്ക്കൽ, മാട്ടൂൽ, വെള്ളാപ്പ്, പുല്ലാപ്പിക്കടവ്, പാറക്കടവ് പാലങ്ങൾക്ക് 5 കോടിയിലേറെ ചെലവുവരും.

78. തീരദേശ ഹൈവേയുടെ പ്രവർത്തനം രണ്ടുവർഷത്തിനകം പൂർത്തീകരിക്കുന്നതാണ്. സുനാമി റോഡ് നിർമ്മാണത്തിന്റെ നല്ല പങ്കും പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ള റോഡിന്റെ ഭാഗങ്ങളും പാലങ്ങളും നിർമ്മിക്കുന്നതിന് 500 കോടി രൂപ വേണ്ടിവരും. ഇവയ്ക്ക് ഭരണാനുമതി നൽകുന്നതിനായി 80 കോടിരൂപ വകയിരുത്തുന്നു. ഹിൽഹൈവേ, മലയോര ജനങ്ങളുടെ ദീർഘനാളത്തെ അഭിലാഷമാണ്. മൊത്തം 1500 കോടി രൂപയാണ് ഹിൽഹൈവേക്കു വേണ്ടിവരിക. ഭൂമി ഏറ്റെടുക്കുകയും അലൈൻമെന്റ് നിശ്ചയിക്കുകയും ചെയ്തിട്ടുള്ള ആറു ഘട്ടങ്ങളിൽ നിർമ്മാണ പ്രവൃത്തികൾക്ക് അനുവാദം നൽകുന്നതാണ്. ഇതിലേക്കായി 40 കോടിരൂപ അനുവദിക്കുന്നു. ഇതിന് ഫിനാൻസ് ചെയ്യുന്നതിന് ബദൽ മാർഗങ്ങൾ ആരായുന്നതാണ്.

79. പേരാമ്പ്ര, നിലമ്പൂർ, കർമ്മ, കൊല്ലങ്കോട്, മൂവാറ്റുപുഴ, ഏറ്റുമാനൂർ, തിരുവല്ല, റാന്നി, കുറ്റ്യാടി, കോട്ടയം-കോടിമത, കടുത്തുരുത്തി-വടക്കുംകൂർ ബൈപ്പാസുകളുടെ നിർമാണത്തിന് 112 കോടി രൂപ ചെലവുവരും. ഇതിലേക്കായി 25 കോടി രൂപ വകയിരുത്തുന്നു.

80. ബഡ്ജറ്റ് രേഖകളിൽ വിശദമായി രേഖപ്പെടുത്തിയിട്ടുള്ള റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ പേരുകൾ ഞാനിവിടെ ആവർത്തിക്കുന്നില്ല. ഇവയിൽ ഭൂരിപക്ഷത്തിനും ടോക്കൺ പ്രൊവിഷനേ വെച്ചിട്ടുള്ളൂ. ഇവയ്ക്ക് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. അവയ്ക്ക് ഭരണാനുമതി നൽകുന്നതിനായി വിഷൻ 2010 രണ്ടാംഘട്ടം എന്ന ശീർഷകത്തിൽ 200 കോടി രൂപ വകയിരുത്തുന്നു. 5 കോടി രൂപയ്ക്ക് മുകളിൽ ചെലവുവരുന്ന പ്രധാന നിർമാണ പ്രവൃത്തികളുടെ പേരുകൾ മാത്രം പറയുന്നു.

81. **പ്രധാന റോഡുകൾ**: കുഞ്ചിത്തണ്ണി-ഗ്യാപ്പ്(മുട്ടുകാട്), കോഴിക്കോട് ബീച്ച്, മീമ്പറ-തിരുവാണിയൂർ, മലമ്പുഴ റിസർവോയർ റിംഗ് റോഡ് നാലാംഘട്ടം, ഇളംകാട് -വാഗമൺ റോഡ്, കൊട്ടിയൂർ-അമ്പായത്തോട്-തലപ്പുഴ റോഡ്, പാരിപ്പള്ളി-മഠത്തറ റോഡ്, ഗുരുവായൂർ ഔട്ടർറിംഗ് റോഡ്, കങ്ങരപ്പടി ജംഗ്ഷൻ സ്ഥലമെടുത്ത് വികസിപ്പിക്കൽ, തടിയമ്പാട് - വിമലഗിരി - ശാന്തിഗ്രാം, കുഞ്ചിത്തണ്ണി - ദേശീയം - ആറ്റുകാട് - പള്ളിവാസൽ, കടപ്ര - വീയപുരം ലിങ്ക്റോഡ്, മൂന്നാർ - സൈലന്റ് വാലി റോഡ്, വിയ്യക്കുറിശ്ശി-വാഴോമ്പുരം റോഡ്, ആതിരപ്പള്ളി - മലക്കപ്പാറ റോഡ്.

82. **പ്രധാന പാലങ്ങൾ**: മേത്താനം, സ്റ്റേഷൻകടവ് വലിയപഴംപിള്ളിത്തുരുത്ത്, ഏലൂക്കര-ഉളിയനൂർ, അഴിമാവ് കടവ്, ചിറ്റാരിക്കടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ്, കോഴിക്കോട് അഴീക്കൽക്കടവ്, ഇടുക്കി-പെരിയാർ, ചമ്പക്കുളം കനാൽജെട്ടി, ചൂളക്കടവ്, കോറലായി തേറലായി, മണ്ണൂർക്കടവ്, തവനൂർ-തിരുന്നാവായ കടവിൽ, ബിയെം റഗുലേറ്റർ-കം-ബ്രിഡ്ജ്, ചിക്കല്ലൂർ, ചേർപ്പുങ്കൽ, മുറിക്കല്ല്, ചെമ്പിളാവ്, ആറ്റിങ്ങൽ അയിലം, അന്ധകാരനഴി വടക്ക്, കോട്ടയം ചെറുകര, പരപ്പ-മാലോം, പാനായിത്തോട്, പുന്നത്തുറ കമ്പനിക്കവല, എടത്തറ-കമ്പം, കണ്ണൂർ-മണക്കായി കടവ്, മേല്ലൂർക്കടവ്, മൂലക്കീൽക്കടവ്.

83. **പ്രധാന കെട്ടിട നിർമ്മാണങ്ങൾ**: റാന്നി ഇട്ടിയപ്പാറയിൽ ശബരിമല തീർഥാടകർക്ക് വിശ്രമകേന്ദ്രം, വെച്ചൂച്ചിറ പോളി ടെക്നിക് ഹോസ്റ്റൽ, പൊന്നാനി പ്രീ-എക്സാമിനേഷൻ സെന്ററിന് കെട്ടിടം, ആർ.ഐ.ടി. പാമ്പാടി കമ്പ്യൂട്ടർ സയൻസ് ബ്ലോക്ക്, ഹീറ്റ് എൻജിൻ ലാബ്, ലക്ചർ ഹാൾ നിർമാണം, സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രി വികസനം, റാന്നി താലൂക്ക് ആശുപത്രി ഒ.പി.ബ്ലോക്ക് നിർമാണം, പെരിങ്ങോം-എം.ആർ.എസ്. കെട്ടിടനിർമാണം, കുഴൽമന്ദം-എം.ആർ.എസ്. കെട്ടിട നിർമ്മാണം, മൂവാറ്റുപുഴ കോടതി സമുച്ചയം, പാലക്കാട് ജില്ലാ ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമാണം, പൊന്നാനി താലൂക്ക് ആശുപത്രി വികസനം, പൊന്നാനി-നന്നംമുക്ക് ഗവ.പോളി ടെക്നിക് കെട്ടിടം, ഒറ്റപ്പാലം താലൂക്ക് ആശുപത്രികെട്ടിടം, വണ്ടി പ്പെരിയാർ ഗവ. പോളി ടെക്നിക് ലേഡീസ് ഹോസ്റ്റൽ, കാന്റീൻ, ക്വാർട്ടേഴ്സ് നിർമാണം, തിരുവല്ല താലൂക്ക് ആശുപത്രി കെട്ടിടം.

84. **മറ്റു പ്രധാന നിർമാണ പ്രവൃത്തികൾ** : ചോമ്പാല ഹാർബർ നവീകരണം, കാരിയാർ സ്പിൽവേ നിർമാണം, കൂട്ടുകടവ് ചെക്ഡാം നിർമാണം, പെരിയാറിന് കുറുകെ പുറപ്പിള്ളികാവിൽ റഗുലേറ്റർ കം ബ്രിഡ്ജ് നിർമാണം, കൽപ്പറ്റയിൽ വയനാട് ജില്ലാ സ്റ്റേഡിയം.

85. കേരളത്തിന്റെ ചരിത്രത്തിൽ ഇതുപോലെ മരാമത്തു പണികൾക്ക് അനുമതി നൽകിയിട്ടുള്ള വർഷമുണ്ടാകില്ല. അതുകൊണ്ട് ഇതിന്റെ നടത്തിപ്പു സംബന്ധിച്ച ചില നിബന്ധനകൾ മുന്നോട്ടുവെക്കുകയാണ്. ഇപ്പോൾ പുതുതായി പ്രഖ്യാപിക്കുന്ന വിഷൻ 2010 അടക്കമുള്ള റോഡുകൾ, ബൈപ്പാസുകൾ എന്നിവയ്ക്ക് ഇത് ബാധകമായിരിക്കും.

എ) കരാറിന് ഇ-ടെണ്ടർ സമ്പ്രദായം സ്വീകരിക്കണം.

ബി) ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കാത്ത ഒരു പ്രവൃത്തിയും ടെണ്ടർചെയ്യാൻ പാടില്ല.

സി) ഓരോ നിർമ്മാണ പ്രവൃത്തിക്കും കൃത്യമായ നിർമാണ കാലാവധി നിശ്ചയിക്കണം.

ഡി) കാലതാമസം വന്നാൽ പിഴയും നേരത്തേ തീർന്നാൽ പ്രോത്സാഹനവും നൽകണം..

ഇ) ഏറ്റെടുക്കുന്ന കരാർ പൂർത്തീകരിക്കാത്തവരെ കരിമ്പട്ടിക യിൽപ്പെടുത്തണം.

എഫ്) പുതിയ നിരക്ക് എല്ലാവർഷവും ഏപ്രിൽ ആദ്യം പ്രസിദ്ധീക രിക്കണം. ഒരു വർഷത്തിലേറെ നിർമാണ കാലാവധിയുള്ള പ്രവൃത്തികൾക്ക് കോസ്റ്റ് എസ്കലേഷൻ ബാധകമാക്കണം.

ജി) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും ഭരണാനുമതി നൽകുന്നതി നും മറ്റുമായി ആവശ്യമായ പ്രത്യേക സംവിധാനം ഉണ്ടാക്കുന്നതാണ്.

86. ഡേറ്റ റിവൈസ് ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരി ക്കാൻ ഉദ്ദേശിക്കുന്നു. പ്രധാന പാതകൾ ബി.എം.&എ.സി അടിസ്ഥാനത്തിലാണ് ചെയ്യേണ്ടത്. ഈ പ്രവൃത്തികൾക്ക് മെയിന്റ നൻസ് കോൺട്രാക്ടും ഏർപ്പെടുത്തണം.

87. പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലെ കാലതാമസത്തിന്റെ കാരണ ങ്ങൾ പരിശോധിക്കുവാനും പ്രതിവിധി നിർദ്ദേശിക്കുവാനും ഒരു ഉന്നതതല കമ്മറ്റിയെ നിയോഗിക്കുന്നതാണ്.

## റെയിൽവേ വികസനം

88. റെയിൽവേ വികസനത്തിൽ കേരളത്തിന്റെ പിന്നോക്കാവസ്ഥ തുടരുകയാണ്. റെയിൽവേ നേരിട്ട് നിർമ്മിക്കുന്ന പുതിയ പാത കൾക്കു പുറമെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗര ങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് സബർബൻ റെയിൽശൃംഖല നിർമ്മി ക്കുന്നതിനും തിരുവനന്തപുരം - കാസർഗോഡ് അതിവേഗ റെയിൽപാത നിർമ്മിക്കുന്നതിനും നേതൃത്വംനൽകുന്നതിന് സംയുക്ത സംരംഭമായി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ രൂപീകരിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ മൂലധന മായി 20 കോടി രൂപ വകയിരുത്തുന്നു. സ്വകാര്യ സംരംഭകർ മാത്ര മല്ല, റെയിൽവേയുമായും ചേർന്നുകൊണ്ടുള്ള ഒരു കമ്പനിയാണ് വിഭാവനം ചെയ്യുന്നത്. കൊച്ചി മെട്രോയുടെ ഭൂമി ഏറ്റെടുക്കലിന് 20 കോടി രൂപ വകയിരുത്തുന്നു.

89. ഇപ്പോൾ നിർമാണത്തിലിരിക്കുന്ന നന്ദി, മുഴപ്പിലങ്ങാട്, കൊരട്ടി, അത്താണി, ബേക്കൽ, വിക്ടോറിയ കോളേജ്, സുൽത്താൻപേട്ട്, കടുക്കംകുന്ന്, പുല്ലേപ്പടി എന്നീ മേൽപ്പാലങ്ങൾക്ക് 33 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞു. ഇവ പൂർത്തീകരിക്കുന്നതിന് 20 കോടി രൂപ വകയിരുത്തുന്നു.

90. റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ താഴെപ്പറയുന്ന 17 റെയിൽവേ മേൽപ്പാലങ്ങളുടെ പ്രവർത്തനം 2009-10ൽ ആരം ഭിക്കും. പൊന്നുരുന്നി, പയ്യന്നൂർ, കുഞ്ഞിപ്പള്ളി, കൈനാട്ടിറോഡ്, കൊയിലാണ്ടി, പരപ്പനങ്ങാടി, ദേവധർ, തിരുനാവായ, മുളങ്കുന്ന ത്തുകാവ്, നന്ദിക്കര, ആളൂർ-മാള റോഡ്, വേലഞ്ചിറ, ഡിവൈൻ നഗർ, പുളിയാനം റോഡ്, കാഞ്ഞങ്ങാട്, ചെറുവത്തൂർ, അമലാപുരി എന്നിവയാണ് ഈ മേൽപ്പാലങ്ങൾ. മൊത്തം 344 കോടി രൂപ ചെലവുവരും. ഇവയ്ക്കുവേണ്ടി വായ്പയെടു ക്കാൻ പ്രാപ്തമാകുന്നതിന് കോർപ്പറേഷന് 38 കോടി രൂപ നൽകുകയുണ്ടായി. ഇവ ബി.ഒ.ടി വ്യവസ്ഥയിൽ ആയിരിക്കും പണിയുക.

91. കണ്ണൂർ ടൗൺ, തലശേരി ജഗന്നാഥ ക്ഷേത്രം, പാലക്കാട് ടൗൺ കോമൺവെൽത്ത്, തൃശൂർ ടൗൺ, നെടുമ്പാശ്ശേരി, വടുതല, പച്ചാളം, അറ്റ്ലാന്റിസ് എന്നീ മേൽപ്പാലങ്ങൾക്ക് കേന്ദ്രസർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ഇവയ്ക്ക് ആവശ്യമായ ഭൂമി അക്വയർ ചെയ്യുന്നതിന് 9 കോടി രൂപ വകയിരുത്തുന്നു.

92. കഞ്ചിക്കോട് ഇന്റഗ്രൽ കോച്ച്ഫാക്ടറിക്ക് ഭൂമി ഏറ്റെടുക്കുന്നതി നായി 20 കോടി രൂപ വകയിരുത്തുന്നു.

## വിമാനത്താവളങ്ങൾ

93. പുതുതായി ഇടുക്കിയിലും വയനാട്ടിലും രണ്ട് എയർസ്ട്രിപ്പുകൾ സ്ഥാപിക്കുന്നതാണ്. സംയുക്ത സംരംഭങ്ങളായിട്ടായിരിക്കും ഇവ സ്ഥാപിക്കുക. ഭൂമി ഏറ്റെടുക്കുന്നതിനായി 5 കോടി രൂപ വകയിരു ത്തുന്നു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് വിമാനത്താവള ങ്ങളുടെ വിപുലീകരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കണ്ണൂർ വിമാനത്താവളത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി ഏക

ദേശം പൂർത്തിയായി. ഈ വർഷം കരാർ നടപടികളിലേക്ക് നീങ്ങും.

## വനം

94. സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭൗതികപശ്ചാത്തല സൗകര്യമേഖലയായിട്ടാണ് വനത്തെ കാണേണ്ടത്. ആഗോള താപനത്തിന് ഇടയാക്കുന്ന കാർബൺ ഡൈ ഓക്സൈഡിന്റെയും മറ്റു ഗ്രീൻഹൗസ് വാതകങ്ങളുടെയും ഉല്പാദനത്തിൽ ഇന്ത്യയിൽ ഏറ്റവും താഴ്ന്ന നിലവാരത്തിൽ കേരളത്തെ എത്തിക്കുന്നത് നമ്മുടെ വനങ്ങളാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക ധനസഹായം പതിമൂന്നാം ധനകമ്മീഷനിൽനിന്ന് നാം പ്രതീക്ഷിക്കുന്നു. 2009-10ൽ 49 കോടി രൂപയാണ് ഈ മേഖലയിലെ അടങ്കൽ. പ്രകൃതിദത്ത വനങ്ങളുടെ സംരക്ഷണത്തിനാണ് ഏറ്റവും കൂടുതൽ തുക വകയിരുത്തിയിട്ടുള്ളത്. വനമേഖലയ്ക്ക് ചുറ്റുമായി ഒരു ഹരിത ബഫർസോൺ ഉണ്ടാക്കുന്നതിനും ക്ഷയിച്ച കാടുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും ദേശീയ തൊഴിലുറപ്പു പദ്ധതി ഉപയോഗപ്പെടുത്തി ഒരു ബൃഹദ് പരിപാടിക്ക് രൂപംനൽകുന്നതാണ്. ഇതിനുള്ള നേഴ്സറിയും മറ്റും ഉണ്ടാക്കുന്നതിന് 3 കോടി രൂപ വകയിരുത്തുന്നു. മലബാർ ടൈഗർ വന്യജീവിസങ്കേതത്തിന് ഈ വർഷം തുടക്കം കുറിക്കുന്നതാണ്.

## കൺസ്ട്രക്ഷൻ കോർപറേഷൻ

95. കൺസ്ട്രക്ഷൻ കോർപറേഷൻ സമഗ്രമായി പുനഃസംഘടിപ്പിക്കുന്നതാണ്. ഉല്പാദനക്ഷമതാ മാനദണ്ഡങ്ങളടക്കം തയ്യാറാക്കുന്ന പാക്കേജിന്റെ ഭാഗമായി കോർപറേഷന്റെ ഓഹരി മൂലധനത്തിലേക്ക് 10 കോടി രൂപ വകയിരുത്തുന്നു. പാക്കേജ് പൂർണമായും തയാറാക്കി അംഗീകാരം നേടിയശേഷമേ ഈ പണം നൽകുകയുള്ളൂ.

## ആസ്തി സംരക്ഷണ ഫണ്ട്

96. സർക്കാരിന്റെ ആസ്തികളിൽ പലതും കാലാകാലങ്ങളിൽ മെയിന്റനൻസ് നടത്താത്തതിനാൽ ജീർണാവസ്ഥയിലാണ്. ആസ്തികൾ കാലാകാലങ്ങളിൽ അപ്ഗ്രേഡ് ചെയ്യുന്നതിന് 130 കോടി രൂപയുടെ ഒരു നിധി സ്വരൂപിക്കാൻ തീരുമാനിക്കുന്നു. ഫിനാൻസ് സെക്രട്ടറി അധ്യക്ഷനായുള്ള ഒരു സമിതിയായിരിക്കും ഇതിന് മേൽനോട്ടം

വഹിക്കുക. സർക്കാർ ഓഫീസുകൾ, ഹോസ്റ്റലുകൾ, മെഡിക്കൽ കോളേജ് ആശുപത്രികൾ, സർക്കാർ കോളേജ് കെട്ടിടങ്ങൾ എന്നിവയ്ക്കായിരിക്കും 2009-10ൽ മുൻഗണന നൽകുക.

## ഭാഗം ആറ്

# സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങൾ

### പൊതുവിദ്യാഭ്യാസം

97. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് പ്രത്യേക ഊന്നലാണ് നൽകിയിട്ടുള്ളത്. പൊതുവിദ്യാഭ്യാസത്തിനുള്ള അടങ്കൽ 56 കോടിയിൽനിന്ന് 101 കോടി രൂപയായി ഉയർത്തുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 35 ശതമാനവും സംസ്ഥാന സർക്കാരിന്റെ 5 ശതമാനം വിഹിതവുമടക്കം സർവ്വശിക്ഷാ അഭിയാൻ വഴി 220 കോടി രൂപ പ്രാഥമിക വിദ്യാഭ്യാസമേഖലയിൽ ചെലവഴിക്കും.

98. കേരളത്തിലെ 3055 ഹൈസ്കൂൾ - ഹയർ സെക്കണ്ടറി സ്കൂളുകൾ കൂടി കമ്പ്യൂട്ടർ വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തുന്നു. സംസ്ഥാന സർക്കാരിന്റെ നാലിലൊന്ന് വിഹിതമടക്കം 54.28 കോടി രൂപ നടപ്പുവർഷം ചെലവഴിക്കുന്നതാണ്. ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ ലബോറട്ടറികളും ലൈബ്രറികളും വർക്ഷോപ്പുകളും സജ്ജീകരിക്കുന്നതിന് 32 കോടി രൂപ വകയിരുത്തുന്നു.

99. സർ, കേരളത്തിലെ സർക്കാർ സ്കൂളുകളിലെ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുകയാണ്. 220 സർക്കാർ സ്കൂളുകളിലാണ് ഷിഫ്റ്റ് സമ്പ്രദായം നിലവിലുള്ളത്. ഇവിടെയെല്ലാം ആവശ്യമായ പുതിയ കെട്ടിടങ്ങൾ പണിയുകയും പുനർവിന്യാസത്തിലൂടെ ആവശ്യമായ അധ്യാപകരെ കണ്ടെത്തുകയും ചെയ്യും.

100. സ്കൂൾതലത്തിൽ അധിക ഡിവിഷൻ അനുവദിക്കുന്നതിന് മുൻസർക്കാർ ഏർപ്പെടുത്തിയിരുന്ന നിരോധനം എടുത്തുകളയുകയാണ്. എയ്ഡഡ് സ്കൂളുകളിൽ അധികമായി ആവശ്യം

വരുന്ന അധ്യാപക തസ്തികകൾ 1:1 എന്ന അനുപാതത്തിൽ പ്രൊട്ടക്ടഡ് അധ്യാപകരുടെ പുനർവിന്യാസവും പുതിയ നിയമന ങ്ങളും വഴി നികത്തുന്നതാണ്. ജില്ലയെ ഒരു ഗ്രൂപ്പായെടുത്തായി രിക്കും പുനർവിന്യാസം നടത്തുക. പുതുതായി തസ്തിക സൃഷ്ടി ക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുവാദം ആവശ്യമാണെന്ന നിബന്ധന തുടരുന്നതാണ്. ഇതു സംബന്ധിച്ച വിശദമായ ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുന്നതാണ്.

101. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും എം.എൽ.എ. മാരുടെ പ്രാദേശിക വികസനഫണ്ടും ഉദാരമതികളുടെ സഹായ ങ്ങളും സമാഹരിച്ച് സ്കൂളുകളിൽ ഉച്ചയൂണ് നൽകുന്നതിനുള്ള പദ്ധതി ഏറ്റവും ആകർഷകവും ഫലപ്രദവുമായി നടപ്പാക്കുന്ന പല പ്രദേശങ്ങളും ഉണ്ട്. ഇത് വ്യാപിപ്പിക്കുന്നതിനായി 10 കോടിരൂപ വകയിരുത്തുന്നു.

102. സ്കൂളുകളിൽ ഉച്ചഭക്ഷണം പാചകംചെയ്യുന്നവരുടെ മിനിമം വേതനം 100 രൂപയാക്കി ഉയർത്തുന്നു. ഈ സർക്കാരിന്റെ വിദ്യാഭ്യാസ നയത്തിന്റെ പ്രധാനപ്പെട്ട ഘടകം മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പുകൾക്ക് നൽകിയിട്ടുള്ള ഊന്നലാണ്. ഹൈസ്കൂൾ, ഹയർസെക്കണ്ടറി, കോളേജ് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിനായി 32 കോടി രൂപയാണ് ചെലവഴിക്കുന്നത്. പട്ടികജാതി പട്ടികവർഗ പിന്നോക്ക സമുദായ വിദ്യാർത്ഥികൾക്കു നൽകുന്ന സ്കോളർഷിപ്പ് ഇതിനുപുറമെയാണ്.

103. വളരെ പിന്നോക്കം നിൽക്കുന്ന സ്കൂളുകൾക്കുള്ള പദ്ധതി ഈ വർഷവും തുടരുന്നതാണ്. വിദ്യാഭ്യാസ പരീക്ഷണങ്ങൾക്ക് നൽകുന്ന പിന്തുണയെന്ന നിലയിൽ കോഴിക്കോട് നഗരത്തിലെ പ്രിസം പ്രോജക്ട്, ആലപ്പുഴയിലെ കോസ്റ്റൽ എഡ്യുക്കേഷണൽ സൊസൈറ്റിയുടെ തീരദേശ ഇലക്ട്രോണിക് വിദൂര വിദ്യാഭ്യാസ പരിപാടി, കൊടകരയിലെ ഓട്ടിസം പാർക്ക്, ഒറ്റപ്പാലം ബധിര-മൂക വിദ്യാലയം, കുണ്ടറയിലെ 'പുലരി' പ്രോജക്ട് എന്നിവയ്ക്ക് ഒറ്റത്തവണ പിന്തുണയായി 20 ലക്ഷം രൂപവീതം അനുവദിക്കുന്നു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് തളിർ വായന സ്കോളർഷിപ്പിനായി 25 ലക്ഷം രൂപ വകയിരുത്തുന്നു.

**ഉന്നതവിദ്യാഭ്യാസം**

104. കേരളത്തിലെ സർവകലാശാലകൾ ഉന്നതവിദ്യാഭ്യാസത്തിനു വേണ്ടത്ര മുതൽമുടക്ക് നടത്തുന്നില്ല എന്നുള്ളത് വിജ്ഞാന സമൂഹമായി കേരളം വളരുന്നതിന് തടസ്സമാണ്. ശമ്പളത്തിനും മറ്റു ദൈനംദിന ചെലവുകൾക്കും ഇന്ന് നൽകുന്നതിനേക്കാൾ കൂടുതൽ പണം ആവശ്യമാണെന്ന ബോധ്യം സർക്കാരിനുണ്ട്. 2008 -09ൽ കേരളത്തിലെ ഏഴ് സർവ്വകലാശാലകൾക്കുംകൂടി 228 കോടി രൂപയാണ് പദ്ധതിയേതര ചെലവിനായി നൽകിയത്. 2009-10ൽ ഇത് 273 കോടി രൂപയായി ഉയർത്തുന്നു. കാർഷിക സർവകലാശാലക്കും കണ്ണൂർ സർവകലാശാലക്കും 30 ശതമാനം വർധനയും മറ്റു സർവകലാശാലകൾക്ക് 15 ശതമാനം വർധനയുമാണ് വരുത്തുന്നത്. സർവ്വകലാശാലകൾ നടത്തുന്ന തനതു അധിക വിഭവ സമാഹരണത്തിന് തുല്യമായ തുക ഗ്രാന്റായി നൽകുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. എന്നാൽ ആരും ഈ പ്രത്യേക ഗ്രാന്റ് ആവശ്യപ്പെട്ടില്ല. അടുത്തവർഷത്തെ പദ്ധതിയേതര ഗ്രാന്റ് കണക്കാക്കുന്നതിന് ഇത് ഒരു മുഖ്യ ഘടകമായിരിക്കും.

105. സർവകലാശാലകളുടെ ഇന്നത്തെ ധനപ്രതിസന്ധിയെക്കുറിച്ച് പഠിക്കുന്നതിന് മുൻ ചീഫ് സെക്രട്ടറി ശ്രീ.കെ.വി. രബീന്ദ്രൻനായർ അധ്യക്ഷനായി ഒരു കമ്മറ്റിയെ ധനകാര്യവകുപ്പ് നിയോഗിക്കുന്നതാണ്. സർവകലാശാലകളിൽ ധനപരിഷ്ക്കരണത്തിന് സമയബന്ധിതമായി ഒരു പരിപാടി ആവിഷ്ക്കരിക്കുന്നതാണ്.

106. സർവ്വകലാശാലകളുടെ മൊത്തം പദ്ധതി അടങ്കൽ 61 കോടിയിൽനിന്ന് 70 കോടിയായി ഉയർത്തുന്നു. ഇതിനുപുറമെ, മഹാത്മാ ഗാന്ധി സർവകലാശാലയിൽ സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് സസ്റ്റൈനബിൾ ഡെവലപ്മെന്റ്, കൊച്ചി സർവകലാശാലയിൽ സെന്റർ ഫോർ നാനോ മെറ്റീരിയൽസ് ആന്റ് ഡിവൈസസ്, കേരള സർവകലാശാലയിൽ സെന്റർ ഫോർ ബയോ ഇൻഫോമാറ്റിക്സ് എന്നിവ അന്തർ സർവകലാശാലാ വിദ്യാകേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന് 10 കോടി രൂപയും കൊച്ചി സർവകലാശാല നിയമവിഭാഗത്തിലെ സെന്റർ ഫോർ ഇന്റലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ് സ്റ്റഡീസിന് 3 കോടി രൂപയും വകയിരുത്തുന്നു. കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ ഗവേഷണം പ്രോത്സാ

ഹിപ്പിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡവലപ്മെന്റ് സ്ഥാപിക്കുന്നതാണ്. ഇതിനായി 2 കോടി രൂപ വകയിരുത്തുന്നു. മഹാത്മാ ഗാന്ധി സർവകലാശാലയിൽ ടൂറിസം വൊക്കേഷണൽ കോഴ്സ് ആരംഭിക്കും. കോഴിക്കോട് സർവകലാശാലയിലെ ഇ.എം.എസ്. ചെയറിന് മാർക്സിസ്റ്റ് പഠനഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും 25 ലക്ഷം രൂപ വകയിരുത്തുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ദ്രവീഡിയൻ ലിംഗ്വിസ്റ്റിക്സിൽ മലയാള ഗ്രന്ഥങ്ങൾ മറ്റു ഭാഷയിലേക്ക് തർജ്ജമ ചെയ്ത് പ്രസിദ്ധീകരിക്കുന്നതിന് 25 ലക്ഷം രൂപ അനുവദിക്കുന്നു.

107. ഇടുക്കി, വയനാട്, കോഴിക്കോട്, ബാർട്ടൺഹിൽ, ശ്രീകൃഷ്ണപുരം എന്നിവിടങ്ങളിലെ എഞ്ചിനീയറിംഗ് കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 12 കോടി രൂപ വകയിരുത്തുന്നു. പോളിടെക്നിക്കുകൾക്കുള്ള അടങ്കൽ 9.5 കോടി രൂപയാണ്.

108. പ്രശസ്തരായ പണ്ഡിതന്മാരുമായും ശാസ്ത്രജ്ഞരുമായും വിദ്യാർത്ഥികൾക്ക് സംവദിക്കാനുള്ള ഒരു പരിപാടി ആവിഷ്ക്കരിക്കും. ഇതിന് 3 കോടിരൂപ വകയിരുത്തുന്നു. സർവകലാശാലാ വിദ്യാർത്ഥികൾക്ക് ഹ്രസ്വകാല ഗവേഷണ പരിപാടികളിൽ ഏർപ്പെടുന്നതിന് ഒരുകോടിരൂപ വകയിരുത്തുന്നു.

109. 1999, 2004 എന്നീ വർഷങ്ങളിൽ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ അനുവദിച്ച 66 കോഴ്സുകൾക്ക് ആവശ്യമായ റഗുലർ തസ്തികകൾ അനുവദിക്കുന്നതാണ്. സർക്കാർ കോളേജുകളിൽ ഉടൻതന്നെ ഈ തസ്തികകൾ അനുവദിക്കുന്നതാണ്. എയ്ഡഡ് കോളേജുകളിൽ എത്രയുംവേഗം പരിശോധന പൂർത്തിയാക്കി ഇതിനുള്ള നടപടികൾ സ്വീകരിക്കും. എഞ്ചിനീയറിംഗ് കോളേജുകളിൽ എ.ഐ.സി.ടി.ഇ മാനദണ്ഡപ്രകാരം മിനിമം തസ്തിക സൃഷ്ടിക്കും. യു.ജി.സി. സ്കെയിൽ സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്. മുൻകാലത്ത് യു.ജി.സി സ്കെയിൽ നടപ്പാക്കിയതല്ലാതെ സ്കീം കേരളത്തിൽ നടപ്പാക്കുന്നതിൽ നാം പരാജയപ്പെട്ടു. ഈ ദൗർബല്യം ഇത്തവണ തിരുത്തപ്പെടണം.

## തൊഴിൽ പരിശീലനം

110. ഐ.ടി.ഐകളുടെ ആധുനികവൽക്കരണത്തിന് 15 കോടി രൂപ വകയിരുത്തുന്നു. 4 ഐ.ടി.ഐകളെ സെന്റേഴ്സ് ഓഫ് എക്സലൻസ് ആയി വികസിപ്പിക്കുന്നതിന് കേന്ദ്ര സഹായത്തോടെ 10 കോടി രൂപ ചെലവഴിക്കും. താഴെപ്പറയുന്ന 10 ഐ.ടി.ഐ. കൾ പുതുതായി ആരംഭിക്കും. മടിക്കൈ, കുറുമാത്തൂർ, പേരാവൂർ, പുഴക്കാട്ടിരി, മൂവാറ്റുപുഴ, ഒറ്റപ്പാലം, പാറശാല വനിത, തിരുവാർപ്പ്, മണീട്, കായംകുളം.

## ശാസ്ത്രസാങ്കേതിക ഗവേഷണം

111. ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന് 43.9 കോടി രൂപയും റീജിയണൽ ക്യാൻസർ സെന്ററിന് 11.2 കോടി രൂപയും വകയിരുത്തുന്നു. പാലക്കാട്ടെ ഐ.ആർ.ടി.സിക്ക് ഒറ്റത്തവണ ഗ്രാന്റായി 60 ലക്ഷം രൂപ അനുവദിക്കുന്നു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന് 40 ലക്ഷം രൂപ അനുവദിക്കുന്നു.

## പരിസ്ഥിതി

112. ബയോഡൈവേഴ്സിറ്റി ബോർഡിന് 1.80 കോടി രൂപ വകയിരുത്തുന്നു. 100 പഞ്ചായത്തുകളിൽ ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കും. തണ്ണീർത്തടങ്ങളുടേയും നദികളുടേയും പരിസ്ഥിതി സംരക്ഷണത്തിന് 6.95 കോടി രൂപ വകയിരുത്തുന്നു.

## പൊതു ആരോഗ്യം

113. പൊതു ആരോഗ്യമേഖലയിലെ ചെലവ് മുഖ്യമായും ദേശീയ ആരോഗ്യമിഷന്റെ സഹായത്തോടെയാണ്. 2009-10 ൽ 490 കോടി രൂപയാണ് സംസ്ഥാനവിഹിതമടക്കം മിഷന്റെ അടങ്കൽ. സബ്സെന്റർ മുതലുള്ള ആശുപത്രി സംവിധാനങ്ങൾക്ക് 20 കോടി രൂപ ഉപാധിരഹിത ഫണ്ടായി നൽകുന്നു. ജില്ലാ ജനറൽ ആശുപത്രികൾക്കുവേണ്ടി 29 കോടി രൂപ ചെലവഴിക്കും.

114. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വൻ വിജയമാണ്. മരുന്നുകളുടെ വിലയിൽ 20 ശതമാനം ലാഭമുണ്ടാക്കുന്നതിന് കഴിഞ്ഞു. കോർപ്പറേഷന്റെ വികസനത്തിന് 10 കോടി രൂപയും മരുന്നുകൾ വാങ്ങുന്നതിന് 120 കോടി രൂപയും വകയിരുത്തുന്നു.

115. എല്ലാ താലൂക്ക് ആശുപത്രികളിലും ബ്ലഡ് ബാങ്ക് ആരംഭിക്കും. ജീവൻരക്ഷാ ഉപകരണങ്ങളോടുകൂടിയ ആംബുലൻസുകളുടെ എമർജൻസി മെഡിക്കൽ സർവീസ് തിരുവനന്തപുരം ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കും. സ്കൂൾ ആരോഗ്യ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തും.

116. എറണാകുളം ജില്ലയിൽ പറവൂരുള്ള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ഇന്റസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റിക്ക് (DAPCO) 50 ലക്ഷം രൂപ അനുവദിക്കുന്നു.

## ആരോഗ്യവിദ്യാഭ്യാസം

117. മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ അടങ്കൽ 35 കോടി രൂപയിൽനിന്ന് 72 കോടി രൂപയായി ഉയർത്തുന്നു. മെഡിക്കൽ കോളേജുകളിൽ പോസ്റ്റ് ഗ്രാഡ്വേറ്റ് റസിഡൻസി പ്രോഗ്രാം നടപ്പാക്കിക്കഴിഞ്ഞു. പുതിയ ഹോസ്റ്റൽ കെട്ടിടങ്ങൾക്കുവേണ്ടി 11 കോടി രൂപ വകയിരുത്തുന്നു. ആലപ്പുഴ മെഡിക്കൽ കോളേജിന്റെ പുതിയ കെട്ടിടത്തിന് 10 കോടി രൂപയും കോട്ടയം മെഡിക്കൽ കോളേജിലെ മാലിന്യ സംസ്കരണ പ്ലാന്റിന് 7 കോടി രൂപയും വകയിരുത്തുന്നു. ആലപ്പുഴ മെഡിക്കൽ കോളേജിൽ കാർഡിയാക് കത്തീറ്ററൈസേഷൻ ലാബ് സ്ഥാപിക്കുന്നതിനായി 3 കോടിരൂപ നൽകുന്നു. മെഡിക്കൽ സർവകലാശാലയുടെ പുതിയ കെട്ടിടത്തിന് 10 കോടി രൂപയും മലബാർ ക്യാൻസർ സെന്റർ 140 കിടക്കകളുള്ള ആശുപത്രിയായി വികസിപ്പിക്കുന്നതിനുവേണ്ടി കെട്ടിടങ്ങൾക്ക് 10 കോടി രൂപയും വകയിരുത്തുന്നു.

## ആയുഷ്

118. ആയുർവേദത്തിനുള്ള അടങ്കൽ 5.5 കോടിയിൽനിന്ന് 10 കോടി രൂപയായി ഉയർത്തുന്നു. 20 കോടി രൂപകൂടി ദേശീയ ആരോഗ്യമിഷനിൽനിന്ന് ലഭ്യമാകും. ഹോമിയോപ്പതിക്ക് 12 കോടി രൂപയാണ് വകയിരുത്തൽ. ഹോംകോയുടെ 14.5 കോടി രൂപയുടെ വിപുലീകരണ പരിപാടിക്കുവേണ്ടി വായ്പയായി കെ.എഫ്.സി. 5 കോടി രൂപ ലഭ്യമാക്കും.

## കുടിവെള്ളം

119. 1023 കോടിരൂപയാണ് കുടിവെള്ള മേഖലയുടെ അടങ്കൽ. ഇതിൽ 900 കോടി രൂപയും ജെ.ബി.ഐ.സി. പദ്ധതിയുടേതാണ്. പദ്ധതി പ്രവർത്തനങ്ങൾ ഇപ്പോൾ സമയബന്ധിതമായി നടക്കുകയാണ്. ഗുരുവായൂർ ഡ്രെയിനേജ് പദ്ധതിക്ക് 2 കോടി രൂപ വകയിരുത്തുന്നു.

120. നബാർഡ് ധനസഹായത്തോടുകൂടിയുള്ള 618 കോടി രൂപയുടെ സ്പാൻ കുടിവെള്ള പദ്ധതിയുടെ ഗണ്യമായ ഭാഗവും ഈ വർഷം ചെലവഴിക്കുന്നതാണ്. ആലപ്പുഴ യൂഡിസ്മാറ്റ് പദ്ധതിക്കുവേണ്ടിവരുന്ന അധികച്ചെലവ് സംസ്ഥാന സർക്കാർ നൽകുന്നതാണ്. സുസ്ഥിര നഗരവികസന പദ്ധതിയിലെ കുടിവെള്ള സ്കീമുകൾ, ജെൻറം കുടിവെള്ള സ്കീമുകൾ എന്നിവയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ശീർഷകത്തിലാണ് പണം വകയിരുത്തിയിട്ടുള്ളത്. ഇതിനുപുറമെ 1200 കോടി രൂപയുടെ ജലനിധി രണ്ടാംഘട്ടം ഈ വർഷം നടപ്പാക്കിത്തുടങ്ങും. ഇവയെല്ലാം ചേർക്കുമ്പോൾ കുടിവെള്ള മേഖലയിൽ 2009-10ൽ 2000 കോടിയോളം രൂപ മുതൽമുടക്കുണ്ടാകും.

121. സ്പാൻ പദ്ധതിപോലെ നഗരമേഖലയ്ക്കും ഓരോ പ്രത്യേക പാക്കേജ് ആരംഭിക്കുന്നതാണ്. 17 പദ്ധതികളിലായി ഇതിനകം 112 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞിട്ടുണ്ട്. 129 കോടി രൂപകൂടി ചെലവഴിക്കുകയാണെങ്കിൽ 8.2 ലക്ഷം ആളുകൾക്ക് രണ്ടുവർഷത്തിനുള്ളിൽ കുടിവെള്ളം ഉറപ്പുവരുത്താം. തൃശൂരിലെ ചേലക്കര, പുതുക്കാട്, കോലഴി, മറത്തക്കര, ഒല്ലൂർ, തൃശൂർ പട്ടണം തുടങ്ങിയ സ്ഥലങ്ങൾ പദ്ധതിയിൽ ഉൾപ്പെടും. മഞ്ചേശ്വരം, കൂത്തുപറമ്പ്, പാട്യം, തലശ്ശേരി, പാലക്കാട്, ഷൊർണൂർ, നെയ്യാറ്റിൻകര, തിരുവനന്തപുരം മൺവിള, വടക്കേക്കര, പാല പദ്ധതികളും ഇതിൽ ഉൾപ്പെടും. കൊച്ചി ഡി.എഫ്.ഐ.ഡി പദ്ധതിയും പൂർത്തീകരിക്കും. ഇതിനായി ഈ വർഷം 30 കോടി രൂപ വകയിരുത്തുന്നു.

122. കാലപ്പഴക്കം കൊണ്ടും പൈപ്പുകളുടെ സാങ്കേതികപ്പിഴവുകൊണ്ടും ഗണ്യമായ ഭാഗം വെള്ളം ചോർന്ന് നിഷ്ഫലമായിക്കിടക്കുന്ന ആറ് പദ്ധതികളുടെ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് 164 കോടി രൂപ

യുടെ സ്കീം നടപ്പാക്കുന്നതാണ്. മഞ്ചേരി, കോഴിക്കോട്, വടകര, തലശ്ശേരി, കണ്ണൂർ, കാസർഗോഡ് എന്നിവയാണ് ഈ സ്കീമുകൾ. ഒന്ന്-രണ്ട് വർഷത്തിനുള്ളിൽ ഈ പദ്ധതികൾ പൂർത്തിയാക്കും. ഇതിനായി 40 കോടി രൂപ വകയിരുത്തുന്നു.

123. കുട്ടനാട് താലൂക്കിലെ 14 പഞ്ചായത്തുകളിലായി ഒരു സമഗ്രശുദ്ധ ജല വിതരണ സാനിറ്റേഷൻ പദ്ധതി തയ്യാറാക്കിക്കൊണ്ടിരിക്കുക യാണ്. മൂന്നുലക്ഷംപേർക്ക് ഇതിന്റെ ഗുണം ലഭിക്കും. 186 കോടി രൂപ ചെലവുവരുന്ന ഈ പദ്ധതി ജപ്പാൻ ധനസഹായത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

124. കേരളത്തിലെ കുടിവെള്ളത്തിന്റെ ഗുണനിലവാരമില്ലായ്മ ഇന്നു പരക്കെ ചർച്ചചെയ്യപ്പെടുന്നുണ്ട്. കാലഹരണപ്പെട്ട 26 വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ പുനരുദ്ധാരണത്തിന് 10 കോടി രൂപ വകയിരുത്തുന്നു.

## സാംസ്കാരിക സ്ഥാപനങ്ങൾ

125. കലാ-സാംസ്കാരിക സ്ഥാപനങ്ങൾക്ക് 27.5 കോടി രൂപയാണ് അട ങ്കൽ. സാഹിത്യ അക്കാദമിയുടെ ജൂബിലി മന്ദിരത്തിന് 1 കോടി രൂപ വകയിരുത്തുന്നു. ആലപ്പുഴയിലെ പുന്നപ്രവയലാർ സ്മാരക ത്തിന് 20 ലക്ഷം രൂപ വകയിരുത്തുന്നു. വയലാർ രാമവർമ്മ സ്മൃതി മണ്ഡപത്തിന് 20 ലക്ഷം രൂപ അനുവദിക്കുന്നു. സംഗീത-നാടക അക്കാദമിയുടെ ഡ്രാമ ഫെസ്റ്റിവലിന് 25 ലക്ഷം രൂപ വകയിരുത്തുന്നു. തകഴി സ്മാരകത്തിന് 50 ലക്ഷം രൂപ വക യിരുത്തുന്നു. കുമാരനാശാൻ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, തുഞ്ചൻ സ്മാരകം എന്നിവയ്ക്ക് 25 ലക്ഷം വീതം വകയി രുത്തുന്നു. കാസർഗോഡ് യക്ഷഗാന കലാകേന്ദ്രത്തിനും കൃപാ സനം പൗരാണിക കലാപീഠത്തിനും 20 ലക്ഷം രൂപ വീതം വകയി രുത്തുന്നു. കൊച്ചിയിലെ ആംഗ്ലോ ഇന്ത്യൻ കൾച്ചറൽസെന്റർ, മാമാങ്ക സ്മാരക സംരക്ഷണം, ഉണ്ണായിവാരിയർ സ്കൂൾ, എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ, മുണ്ടശേരി ഫൗണ്ടേഷൻ, പന്മന ആശ്രമം, അമ്പലപ്പുഴ കുഞ്ചൻനമ്പ്യാർ സ്മാരകം, പി.സ്മാരക കലാ-സാംസ്കാരിക കേന്ദ്രം എന്നിവയ്ക്ക് 10 ലക്ഷം രൂപ വീതം വകയിരുത്തുന്നു.

## സ്പോർട്സ്

126. 2010ലെ ദേശീയ ഗെയിംസിനുവേണ്ടി നിർമ്മിക്കുന്ന പശ്ചാത്തല സൗകര്യങ്ങൾ കേരളത്തിലെ സ്പോർട്സ് വികസനത്തിന് ശാശ്വത സംഭാവനയായിരിക്കും. തിരുവനന്തപുരത്ത് സംയുക്ത സംരംഭ മായി സ്പോർട്സ് വില്ലേജ് സ്ഥാപിക്കുന്നതിന് 50 കോടി രൂപ വകയിരുത്തുന്നു. 166 കോടി രൂപ ചെലവുവരുന്ന കാര്യവട്ട ത്തെയും വട്ടിയൂർക്കാവ് പോളിടെക്നിക്കിലേയും സ്റ്റേഡിയങ്ങളും സെൻട്രൽ സ്റ്റേഡിയവും ആന്വിറ്റി അടിസ്ഥാനത്തിലാണ് നിർമ്മി ക്കുന്നത്. 235 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കൊല്ലം ഇന്റോർ സ്റ്റേഡിയം, വാട്ടർ വർക്സ് സ്വിമ്മിംഗ് പൂൾ, ജിമ്മിജോർജ്ജ് സ്റ്റേഡിയം, കൊല്ലം ഹോക്കി സ്റ്റേഡിയം, തിരുവനന്തപുരം ഷൂട്ടിംഗ് റേഞ്ച്, കണ്ണാറ ഇന്റോർ സ്റ്റേഡിയം, മാവൂർ വെലോഡ്രോം, കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട് മെഡിക്കൽ കോളേജ് ഗ്രൗണ്ട്, ജവഹർലാൽ നെഹ്റു സ്റ്റേഡിയം, പുന്നമട പവിലിയൻ, രാജീവ്ഗാന്ധി ഇന്റോർ സ്റ്റേഡിയം എന്നിവയുടെ പുനരുദ്ധാരണത്തിനും നിർമാണം നടക്കുന്നവയുടെ പൂർത്തീകരണത്തിനുമായി 20 കോടി രൂപ വക യിരുത്തുന്നു. ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി 20 കോടി രൂപയും വകയിരുത്തുന്നു. ആലപ്പുഴ നെഹ്റു ട്രോഫി സ്ഥിരം പവലിയന് 2 കോടി രൂപ വകയിരുത്തുന്നു. പി.റ്റി. ഉഷ സ്കൂളിന് 20 ലക്ഷം രൂപയും കോതമംഗലത്ത് സെന്റ് ജോർജ്ജ് മാർ ബേസിൽ സ്കൂൾ കുട്ടികളുടെ പരിശീലനത്തിനായി സ്റ്റേഡിയം നിർമ്മിക്കുന്നതിന് 1 കോടി രൂപയും കണ്ണൂർ സ്പോർട്സ് ഹോസ്റ്റലിന് പുതിയ കെട്ടിടത്തിനും ട്രാക്കിനും വേണ്ടി 1 കോടി രൂപയും ആലപ്പുഴ സ്റ്റേഡിയത്തിന് 1 കോടി രൂപയും വകയിരുത്തു ന്നു. കുട്ടികളുടെ ഡയറ്റ് ചാർജ് 45 രൂപയിൽനിന്ന് 65 രൂപയായി ഉയർത്തുന്നു. മലപ്പുറം ഫുട്ബോൾ അക്കാദമിക്ക് 1 കോടി രൂപ വകയിരുത്തുന്നു. ആലപ്പുഴ റോവിംഗ് ക്ലബിന്റെ ബോട്ട് ഹൗസ് നിർമ്മാണത്തിന് 25 ലക്ഷം രൂപ അനുവദിക്കുന്നു.

## ഭാഗം ഏഴ്

# ക്ഷേമ പ്രവർത്തനങ്ങൾ

### സാമൂഹ്യ സുരക്ഷ

127. അസംഘടിത മേഖലയിലെ മഹാഭൂരിപക്ഷം തൊഴിലാളികളേയും സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കു കീഴിൽ കൊണ്ടുവരാൻ കഴിഞ്ഞു എന്നത് അഭിമാനകരമാണ്. എന്നാൽ ഈ സ്കീമുകൾ തമ്മിൽ വേണ്ടത്ര ഏകോപനമില്ല. ഒരു സോഷ്യൽ സെക്യൂരിറ്റി മിഷനും രൂപീകരിച്ചിട്ടുണ്ട്. ഓരോ മേഖലയ്ക്കും പ്രത്യേകം പ്രത്യേകം ക്ഷേമനിധികൾ ഏർപ്പെടുത്തുന്നതിന്റെ ഫലമായി പ്രവർത്തനച്ചെലവ് ഏറെയാണ്. ഈ ദൗർബല്യങ്ങൾ പരിഹരിച്ച് സമഗ്രമായൊരു സാമൂഹ്യ സുരക്ഷാ പരിപാടി ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. ഇതുസംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലെ ഡോ.എ.വി. ജോസ് അധ്യക്ഷനായി ഒരു സമിതിയെ നിയോഗിക്കുന്നതാണ്. 10 ലക്ഷം രൂപ വകയിരുത്തുന്നു.

128. ഇതിന്റെ ആദ്യ നടപടിയെന്ന നിലയിൽ പഞ്ചായത്ത് -മുനിസിപ്പൽ അടിസ്ഥാനത്തിൽ ക്ഷേമ പെൻഷനുകൾ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, ദേശീയ വാർധക്യകാല പെൻഷൻ തുടങ്ങി എല്ലാ പെൻഷൻകാരുടേയും സമ്പൂർണ ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ലിസ്റ്റിലെ ഗുണഭോക്താക്കൾക്കെല്ലാം ബയോമെട്രിക് ഐഡന്റിറ്റി കാർഡുകൾ നൽകും. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു. ഇപ്രകാരമുള്ള ലിസ്റ്റ് സമർപ്പിക്കുന്ന മുറയ്ക്കായിരിക്കും 250 രൂപ മിനിമം പെൻഷൻ അനുവദിക്കുക. എന്നാണോ ലിസ്റ്റ് സമർപ്പിക്കുന്നത് അന്നുമുതലേ വർധിച്ച പെൻഷന് അവകാശമുണ്ടാകൂ.

129. മേൽപ്പറഞ്ഞ പെൻഷനുകൾ ഒന്നും ലഭിക്കാത്ത 65 വയസുകഴിഞ്ഞ എല്ലാ ദരിദ്രർക്കും തുടക്കമെന്ന നിലയിൽ പ്രതിമാസം 100 രൂപ പെൻഷൻ അനുവദിക്കുന്നു. ആശ്രയ കുടുംബങ്ങൾ, ബി.പി. എൽ കുടുംബങ്ങൾ, അതിലുൾപ്പെടാത്ത മത്സ്യത്തൊഴിലാളികൾ, പട്ടികജാതി പട്ടികവർഗക്കാർ, പരമ്പരാഗത വ്യവസായമേഖലയിലെ തൊഴിലാളി കുടുംബങ്ങൾ, കർഷകത്തൊഴിലാളി, പ്ലാന്റേഷൻ

തൊഴിലാളി കുടുംബങ്ങൾ, ഒരേക്കറിൽ താഴെമാത്രം ഭൂമിയുള്ള നാമമാത്ര കൃഷിക്കാർ എന്നിവർക്കാണ് ഈ പെൻഷന് അർഹത. ഇവരുടെ ലിസ്റ്റും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് തയാറാക്കേണ്ടത്. നിലവിലുള്ള പെൻഷൻകാരുടെ സമ്പൂർണ ലിസ്റ്റ് തയാറാക്കി ഐഡന്റിറ്റി കാർഡ് വിതരണംചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേ ഈ സ്കീം നടപ്പിലാവൂ.

130. ലക്ഷക്കണക്കിന് തൊഴിലാളികൾ മറ്റു സംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽവന്ന് പണിയെടുക്കുന്നു. കേരളത്തിലെ സാമൂഹ്യ ക്ഷേമധാരകളിൽനിന്നും പൂർണമായി ഒറ്റപ്പെട്ട് അവർ ജീവിക്കുന്നു. കേരള സമ്പദ്ഘടനയുടെ സുഗമമായ നടത്തിപ്പിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുന്ന ഈ തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ആരോഗ്യപരിരക്ഷ, കുട്ടികളുടെ വിദ്യാഭ്യാസം, മരണാനന്തര ചടങ്ങുകൾക്കുള്ള സഹായം എന്നിവ നിധിയിൽനിന്നും ലഭ്യമാക്കും. ക്ഷേമനിധിയിൽ അംഗമായിരിക്കുകയും ഒരു നിശ്ചിതകാലം കേരളത്തിൽ ജോലിയെടുക്കുകയും ചെയ്ത തൊഴിലാളികൾ തിരിച്ചുപോകുമ്പോൾ സമ്മാനമായി ഒരു തുക നൽകും. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.

## ആരോഗ്യ ഇൻഷുറൻസ്

131. കേന്ദ്രസർക്കാരിന്റെ ഭൂരഹിത കുടുംബങ്ങൾക്കുള്ള ഇൻഷുറൻസ് പദ്ധതിയിലേക്ക് സംസ്ഥാന വിഹിതമായി 7 കോടി രൂപ വകയിരുത്തുന്നു. ആരോഗ്യ ഇൻഷുറൻസിന്റെ മൊത്തം അടങ്കൽ 83 കോടി രൂപയാണ്. ഇതിൽ 30 കോടി രൂപ കേന്ദ്രത്തിൽനിന്ന് ലഭിക്കും. സ്കീം നടപ്പാക്കിത്തുടങ്ങിയ ആദ്യവർഷം എന്ന നിലയിൽ ഒട്ടേറെ പ്രായോഗിക പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. 2009-10 ൽ സ്കീം പൂർണമായും പ്രാബല്യത്തിൽ വരുത്തും.

## സാമൂഹ്യക്ഷേമം

132. സാമൂഹ്യക്ഷേമ വകുപ്പിന് 146 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കോഴിക്കോട് വിശപ്പ്മുക്ത നഗരം പദ്ധതിക്കായി കോഴിക്കോട് കോർപ്പറേഷന് 1 കോടി രൂപ വകയിരുത്തുന്നു. ഈ ധനകാര്യ വർഷം തന്നെ ഈ പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കും. അനുഭവത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും സാമൂഹ്യ സുരക്ഷാമി

ഷന്റെ സഹായത്തോടെയും ഇത് മറ്റുചില നഗരങ്ങളിലേക്കു കൂടി വ്യാപിപ്പിക്കുന്നതാണ്.

## കായികവും മാനസികവുമായ വെല്ലുവിളികളെ നേരിടുന്നവർ

133. മാനസികവും കായികവുമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കു വേണ്ടിയുള്ള സ്കൂളുകളിൽ 50 എണ്ണത്തിനു മാത്രമേ ഇപ്പോൾ ധന സഹായം ലഭിക്കുന്നുള്ളൂ. ബാക്കിയുള്ളവയ്ക്കുകൂടി കേന്ദ്രനിര ക്കിൽ ധനസഹായം നൽകുന്നതിന് 10 കോടി രൂപ വകയിരുത്തുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ച പണം മാർച്ച് മാസത്തിൽ വിതരണം ചെയ്യും. പാങ്ങപ്പാറ സ്കൂളിന് 90 ലക്ഷം രൂപ വകയിരുത്തുന്നു. നിഷിന് 2.25 കോടി രൂപ വകയിരുത്തുന്നു. ഐകോണിന് 1 കോടി രൂപ വകയിരുത്തുന്നു.

## സിവിൽ സപ്ലൈസ്

134. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇപ്പോൾ ലാഭത്തിലാണ്. കാര്യ ക്ഷമത ഉയർത്തുന്നതിനുവേണ്ടി പുനഃസംഘടന നടത്തുന്നതാണ്. വിപുലീകരണത്തിനുവേണ്ടി സർക്കാർ ഗ്യാരണ്ടിയോടെ കൂടുതൽ വായ്പ എടുക്കുന്നതാണ്. ഇതിന് സഹായകരമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംസ്ഥാന സർക്കാരിന് നൽകേണ്ട 665 കോടി രൂപയിൽ പലിശയിനത്തിലുള്ള 532 കോടി രൂപ എഴുതി ത്തള്ളുന്നു. ബാക്കി ഓഹരിമൂലധനമാക്കി മാറ്റുന്നതാണ്. 2009-10ൽ സബ്സിഡിക്കായി 40 കോടി രൂപ നൽകും. 14 രൂപക്ക് 1 കിലോ അരി സ്കീമിനുള്ള സബ്സിഡിക്ക് പുറമെയാണിത്.

135. റേഷൻ പരിഷ്ക്കാരത്തെക്കുറിച്ച് പ്രസ്താവിച്ചുകഴിഞ്ഞു. ബി.പി.എൽ റേഷൻ കാർഡുടമകൾക്ക് കിലോയ്ക്ക് 2 രൂപയ്ക്ക് റേഷൻ ലഭിക്കും. അർഹരായ ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവരെ കണ്ടെത്തുന്നതിന് പ്രത്യേക സുതാര്യമായ സംവിധാനം ഏർപ്പെടു ത്തുന്നതാണ്. ഇവർക്ക് ലഭിക്കുന്ന റേഷനളവ് എ.പി.എൽ വിഭാഗ ങ്ങൾക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ളതു തന്നെയായിരിക്കും.

## പ്രത്യേക ഘടകപദ്ധതി

136. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ പ്രത്യേക ഘടക പദ്ധതിയിലും പട്ടികവർഗ ഉപപദ്ധതിയിലും നോഷനൽ സമ്പ്രദായം 1997 മുതൽ പൂർണമായും അവസാനിപ്പിച്ചു. എന്നാൽ

സംസ്ഥാന പദ്ധതിയിൽ ഇത് ചെറിയതോതിൽ തുടരുന്നുണ്ട്. ഇതിന് ഈ വർഷത്തോടെ പൂർണവിരാമമിടുകയാണ്. ഈ വർഷത്തെ അടങ്കൽ 312 കോടി രൂപയാണ്.

137. സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവയിൽനിന്ന് പട്ടികജാതി പട്ടികവർഗ്ഗക്കാരെടുത്ത 25000 രൂപവരെയുള്ള വായ്പകൾ പലിശയും പിഴപ്പലിശയും ഉൾപ്പെടെ എഴുതിത്തള്ളുന്നു. ഇതിന് മുകളിലുള്ള വായ്പകൾക്ക് ഒറ്റത്തവണതീർപ്പായി പലിശയും പിഴപ്പലിശയും ഒഴിവാക്കിക്കൊടുക്കും. ഇതിനൊരു സ്കീം തയ്യാറാക്കി ആവശ്യമായ പണം നിലവിലുള്ള കോർപസ് ഫണ്ടിൽനിന്ന് കണ്ടെത്തും.

138. പ്രത്യേക ഘടകപദ്ധതിയിൽ ഏറ്റവും പ്രധാന ഊന്നൽ നൽകിയിട്ടുള്ളത് പാർപ്പിട മേഖലക്കാണ്. 50 കോടി രൂപ വീടിനും 30 കോടി രൂപ ഭൂമിക്കും വേണ്ടി വകയിരുത്തിയിരിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാനിലും പാർപ്പിടത്തിനു പണം നീക്കിവെച്ചതിനുശേഷം മാത്രമേ മറ്റ് പ്രോജക്ടുകൾക്ക് നീക്കിവെക്കാവൂ എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇത്തരത്തിൽ സംയോജിതമായി ഭൂമിയില്ലാത്തവർക്കുമുഴുവൻ കിടപ്പാടവും വീടില്ലാത്തവർക്കെല്ലാം വീടും നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

139. വിദ്യാഭ്യാസത്തിനാണ് അടുത്ത ഊന്നൽ. ആകെ 44 കോടിരൂപ വിദ്യാഭ്യാസ പരിപാടികൾക്കാണ്. 12 കോടി രൂപ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കാണ്. സെൽഫ് ഫിനാൻസിംഗ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസിനും മറ്റുമായി 8 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

140. പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ മെസ് അലവൻസ് 700 രൂപയിൽനിന്ന് 1300 രൂപയായും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലേത് 900 രൂപയിൽനിന്ന് 1500 രൂപയായും ഉയർത്തുന്നു.

141. പട്ടികജാതി പട്ടികവർഗ വികസന പ്രമോട്ടർമാരുടെ ഓണറേറിയം 2000 രൂപയിൽനിന്ന് 2500 രൂപയായി ഉയർത്തുന്നു.

## പട്ടികവർഗ ഉപപദ്ധതി

142. പട്ടികവർഗ ഉപപദ്ധതിയുടെ അടങ്കൽ 92 കോടി രൂപയാണ്. വിദ്യാഭ്യാസ മേഖലയ്ക്കാണ് മുന്തിയ പരിഗണന നൽകിയിട്ടുള്ളത്. വിദ്യാഭ്യാസത്തിനുവേണ്ടി മൊത്തം 22 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 17 കോടി രൂപ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കാണ്. പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷനുവേണ്ടി 14 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്.

## മറ്റു പിന്നോക്ക സമുദായങ്ങൾ

143. പിന്നോക്ക സമുദായ വികസന കോർപ്പറേഷന് 7 കോടി രൂപയും പരിവർത്തിത ക്രിസ്ത്യൻ വികസന കോർപ്പറേഷന് 3 കോടി രൂപയും വകയിരുത്തുന്നു. സ്കോളർഷിപ്പിന് 5 കോടി രൂപ വകയിരുത്തുന്നു. മുസ്ലീം ജനവിഭാഗത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി നിയമിച്ച പാലോളി കമ്മിറ്റി ശുപാർശ നടപ്പിലാക്കുന്നതിന് 10 കോടി രൂപ വകയിരുത്തുന്നു. ഹജ്ജ് ഹൗസിൽ അവശേഷിക്കുന്ന പണികൾ പൂർത്തീകരിക്കാൻ 1 കോടി രൂപ വകയിരുത്തുന്നു.

## പ്രവാസി ക്ഷേമം

144. കേരള സമ്പദ്ഘടനയുടെ സുസ്ഥിരതയിൽ നിർണായക സ്ഥാനമാണ് ഗൾഫ് മലയാളികൾക്കുള്ളത്. ആഗോളമാന്ദ്യം ഗൾഫ് സമ്പദ്ഘടനയേയും ഗ്രസിച്ചു കഴിഞ്ഞു. ഇതിന്റെ ഫലമായി ഗൾഫിൽ നിന്നുള്ള വരുമാനം 2009-10ൽ ഇടിയുകയും തൊഴിൽ നഷ്ടപ്പെട്ടവർ തിരിച്ചുവരികയും ചെയ്യും. കേന്ദ്രസർക്കാർ അവഗണനാ സമീപനമാണ് ഈ പ്രശ്നത്തോട് കൈക്കൊള്ളുന്നത്. ഗൾഫിൽനിന്നും തിരിച്ചുവരുന്നവരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനുവേണ്ടി പ്രത്യേക രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തുന്നതാണ്. രണ്ടുവർഷംപോലും ഗൾഫിൽ തൊഴിൽ എടുക്കാൻ കഴിയാതെ മാന്ദ്യത്തിന്റെ ഫലമായി തിരിച്ചുവരുന്നവർക്ക് ചെറിയ തോതിലെങ്കിലും ധനസഹായം നൽകുന്നതിനുവേണ്ടി പ്രവാസി ക്ഷേമനിധിയിലേക്ക് 10 കോടി രൂപ നൽകുകയാണ്. തിരിച്ചുവരുന്ന ഗൾഫ് മലയാളികൾക്ക് വ്യവസായ വാണിജ്യ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേക പാക്കേജിന് കെ.എഫ്.സി രൂപം നൽകുന്നതാണ്. ഇതിനായി 100 കോടി രൂപയുടെ വായ്പ ലഭ്യമാക്കും. ഗൾഫിൽ

നിന്നും തിരിച്ചുവരുന്ന കുടുംബങ്ങളിലെ കുട്ടികളുടെ സ്കൂൾ പ്രവേശനം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## സ്ത്രീയും വികസനവും

145. ജെന്റർ ഓഡിറ്റിന്റെ കരട് റിപ്പോർട്ട് തയ്യാറായിക്കഴിഞ്ഞു. കേരളത്തിലെ പദ്ധതിയുടെ 5.23 ശതമാനമാണ് വനിതകൾക്കായി നീക്കിവെച്ചിട്ടുള്ളത്. ഈ തോത് കേന്ദ്ര പദ്ധതിയിൽ 4.84 ശതമാനമാണ്. ഇത് വരുംവർഷങ്ങളിൽ എങ്ങനെ ഉയർത്താമെന്നതാണ് ചോദ്യം. വിവിധ വകുപ്പുകളിലെ വനിതാ വികസന സ്കീമുകളെ ഏകോപിപ്പിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും ജെന്റർ അഡ്വൈസറി ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ഏതായാലും ഒരുകാര്യം വ്യക്തമാണ്. ബഡ്ജറ്റിൽ സ്ത്രീകൾക്കുള്ള പരിഗണന വർധിപ്പിക്കേണ്ടതുണ്ട്. പടിപടിയായിട്ടാണെങ്കിലും സംസ്ഥാന പദ്ധതിയിലെ വനിതാവിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതികളിലെന്നപോലെ 10 ശതമാനമായി ഉയർത്തണം.

146. കുടുംബശ്രീയാണ് ഈ രംഗത്തെ സംസ്ഥാന സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട ഇടപെടൽ. സ്ത്രീയുടെ സാമൂഹ്യപദവിയെ പ്രത്യക്ഷമായി സ്വാധീനിക്കുന്ന പദ്ധതികൾ കുറവാണെന്നതാണ് സ്കീമുകളുടെ ദൗർബല്യം. കുടുംബശ്രീ ജെന്റർ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകും. കൂടുതൽ പഞ്ചായത്തുകളിൽ സ്ത്രീപദവി പഠനം നടത്തുന്നതിന് ആവശ്യമായ പരിശീലനം നൽകുന്നതാണ്. വനിതാ സംരംഭകർക്കുള്ള സബ്സിഡിയും വകയിരുത്തിയിട്ടുണ്ട്.

147. ജെന്റർ ബോധവൽക്കരണത്തിന് 4.5 കോടി രൂപയും കൗമാരപ്രായക്കാരായ കുട്ടികളുടെ മാനസിക സാമുഹ്യ സേവനങ്ങൾക്കുവേണ്ടി 2.5 കോടി രൂപയും നീക്കിവെച്ചിട്ടുണ്ട്. സ്ത്രീകൾക്കുവേണ്ടിയുള്ള ഫിനിഷിംഗ് സ്കൂളിന് 2 കോടി രൂപ നീക്കിവെക്കുന്നു. ഷോർട്ട് സ്റ്റേ ഹോമിനും പീഡിപ്പിക്കപ്പെടുന്ന സ്ത്രീകളുടെ പുനരധിവാസത്തിനും 2 കോടി രൂപവീതം നീക്കിവെക്കുന്നു. സന്നദ്ധ സംഘടനകളുടെ സേവനവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുന്നതാണ്.

148. വനിതാ ജീവനക്കാരുടെ പ്രസവകാല അവധി 135 ദിവസത്തിൽ നിന്ന് 180 ദിവസമായി ഉയർത്തുന്നു. ഗർഭാശയം നീക്കൽ ശസ്ത്ര

ക്രിയക്ക് വിധേയരാകുന്ന ജീവനക്കാർക്ക് സർജറിക്ക് 45 ദിവസം അവധി അനുവദിക്കുന്നു.

## ഭാഗം എട്ട്

## തദ്ദേശ സ്വയംഭരണം

### ഗ്രാമവികസനം

149. കഴിഞ്ഞ മൂന്നു ബഡ്ജറ്റുകളിലും ഊന്നിയ കാര്യമാണ് പഞ്ചായത്തീരാജിന്റെ സ്ഥാപനവൽക്കരണം. താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞതിൽ അഭിമാനമുണ്ട്.

- ഏതാണ്ട് എല്ലാ പ്രാദേശിക സർക്കാരുകളുടേയും കണക്കുകൾ ചിട്ടപ്പെടുത്തി.
- 19 ഗ്രാമപഞ്ചായത്തുകളൊഴികെ മറ്റുള്ളവയെല്ലാം കമ്പ്യൂട്ടർ വൽക്കരിച്ചു.
- ദേശീയ തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പ് രാജ്യത്തിനുതന്നെ മാതൃകാപരമായി നടപ്പാക്കാൻ കഴിഞ്ഞു.
- നീർത്തടാസൂത്രണത്തിനുള്ള ചട്ടക്കൂടായി.
- എഞ്ചിനീയറിംഗ് വിംഗ് രൂപീകരിച്ചു.
- പ്ലിൻത് ഏരിയാ അടിസ്ഥാനത്തിലുള്ള കെട്ടിടനികുതി നടപ്പിലാക്കി.

150. നാലാം സംസ്ഥാന ധനകമ്മീഷനെ ഈ വർഷം നിയമിക്കുന്നതാണ്.

151. 2009-10ൽ പഞ്ചായത്തുകൾക്ക് വികസന ഫണ്ടായി 1568 കോടി രൂപയും ജനറൽ പർപ്പസ് ഫണ്ടായി 319 കോടി രൂപയും മെയിന്റനൻസ് ഗ്രാന്റായി 349 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമെ പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴിയാണ് നടപ്പിലാക്കുന്നത്. സർവശിക്ഷാ അഭിയാനും ദേശീയ ആരോഗ്യമിഷനും പഞ്ചായത്തുകളുമായി കൂടുതൽ ഫലപ്രദമായി സംയോജിപ്പിക്കുന്നതാണ്.

## കുടുംബശ്രീ

152. കുടുംബശ്രീ സമാനതകളില്ലാത്ത സ്വയംസഹായ സംവിധാനമാണ്. മറ്റെവിടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ സാർവ്വത്രികമായൊരു അയൽക്കൂട്ട സംവിധാനമില്ല. കേവലം മൈക്രോ ക്രെഡിറ്റ് സംവിധാനമെന്നതിനുപരിയായി ഭരണത്തിലെ ജനപങ്കാളിത്തം ഉയർത്തുന്നതിനും സ്ത്രീ വികസന പരിപാടികളുടേയും ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളുടേയും ഏകോപനത്തിനുള്ള സംവിധാനമാണിത്. കുടുംബശ്രീക്ക് 30 കോടി രൂപ വകയിരുത്തുന്നു.

153. കുടുംബശ്രീ വഴിയുള്ള എസ്.ജി.എസ്.വൈ സ്വയംതൊഴിൽ പരിപാടിക്ക് 48 കോടിരൂപയാണ് മൊത്തം അടങ്കൽ. കുടുംബശ്രീവഴി നടപ്പാക്കിയ എൻ.എസ്.ഡി.പി., ഭവനശ്രീ പദ്ധതിയുടെ ബാധ്യത സർക്കാർ ഏറ്റെടുക്കും.

154. കുടുംബശ്രീ യൂണിറ്റുകളിലെ പരസ്പര വായ്പകൾക്കുള്ള പലിശ 24 ശതമാനത്തിൽനിന്ന് 12 ശതമാനമായി കുറയ്ക്കുകയാണ്. ബാങ്കുകളുമായുള്ള ചർച്ചയിൽ 8 ശതമാനം പലിശയ്ക്ക് വായ്പ ലഭ്യമാക്കുന്നതിന് സമ്മതിച്ചിട്ടുണ്ട്. തിരിച്ചടവ് കൃത്യമായി നടത്തുന്ന സംഘടനകൾക്ക് 2 ശതമാനം പലിശ സബ്‌വെൻഷൻ അനുവദിക്കുന്നതാണ്. ഇതിലേയ്ക്കായി 15 കോടി രൂപ വകയിരുത്തുന്നു.

155. ആശ്രയ പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തുന്നു.

156. കുടുംബശ്രീ പ്രവർത്തനങ്ങൾ കൂടുതൽ ചിട്ടപ്പെടുത്തുന്നതിലേക്കായി 5000 രൂപ അലവൻസ് നൽകി ഓരോ അക്കൗണ്ടന്റുമാരെ നിയോഗിക്കുന്നതിന് സി.ഡി.എസിന് അനുവാദം നൽകും. എല്ലാ ഗ്രാമപഞ്ചായത്തുകളിലും കുടുംബശ്രീ ഉൽപന്നങ്ങൾ വിൽക്കുന്നതിനുവേണ്ടി ഒരു വിപണനകേന്ദ്രം തുറക്കുന്നതാണ്. ബ്ലോക്കുകളിലെ സ്വയംസഹായ സംഘങ്ങളും കുടുംബശ്രീയും പൂർണമായും സംയോജിപ്പിക്കും. ഇതുപോലെതന്നെ മത്സ്യവകുപ്പ് തുടങ്ങിയ വകുപ്പുകളുടെ സ്വയംസഹായ സംവിധാനങ്ങളേയും കുടുംബശ്രീയുമായി സംയോജിപ്പിക്കും.

## ദേശീയ തൊഴിലുറപ്പു പദ്ധതി

157. ഭക്ഷ്യസുരക്ഷാ പരിപാടിയായിരിക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുഖ്യ ക്യാമ്പയിൻ പ്രവർത്തനം. ഇതിനായി വലിയതോതിൽ ദേശീയ തൊഴിലുറപ്പു പദ്ധതിയെ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഇപ്പോൾ 400 കോടി രൂപയ്ക്കുള്ള തൊഴിൽദാന പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഇത് ഇരട്ടിയായി ഉയർത്താൻ കഴിയണം. ഇതിലേക്ക് സുപ്രധാന നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിനുമുന്നിൽ കേരളം സമർപ്പിച്ചിട്ടുണ്ട്. 40 കോടി രൂപയാണ് ദേശീയ തൊഴിലുറപ്പു പദ്ധതിക്കായി ഇപ്പോൾ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. 50 ദിവസം തൊഴിലുറപ്പുപദ്ധതിയിൽ ജോലിചെയ്യുന്ന മുഴുവൻ കുടുംബങ്ങൾക്കും ആരോഗ്യ ഇൻഷുറൻസും അപകട ഇൻഷുറൻസും നൽകുന്നതാണ്. അത്തരം കുടുംബങ്ങൾ എ.പി.എൽ വിഭാഗത്തിൽപ്പെട്ടതാണെങ്കിലും അവരുടെ ഇൻഷുറൻസ് പ്രീമിയം സർക്കാർ നൽകുന്നതാണ്.

## ഉദ്യോഗസ്ഥ പുനർവിന്യാസം

158. പഞ്ചായത്തിലേക്കുള്ള പ്രൊട്ടക്റ്റഡ് അധ്യാപകരുടെ പുനർവിന്യാസം നടപ്പിലാക്കാൻ കഴിഞ്ഞില്ല. വകുപ്പുകളിൽ നിന്നുള്ള പുനർവിന്യാസവും നീണ്ടുപോവുകയാണ്. ആവശ്യത്തിന് ഉദ്യോഗസ്ഥരില്ലാത്തത് പഞ്ചായത്തുകളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരു അക്കൗണ്ടന്റ് തസ്തിക പുതുതായി അനുവദിക്കുന്നു. ഇതിനുപുറമെ സെറിഫെഡിലെ ജീവനക്കാരെ ഏതാണ്ട് പൂർണമായിതന്നെയും ഹൗസിംഗ്ബോർഡ്, ഖാദി ബോർഡ്, ഹാന്റെക്സ്, ഹാൻവീവ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് ഭാഗികമായി അഞ്ഞൂറിൽപ്പരം ജീവനക്കാരെയും പുനർവിന്യാസം നടത്തും. പഞ്ചായത്തിന് ഒരു ഓവർസിയർ, മൂന്ന് പഞ്ചായത്തുകൾക്ക് ഒരു എഞ്ചിനീയർ എന്നതോതിൽ പുനർവിന്യാസം നടക്കാത്ത സ്ഥലങ്ങളിൽ പുതുതായി ഉദ്യോഗസ്ഥരെ നിയമിക്കുന്നതാണ്.

159. 19 ഗ്രാമപഞ്ചായത്തുകളും 2 ജില്ലാപഞ്ചായത്തുകളും ഒഴികെ ബാക്കിയെല്ലാം കമ്പ്യൂട്ടർവൽക്കരിച്ചു. ഇൻഫർമേഷൻ കേരള

മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്ഥാപനങ്ങളിലെ സേവന ങ്ങൾക്ക് വെബധിഷ്ഠിത സൗകര്യം ലഭ്യമാക്കിവരുന്നു. ഈ വർഷം 100 ഗ്രാമപഞ്ചായത്തുകളിൽ ടച്ച്സ്ക്രീൻ സൗകര്യത്തോടുകൂടിയ ഫ്രണ്ട് ഓഫീസ് സ്ഥാപിക്കുന്നതാണ്. എല്ലാ ഗ്രാമപഞ്ചായത്തുക ളിലും നെറ്റ്വർക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതാണ്.

## നഗരവികസനം

160. മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും 273 കോടി രൂപ വികസന ഫണ്ടായും 80 കോടി രൂപ ജനറൽപർപ്പസ് ഫണ്ടായും 79 കോടി രൂപ മെയിന്റനൻസ് ഗ്രാന്റായും വകയിരുത്തിയിട്ടുണ്ട്.

161. ജൻറം, യൂഡിസ്മാറ്റ്, സുസ്ഥിര നഗരവികസന പദ്ധതി വഴി 800ൽപ്പരം കോടി രൂപയാണ് നഗരസഭകൾവഴി ചെലവഴിക്കുന്നത്. ഈ സ്കീമുകളുടെ അധികച്ചെലവ് സംസ്ഥാന സർക്കാർ വഹിക്കു ന്നതാണ്.

162. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കോർപറേഷനുകൾക്ക് കെ.എസ്.ആർ.ടി.സിയുമായി സംയുക്ത സംരംഭങ്ങൾ രൂപീകരി ക്കുന്നതിന് 20 കോടി രൂപ വകയിരുത്തുന്നു. ഈ സംയുക്ത സംരംഭങ്ങൾവഴി ഏറ്റവും ആധുനികമായ സിറ്റി ബസ് സർവ്വീസു കൾ ആരംഭിക്കുന്നതാണ്. 200 ബസുകളായിരിക്കും ഇപ്രകാരം ഇറക്കുക.

163. തദ്ദേശ സ്വയംഭരണ മേഖലയിലെ ഒരു സുപ്രധാന നടപടി കേരള തദ്ദേശ സർക്കാർ വികസന ഫണ്ടാണ്. സുസ്ഥിര നഗരവികസന പദ്ധതിയിൽനിന്ന് 250 കോടി രൂപ ഗ്രാന്റായി ഈ നിധിയിലേക്ക് നൽകുന്നതാണ്. നിധിയിൽ പൊതുമേഖലാ ബാങ്കുകൾക്കുകൂടി പങ്കാളിത്തം ഉണ്ടാകും. പക്ഷേ ഭൂരിപക്ഷം ഓഹരികളും സർക്കാരി ന്റേതായിരിക്കും. ചുരുങ്ങിയ പലിശയ്ക്ക് കമ്പോളത്തിൽനിന്ന് വായ്പയെടുത്ത് വാണിജ്യാടിസ്ഥാനത്തിലുള്ള പ്രോജക്ടുകൾ നട പ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ നിധി സഹായകരമാകും.

164. ജില്ലാ ആസൂത്രണ സമിതി, ജില്ലാ ടൗൺപ്ലാനിംഗ്, സ്റ്റാറ്റിസ്റ്റിക്സ്, പ്ലാനിംഗ് ഓഫീസുകൾ എന്നിവ ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന തിനുവേണ്ടി എല്ലാ ജില്ലകളിലും പ്രത്യേക ഓഫീസ് സമുച്ചയങ്ങൾ

പണിയുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംഭാവന കൂടി ചേർത്തായിരിക്കും ഇവ നിർമ്മിക്കുക. ഇതിനായി 6 കോടി രൂപ വകയിരുത്തുന്നു.

## പാർപ്പിടം

165. ഇ.എം.എസ്. സമ്പൂർണ പാർപ്പിട പദ്ധതി ഇന്ത്യയിലെ ഏറ്റവും വലിയ പാർപ്പിട നിർമാണ പ്രോജക്ടാണ്. 2000 കോടി രൂപയാണ് ഇതിന്റെ അടങ്കൽ. സഹകരണ ബാങ്കുകളിൽനിന്നാണ് ഇതിനാവശ്യമായ പണം വായ്പയെടുക്കുന്നത്. പത്തുവർഷംകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വാർഷിക ഗ്രാന്റിൽനിന്ന് ഈ പണം തിരിച്ചടക്കണം. ഈ തിരിച്ചടവ് വാർഷിക ഗ്രാന്റിന്റെ 10 ശതമാനത്തിൽ അധികരിക്കുവാൻ പാടില്ല. വായ്പയുടെ പലിശ സംസ്ഥാന ബഡ്ജറ്റിൽനിന്നാണ് നൽകുന്നത്. ഇതിലേക്കായി ഞാൻ 100 കോടി രൂപ വകയിരുത്തുന്നു. രണ്ട് അഭ്യർത്ഥനകൾ കേന്ദ്ര സർക്കാരിനുമുന്നിൽ നാം വെച്ചിട്ടുണ്ട്. ആദ്യത്തേത് ഐ.എ.വൈ സ്കീംവഴി കേരളത്തിൽ ഭാവിയിൽ ലഭിക്കേണ്ടുന്ന പണം തിരിച്ചടവിലേക്ക് ഉപയോഗിക്കാൻ അനുവദിക്കണം എന്നുള്ളതാണ്. രണ്ടാമത്തേത് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച, മുഖ്യമായും ഇടത്തരക്കാരെ ലക്ഷ്യമിട്ടുകൊണ്ടുള്ള താഴ്ന്ന പലിശക്കുള്ള പാർപ്പിട വായ്പാ പദ്ധതിയിൽ കേരളത്തിലെ സ്കീമിനെയും ഉൾപ്പെടുത്തണമെന്നാണ്.

166. വസ്തുനിഷ്ഠ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ ഗുണഭോക്താക്കളെ തീരുമാനിക്കുന്ന രീതി ജനകീയാസൂത്രണത്തിന്റെ സൃഷ്ടിയാണ്. ദൗർഭാഗ്യവശാൽ വലിയതോതിൽ ഇതിൽ ചോർച്ച വന്നിരിക്കുന്നു. ആശ്രിതത്വ രാഷ്ട്രീയത്തിന്റെ അതിപ്രസരം ഇല്ലാതാക്കുന്നതിനും അർഹതയുള്ളവർക്ക് വീട് ലഭിക്കുന്നു എന്നുറപ്പുവരുത്തുന്നതിനുമുള്ള കർശനമായ നിലപാട് എടുത്തിട്ടുണ്ട്.

167. ലക്ഷംവീട് പദ്ധതിപ്രകാരമുള്ള വീടുകൾ പുനരുദ്ധരിക്കുന്നതിന് എം.എൻ.സ്മാരക പാർപ്പിട പദ്ധതി നടപ്പിലാക്കും. ഭവനനിർമ്മാണ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിലേക്ക് സംസ്ഥാന വിഹിതമായി 15 കോടി രൂപ വകയിരുത്തുന്നു.

168. നടപ്പു സാമ്പത്തികവർഷം പാർപ്പിട മേഖലയ്ക്ക് പ്രത്യേകിച്ചും ഇ.എം.എസ്. പാർപ്പിട പദ്ധതിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ 15 ശതമാനം തുക നീക്കിവെക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. വ്യക്തമായ മാനദണ്ഡങ്ങൾക്കായി കാത്തിരുന്നതുമൂലം പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഈ തുക വിനിയോഗിച്ചിട്ടില്ല. ഇങ്ങനെ പാർപ്പിട മേഖലയ്ക്കായി നീക്കി വെച്ചിട്ടും വിനിയോഗിക്കാതെ വരുന്ന തുക നടപ്പു സാമ്പത്തിക വർഷത്തെ ചെലവുചെയ്യാത്ത പദ്ധതിത്തുക കണ്ടെത്തുന്നതിന് കണക്കിലെടുക്കുന്നതല്ല.

## കേരള സംസ്ഥാന ഹൗസിംഗ് ബോർഡ്

169. പാർപ്പിട മേഖലയിലെ സംസ്ഥാന സർക്കാരിന്റെ മുഖ്യ ഏജൻസി ഹൗസിംഗ് ബോർഡാണ്. ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനം സാമ്പത്തിക പ്രതിസന്ധിമൂലം ഏതാണ്ട് നിശ്ചലാവസ്ഥയിലേക്ക് നീങ്ങിയവേളയിലാണ് ഈ സർക്കാർ അധികാരമേറ്റെടുത്തത്. ഹൗസിംഗ് ബോർഡിന്റെ പുനരുദ്ധാരണത്തിന് സമഗ്രമായ ഒരു പരിപാടി തയ്യാറാക്കിയിട്ടുണ്ട്. മറൈൻ ഡ്രൈവിലെ 17.9 ഏക്കർ സ്ഥലവും ആക്കുളത്തെ 14.7 ഏക്കർ സ്ഥലവും കോഴിക്കോട് മെഡിക്കൽ കോളേജ്, കലൂർ, മുളങ്കുന്നത്തുകാവ് എന്നിവിടങ്ങളിലെ 16 ഏക്കർ സ്ഥലവും 15 പ്ലോട്ടുകളിലുള്ള 12 ഏക്കർ സ്ഥലവും ഉപയോഗപ്പെടുത്തി പാർപ്പിട-വാണിജ്യ സമുച്ചയങ്ങൾ പണിയുന്നതിനുള്ള സംയുക്ത സംരംഭങ്ങൾക്കാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. 2060 കോടി രൂപയുടെ നിക്ഷേപത്തിന് തുടക്കം കുറിക്കുന്നതാണ്.

170. സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റിൽ 255 കോടി രൂപ ഹഡ്കോയ്ക്ക് നൽകുന്നതിനുവേണ്ടി വകയിരുത്തിയിട്ടുണ്ട്. ഈ വായ്പ സംയുക്ത സംരംഭങ്ങളുടെ മുൻകൂർ പണത്തിൽനിന്ന് സർക്കാരിന് തിരിച്ചുനൽകേണ്ടതാണ്. ഹഡ്കോ കുടിശ്ശിക തീരുന്നതോടെ ഹൗസിംഗ് ബോർഡ് വീണ്ടും വായ്പയ്ക്ക് അർഹമായിത്തീരും. പാക്കേജിന്റെ ഭാഗമായി ഹൗസിംഗ് ബോർഡിന് സർക്കാരിലുള്ള ബാധ്യതകൾ പലിശരഹിത വായ്പയായോ ഓഹരി മൂലധനമായോ മാറ്റുന്നതാണ്.

171. ഈ പാക്കേജിന്റെ ഭാഗമായി ദുർബല വിഭാഗങ്ങൾക്കുവേണ്ടി 1996 കാലത്ത് ഹൗസിംഗ്ബോർഡുവഴി നടപ്പാക്കിയ 12 സ്കീമുകളിൽ നിന്നുള്ള 117 കോടി രൂപ എഴുതിത്തള്ളുന്നതാണ്. ജില്ലാ കളക്ടർമാർ വഴി നടപ്പാക്കിയ സ്കീമുകളിൽ നിന്ന് 31 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. രോഗികൾക്കും അശരണർക്കും 23 കോടി രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്. 183 കോടി രൂപയുടെ ഈ കടബാധ്യതകൾ എഴുതിത്തള്ളും. നിലവിലുള്ളതും നേരത്തേ പ്രവർത്തനം നിർത്തിയതുമായ വികസന അതോറിറ്റികൾ ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടി 1996ന് മുമ്പ് നൽകിയ ഭവനവായ്പാ കുടിശ്ശികയും എഴുതിത്തള്ളുന്നു. ഇതോടെ 41500 പേർക്ക് തങ്ങളുടെ പണയാധാരങ്ങൾ തിരിച്ചുകിട്ടും.

## ഭാഗം ഒമ്പത്

# ഭരണനിർവഹണവും പരിഷ്ക്കാരങ്ങളും

### സഹകരണം

172. സംസ്ഥാന സമ്പദ്ഘടനയിൽ ഏറ്റവും സുപ്രധാനമായ പങ്കാണ് സഹകരണ പ്രസ്ഥാനങ്ങൾക്കുള്ളത്. ഇ.എം.എസ്. പാർപ്പിട പദ്ധതി ഒന്നു മാത്രം മതി സഹകരണ മേഖലയുടെ സാധ്യത മനസിലാക്കുവാൻ. ഇത്തരം ഇടപെടലുകളെ പരിമിതപ്പെടുത്തുന്നു എന്നതാണ് വൈദ്യനാഥൻ കമ്മറ്റി റിപ്പോർട്ടിനോടുള്ള നമ്മുടെ വിമർശനം. ഇതുസംബന്ധിച്ച് കേന്ദ്രസർക്കാരുമായി ധാരണയിലെത്തുന്നതിന് ഇനിയും കഴിഞ്ഞിട്ടില്ല. 2008-09ൽ 15 കോടി രൂപയായിരുന്നു സഹകരണ മേഖലയ്ക്ക് ഉണ്ടായിരുന്നത്. ഈ വർഷം അത് 40 കോടി രൂപയായി ഉയർത്തുന്നു. ഇതിൽ 20 കോടി രൂപ പീഡിത സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടിയുള്ളതാണ്. ഇതിനുള്ള സ്കീം പിന്നീട് പ്രഖ്യാപിക്കുന്നതാണ്. എൻ.സി.ഡി.സിയിൽനിന്ന് വായ്പയെടുക്കുന്നതിന് മുൻപുണ്ടായിരുന്ന നിയന്ത്രണങ്ങൾ നീക്കംചെയ്തു. എൻ.സി.ഡി.സി. വായ്പകൾ പൂർണമായും ഉപയോഗപ്പെടുത്തുന്നതാണ്.

173. കൺസ്യൂമർഫെഡ് ഉത്സവകാലത്ത് നടത്തുന്ന പ്രത്യേക ചന്ത കൾക്ക് സബ്സിഡിയിനത്തിൽ 20 കോടി രൂപ വകയിരുത്തുന്നു.

## റവന്യൂ

174. ലാന്റ് റെക്കോഡ്സ് നവീകരിക്കുന്നതിന് 45 കോടിയോളം രൂപ യാണ് ചെലവഴിക്കുക. വിവിധ കേന്ദ്രസർക്കാർ സ്കീമുകളിൽനി ന്നാണ് ഇതിന് ആവശ്യമായിട്ടുള്ള പണം കണ്ടെത്തുക. സംസ്ഥാന വിഹിതമായി 8 കോടി രൂപ വകയിരുത്തുന്നു.

175. സർക്കാർ ഓഫീസുകളുടെ നവീകരണത്തിനുള്ള ഊർജ്ജിത പരി പാടിക്ക് ഈ ബഡ്ജറ്റിൽ തുടക്കം കുറിക്കുകയാണ്. പട്ടം, ചവറ, അഞ്ചൽ, പത്തനാപുരം, ചേർത്തല അനക്സ്, ഹരിപ്പാട്, കുറവിലങ്ങാട്, തലയോലപ്പറമ്പ്, ദേവികുളം, ഉടുമ്പൻചോല, കൂത്താട്ടുകുളം, കൊടുങ്ങല്ലൂർ, മാള, അന്തിക്കാട്, പേരാമ്പ്ര, മുക്കം, കൂത്തുപറമ്പ്, കാസർഗോഡ്, ആറ്റിങ്ങൽ (മൂന്നും നാലും നിലകൾ) തുടങ്ങി 19 മിനി സിവിൽസ്റ്റേഷനുകൾക്ക് 10 കോടി രൂപ വകയിരുത്തുന്നു. മറ്റ് 16 സിവിൽസ്റ്റേഷനുകളുടെ നിർമാണം പൂർത്തീകരിക്കാനുള്ള പണവും വകയിരുത്തിയിട്ടുണ്ട്. വില്ലേജ് ഓഫീസുകളുടെ പുനർ നിർമാണത്തിന് 5 കോടി രൂപ വകയിരു ത്തുന്നു.

176. ഭൂമി കേരളം പദ്ധതിയിലൂടെ 3 വർഷംകൊണ്ട് കേരളത്തിലെ റീ-സർവേ പൂർത്തിയാക്കും. ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച കുടിശ്ശിക പൂർണമായി കൊടുത്തുതീർക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 70 കോടി രൂപ വകയിരുത്തുന്നു.

## ട്രഷറി

177. കിണഞ്ഞു ശ്രമിച്ചിട്ടും ട്രഷറിയിൽ അഴിമതി കണ്ടെത്താനായില്ല എന്ന് ഒരു പ്രമുഖ പത്രാധിപർ എനിക്ക് എഴുതുകയുണ്ടായി. അത്യധികം അഭിമാനകരമായ നിമിഷമായിരുന്നു അത്. പരിശീല നം, പൗരാവകാശരേഖ, സോഷ്യൽ ഓഡിറ്റ് എന്നീ നടപടികളും ജീവനക്കാരുടെ പൂർണ സഹകരണവുമാണ് ഇതിനു സഹായിച്ചത്. സോഷ്യൽ ഓഡിറ്റിൽ 8100 പേർ പങ്കെടുത്തു. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ ക്രോഡീകരിച്ചിട്ടുണ്ട്. ജൂറി നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ പരിശോധിച്ചുവരികയാണ്. ഭൗതികസൗകര്യങ്ങൾ

വർധിപ്പിക്കുന്നതുസംബന്ധിച്ച നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനായി ട്രഷറിവകുപ്പിന് 10 കോടി രൂപ വകയിരുത്തുന്നു.

**രജിസ്ട്രേഷൻ**

178. കിളികൊല്ലൂർ, പൂയപ്പിള്ളി, എരുമേലി, ആലുവ, ചേന്ദമംഗലം, അഗളി, കൊയിലാണ്ടി, കോടഞ്ചേരി, ശ്രീകണ്ഠാപുരം, നീലേശ്വരം, കൂരാച്ചുണ്ട് ഓഫീസ് കെട്ടിടങ്ങൾ പുനരുദ്ധരിക്കുന്നതിന് 6 കോടി രൂപ വകയിരുത്തുന്നു.

**പോലീസ്**

179. തീവ്രവാദ പ്രവർത്തനങ്ങളുടെ വർധിച്ചുവരുന്ന ഭീഷണി നേരിടുന്നതിന് പോലീസ് സംവിധാനത്തെ സുസജ്ജമാക്കേണ്ടതുണ്ട്. ഇന്ത്യാ റിസർവ് ബറ്റാലിയൻ രൂപീകരിക്കുന്നതിന് നടപടി തുടങ്ങിക്കഴിഞ്ഞു. ഹോം ഗാർഡുകളുടെ ഒരു വിഭാഗത്തിന് 2009-10ൽ രൂപം നൽകുന്നതിന് 5 കോടി രൂപ വകയിരുത്തുന്നു. വിമുക്തഭടന്മാരിൽ നിന്നായിരിക്കും ഇവരെ തെരഞ്ഞെടുക്കുക.

180. ഈ വർഷം പുതുതായി ന്യൂമാഹി, വിദ്യാനഗർ, തലയോലപ്പറമ്പ്, പുത്തൂർ, ആലുവ ഈസ്റ്റ് എന്നീ അഞ്ച് പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കും. രണ്ട് കമാന്റോ കമ്പനികൾക്ക് രൂപം നൽകുന്നതിനായി 2 കോടി രൂപ വകയിരുത്തുന്നു. ശബരിമലപോലുള്ള ആരാധനായലയങ്ങൾ, അസംബ്ലിമന്ദിരം, സെക്രട്ടേറിയറ്റ് തുടങ്ങിയവയുടെ സുരക്ഷയ്ക്ക് ആധുനിക സംവിധാനം ഏർപ്പെടുത്തും. ഫോറൻസിക് സയൻസ് ലബോറട്ടറികൾ ആധുനികവൽക്കരിക്കും.

**എക്സൈസ്**

181. എക്സൈസ് വകുപ്പ് നവീകരിക്കുന്നതിനുള്ള പദ്ധതികൾ ദ്രുതഗതിയിൽ തുടരുന്നതാണ്. എറണാകുളം കച്ചേരിപ്പടിയിലുള്ള എക്സൈസ് ഓഫീസ് നികുതി വകുപ്പുകൾക്കുള്ള ഒരു പൊതു ബൃഹദ് ഓഫീസ് സമുച്ചയമായി പുതുക്കിപ്പണിയുന്നതിലേക്ക് 5 കോടി രൂപ വകയിരുത്തുന്നു. കൊട്ടാരക്കര ഓഫീസ് പുതുക്കിപ്പണിയുന്നതിന് 1 കോടി രൂപ വകയിരുത്തുന്നു.

## ഫയർ ആന്റ് റസ്ക്യൂ സർവീസ്

182. കേരളത്തിൽ ഇന്ന് ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കുള്ള വിഭാഗം ഫയർസർവീസാണ്. കൂടുതൽ മെച്ചപ്പെട്ട ഉപകരണങ്ങളും കെട്ടിട സൗകര്യങ്ങളും പരിശീലനവും അത്യന്താപേക്ഷിതമാണ്. ശാസ്താംകോട്ട, ഉപ്പള, സീതത്തോട് എന്നിവിടങ്ങളിൽ പുതിയ ഫയർസ്റ്റേഷനുകൾ സ്ഥാപിക്കും. പെരിങ്ങോം, തലശേരി, പേരാമ്പ്ര, കൊടുവള്ളി, മണ്ണാർക്കാട്, കുന്നംകുളം, പട്ടിമറ്റം, തൊടുപുഴ എന്നിവിടങ്ങളിൽ പുതിയ കെട്ടിടങ്ങൾ പണിയുന്നതിന് 3 കോടി രൂപ വകയിരുത്തുന്നു.

## ജുഡീഷ്യൽ സർവീസ്

183. കോടതികളുടെ നവീകരണത്തിന് കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം സംസ്ഥാനവിഹിതമടക്കം 8.5 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വൈക്കം, തളിപ്പറമ്പ്, ഒറ്റപ്പാലം, പൊൻകുന്നം, ചെങ്ങന്നൂർ, മൂവാറ്റുപുഴ, നെടുങ്കണ്ടം എന്നിവിടങ്ങളിൽ പുതിയ കോടതി സമുച്ചയങ്ങൾ പണിയുന്നതിന് 3 കോടി രൂപ വകയിരുത്തുന്നു. തലശ്ശേരി, വടകര എന്നിവിടങ്ങളിൽ കുടുംബകോടതി, കരുനാഗപ്പള്ളി സബ്കോടതി എന്നിവ അനുവദിക്കുന്നു.

## ലോട്ടറി

184. 2009-10ൽ ലോട്ടറി വിറ്റുവരുമാനം 750 കോടി രൂപയാണ് ലക്ഷ്യമിടുന്നത്. സ്വർണഭാഗ്യക്കുറിയടക്കം പുതിയ ലോട്ടറികൾ ആരംഭിക്കുന്നതാണ്. താലൂക്ക് അടിസ്ഥാനത്തിൽ ലോട്ടറി ടിക്കറ്റുകൾ മൊത്തവിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനമുണ്ടാക്കും. അന്യസംസ്ഥാന ലോട്ടറികളെ നിരുത്സാഹപ്പെടുത്തും. ക്രമവിരുദ്ധ ലോട്ടറികൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കും.

## ഇൻഷുറൻസ്

185. ധനവകുപ്പിന് കീഴിലുള്ള ധനകാര്യ സ്ഥാപനങ്ങളുടേയും ലോട്ടറിയുടേയും പുനസംഘടന വിജയകരമായി നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. അടുത്ത ഊഴം ഇൻഷുറൻസ് വകുപ്പിന്റേതാണ്. ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ അഖിലേന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് (ഐ.സി.എ.ഐ) സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് സർക്കാർ പരിഗണിച്ചുവരികയാണ്. താഴെപ്പറയുന്ന നടപടികൾ 2009-10ൽ സ്വീകരിക്കും. സ്റ്റേറ്റ് ലൈഫ്

ഇൻഷുറൻസ് പദ്ധതി പൊതുമേഖലാ സ്ഥാപനങ്ങൾക്കും അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കും നിർബന്ധമാക്കും. ഓപ്ഷനൽ ആയി മറ്റ് പുതിയ ഉല്പന്നങ്ങളും ആവിഷ്ക്കരിക്കും.

### പ്രിന്റിംഗ്

186. ഗവൺമെന്റ് പ്രസുകൾക്ക് 5 കോടി രൂപ വകയിരുത്തുന്നു.

### പബ്ലിക് റിലേഷൻസ്

187. നീണ്ടനാളത്തെ പത്രങ്ങളുടെ പരസ്യക്കുടിശ്ശിക കൊടുത്തു തീർത്തു. ഇനിമേൽ പരസ്യക്കൂലി ആറു മാസത്തിനുള്ളിൽ നൽകുന്നതിനുള്ള ഏർപ്പാടുണ്ടാക്കും. ജില്ലാ പി.ആർ.ഡി ഓഫീസുകൾക്കെല്ലാം പുതിയ വാഹനങ്ങൾ ലഭ്യമാക്കുകയും സൗകര്യങ്ങൾ വർധിപ്പിക്കുകയും ചെയ്യും. ആലപ്പുഴ പ്രസ് ക്ലബിന് 15 ലക്ഷം രൂപയും തിരുവനന്തപുരം പ്രസ് ക്ലബിന് 20 ലക്ഷം രൂപയും അനുവദിക്കുന്നു. പത്രപ്രവർത്തകർക്കുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതിക്ക് 20 ലക്ഷം രൂപ വകയിരുത്തുന്നു. പ്രസ് അക്കാദമിക്ക് ഹോസ്റ്റൽ മന്ദിരം പണിയാൻ 75 ലക്ഷം രൂപ അനുവദിക്കുന്നു.

### അഴിമതിക്കെതിരെ

188. 'അഴിമതിരഹിത വാളയാർ' അഭിമാനകരമായ നേട്ടമാണ്. രണ്ടു വർഷത്തിനിടയിൽ രണ്ടു ജീവനക്കാർ താല്ക്കാലികമായി ജോലി ചെയ്യുന്ന വാളറ ചെക്‌പോസ്റ്റിൽ മാത്രമാണ് ഒരു ആക്ഷേപം ഉയർന്നുവന്നത്. അഴിമതിക്കെതിരായ ഏറ്റവും പ്രധാനമാർഗ്ഗം ജനങ്ങളുടെയും മാധ്യമങ്ങളുടേയും ജാഗ്രതയും അവയുടെ അടിസ്ഥാനത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള രാഷ്ട്രീയ ഇച്ഛയുമാണ്. സർ, ശിക്ഷ ഉറപ്പാക്കുന്ന നിലയിലുള്ള വ്യക്തമായ തെളിവുകൾ ഏതൊരു ഓഫീസിലും കണ്ടുപിടിക്കുന്ന മാധ്യമ പ്രവർത്തകർക്കും പൊതുപ്രവർത്തകർക്കും 25000 രൂപ പ്രോത്സാഹനമായി നൽകുന്നതാണ്. ഇതിലേക്ക് 1 കോടി രൂപ വകയിരുത്തുന്നു. ചീഫ് സെക്രട്ടറി അധ്യക്ഷനായുള്ള സമിതിയായിരിക്കും ഇതിന് മേൽനോട്ടം വഹിക്കുക.

### കാര്യക്ഷമത ഉയർത്തൽ

189. ഭരണപരിഷ്ക്കാര മോണിറ്ററിംഗ് കമ്മീഷൻ രൂപീകരിക്കുന്നതാണ്. സെക്രട്ടേറിയറ്റിൽനിന്ന് കൂടുതൽ അധികാരങ്ങൾ

ഡയറക്ടറേറ്റുകളിലേക്ക് വിന്യസിക്കുന്നതാണ്. പ്രമോഷനും ട്രാൻസ്ഫറുകളും എല്ലാം ധനകാര്യവർഷത്തിന്റെ തുടക്കത്തിൽ നടത്തുന്നതാണ് കാര്യക്ഷമതയ്ക്ക് ഗുണകരം. ഇതിന് തടസ്സം സൃഷ്ടിക്കുന്ന ഒന്നാണ് ഇന്നത്തെ റിട്ടയർമെന്റ് രീതി. ഒരു ധനകാര്യ വർഷത്തിനിടയിൽ റിട്ടയർമെന്റ് തീയതി എന്തായാലും ധനകാര്യവർഷം അവസാനംവരെ ജീവനക്കാർ സേവനത്തിൽ തുടരും. ഇപ്രകാരം തസ്തിക ഒഴിവുവരുന്നത് എന്നാണോ അന്നു മുതൽ എൻട്രി കേഡറിൽ പുതിയ നിയമനം നടത്തുന്നതാണ്.

190. പുതിയ ജീവനക്കാർക്കെല്ലാം പ്രവേശന പരിശീലനം നൽകുന്നതാണ്. ഇതിനുവേണ്ടി 1 കോടി രൂപ വകയിരുത്തുന്നു. ക്യാൻസർ/ടി.ബി./ലെപ്രസി/മാനസിക രോഗം എന്നിവയ്ക്ക് വിധേയരാകുന്ന ജീവനക്കാർക്ക് ശമ്പളമില്ലാത്ത അവധിക്കാലത്തുള്ള എക്സ്ഗ്രേഷ്യായുടെ അടിസ്ഥാന ശമ്പള പരിധി 12000 രൂപയായി ഉയർത്തുന്നു. ജീവനക്കാർക്ക് സർക്കാരിൽ നിന്നുള്ള ഭവന വായ്പ പദ്ധതി നിർത്തലാക്കിയത് പുന:സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഇത് സംബന്ധിച്ച് വിശദമായ ഉത്തരവ് പുറപ്പെടുവിക്കും.. സർവ്വീസ് പെൻഷൻകാർക്കുള്ള ഇൻഷ്വറൻസ് ഈ വർഷം നടപ്പാക്കും.

## ഭാഗം പത്ത്

# വിഭവ സമാഹരണം

191. സർ, രൂക്ഷമാകാൻപോകുന്ന മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ ക്ഷേമപ്രവർത്തനങ്ങളും മൂലധനനിക്ഷേപങ്ങളും ഗണ്യമായി ഉയർത്തിയിരിക്കുന്നു. ഇതിനുള്ള ധനവിഭവം എങ്ങനെ കണ്ടെത്തും എന്നതാണ് നമ്മുടെ മുന്നിലുള്ള വെല്ലുവിളി. പുതിയ നികുതി നിർദ്ദേശങ്ങളോ നിരക്കു വർധനയോ ഞാൻ ഉദ്ദേശിക്കുന്നില്ല. അധിക വിഭവസമാഹരണത്തിന് നികുതിയേതര മാർഗങ്ങൾ തേടുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്. കേരളത്തിലെ നികുതിയേതര വരുമാനവും ആഭ്യന്തര ഉല്പാദനവുമായുള്ള

തോത് മറ്റു സംസ്ഥാനങ്ങളേക്കാൾ വളരെ താഴ്ന്നതാണെന്നു മാത്രമല്ല അത് കുറഞ്ഞുകൊണ്ടിരിക്കുകയുമാണ്.

## അണക്കെട്ടുകളിൽനിന്നുള്ള മണൽ

192. കേരളത്തിലെ അണക്കെട്ടുകൾ ചെളിയും മണലും വന്നടിഞ്ഞ് 30-40% തൂർന്നുകിടക്കുകയാണ്. ഇവ നീക്കംചെയ്താൽ അണക്കെട്ടുകളുടെ സംഭരണശേഷി ഗണ്യമായി ഉയരും. മാത്രമല്ല, മണലിൽനിന്ന് സർക്കാരിന് വരുമാനം ലഭിക്കുകയും ചെയ്യും. മണൽക്ഷാമം പരിഹിക്കുന്നതിനും ഇതിലൂടെ കഴിയും. 12-15 ആയിരം കോടി രൂപയുടെ മണൽ അണക്കെട്ടുകളിൽ ഉണ്ടെന്നാണ് മതിപ്പുകണക്ക്. അണക്കെട്ടുകൾക്ക് ബലക്ഷയമുണ്ടാകാത്ത രീതിയിലും കുടിവെള്ള വിതരണം തടസ്സപ്പെടുത്താതെയും പാരിസ്ഥിതിക ആഘാതങ്ങൾ പരമാവധി കുറച്ചുകൊണ്ടും ഇതെങ്ങിനെ ചെയ്യാം എന്നതിനെക്കുറിച്ച് വിശദമായ പഠനം നടന്നുവരുന്നു. പരിസ്ഥിതി ആഘാത പഠനം പൂർത്തിയായിക്കഴിഞ്ഞാൽ പരീക്ഷണാടിസ്ഥാനത്തിൽ മലമ്പുഴ അണക്കെട്ടിലെ മണൽ പരസ്യ ടെണ്ടറിലൂടെ നൽകുന്നതാണ്. മണൽനീക്കംചെയ്യുന്നതിന് രണ്ടു വർഷമായിരിക്കും കാലാവധി. ഇതിൽനിന്നുള്ള മാസവരുമാനം അമോർട്ടൈസ് ചെയ്ത് 2009-10ൽ വാങ്ങുന്നതാണ്. 300 കോടി രൂപ ഈ ഇനത്തിൽ വരുമാനം പ്രതീക്ഷിക്കുന്നു. ഈ സ്കീമിന്റെ തുടർപഠനങ്ങൾക്കും രേഖകൾ തയാറാക്കുന്നതിനും മറ്റുമായി ഒരു വിദഗ്ധ ടാസ്ക്ഫോഴ്സിനെ നിയോഗിക്കുന്നതാണ്. ഇതിലേക്ക് 1 കോടി രൂപ വകയിരുത്തുന്നു.

## പാട്ട വാടക

193. രാജഭരണകാലത്ത് തുച്ഛമായ പാട്ടത്തിനാണ് വിസ്തൃതമായ പ്രദേശങ്ങൾ തോട്ടങ്ങൾക്കായി നൽകിയത്. ഭൂപരിഷ്ക്കരണവേളയിൽ ഭൂപരിധിയിൽനിന്ന് തോട്ടങ്ങൾക്ക് പ്രത്യേക ഇളവു നൽകി. ഈ വൻകിട തോട്ട ഉടമകൾ ഇന്നും ഏക്കറിന് 20-30 രൂപയിൽ താഴെ മാത്രമാണ് പാട്ടമായി നൽകുന്നത്. ഇത് അത്യന്തം വിസ്മയകരമാണെന്നു മാത്രമല്ല, അധാർമ്മികവുമാണ്. വിരോധാഭാസമെന്താണെന്നുവെച്ചാൽ വൻകിട തോട്ടം ഉടമകൾ 30 രൂപയിൽതാഴെ മാത്രം പാട്ടം നൽകുമ്പോൾ പ്ലാന്റേഷൻ കോർപ്പറേഷൻ ഏക്കറിന് 1300 രൂപ നിരക്കിലാണ് പാട്ടം നൽകുന്നത്. ഈ സ്ഥിതിവിശേഷം

അവസാനിപ്പിച്ചേതീരൂ. 2009-10 മുതൽ പാട്ടത്തുക താഴെപ്പറയുന്ന നിരക്കിൽ വർധിപ്പിക്കുന്നതാണ്.

a. നൂറ് ഏക്കറിന് മുകളിൽ ഏക്കറിന് 1300 രൂപ
b. 25 മുതൽ 100 ഏക്കർ വരെ ഏക്കറിന് 1000 രൂപ
c. 25 ഏക്കറിൽ താഴെ ഏക്കറിന് 750 രൂപ

194. പൊതുമേഖലാ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ സ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ എന്നിവയ്ക്കൊഴികെ കാർഷികേതര ആവശ്യങ്ങൾക്ക് പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമിയുടെ പാട്ടവാടക യുക്തിസഹമായി വർധിപ്പിക്കുന്നതാണ്. നില വിലുള്ള തുച്ഛമായ നിരക്കിൽപ്പോലും പതിറ്റാണ്ടുകളായി പാട്ടം ഒടുക്കാത്തവരുണ്ട്. കുടിശ്ശിക പിരിവിനെതിരെ സർക്കാർ നൽകിയ എല്ലാ സ്റ്റേ ഉത്തരവുകളും പിൻവലിക്കും. കുടിശ്ശിക തീർക്കുന്നതി നായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കും. പിഴയും പലിശയും ഒഴിവാക്കി മുതൽ സംഖ്യ ഒറ്റത്തവണയായി ഒടുക്കണം. കോടതി സ്റ്റേ ഉള്ളവർക്കും ഈ അവസരം ഉപയോഗിക്കാം.

195. ഏകദേശം 1.33 ലക്ഷം ഏക്കർ റവന്യൂഭൂമിയും 20933 ഏക്കർ വനഭൂ മിയും പാട്ടത്തിന് സർക്കാർ നൽകിയിട്ടുണ്ട്. ഇതിൽനിന്നും 20 കോടി രൂപ അധികവരുമാനം പ്രതീക്ഷിക്കുന്നു.

## വയൽ നികത്തൽ പിഴ

196. നെൽവയൽ നികത്തൽ നിയമംമൂലം നിരോധിച്ചിരിക്കുകയാണ്. എന്നാൽ അനിവാര്യ സാഹചര്യങ്ങളിൽ ഇതിൽ ഇളവുനൽകുന്ന തിന് നിയമത്തിൽതന്നെ വ്യവസ്ഥയുണ്ട്. ഇപ്രകാരം അനുവാദം നൽകുമ്പോൾ ഏറ്റവും ചെറുകിടക്കാർക്കൊഴികെ ബാക്കിയുള്ളവ രിൽനിന്ന് കനത്ത ഫീസ് ഈടാക്കുന്നതാണ്. അതുപോലെ നിയമം വരുന്നതിന് തൊട്ടുമുമ്പുള്ള വർഷങ്ങളിൽ വലിയതോതിൽ ഭൂമി പരിവർത്തനം ചെയ്യപ്പെടുകയുണ്ടായി. ഇത്തരം നികത്തലുകൾ റഗുലറൈസ് ചെയ്യുന്നതിന് നിശ്ചിത നിരക്കിൽ ഫീസ് ഈടാക്കുന്ന താണ്. ഇതിന് മുമ്പുള്ള നികത്തലുകൾ റഗുലറൈസ് ചെയ്യുന്ന തിനും താരതമ്യേന കുറഞ്ഞനിരക്കിൽ ഫീസ് ഈടാക്കും. ഭൂമി

വിലയുടെ നിശ്ചിത ശതമാനമായിട്ടായിരിക്കും ഇവ നിശ്ചയിക്കുക. ഇതുസംബന്ധിച്ച് പ്രത്യേക നിയമനിർമാണം നടത്തുന്നതാണ്. ഇതിൽനിന്നും 25 കോടി രൂപ അധികവരുമാനം ഉണ്ടാകുമെന്നാണ് പ്രതീക്ഷ.

## സ്റ്റാമ്പ് ഡ്യൂട്ടികേസുകൾ ഒറ്റത്തവണ തീർപ്പാക്കൽ

197. 1986 മുതൽ തീർപ്പാക്കാതെ കിടക്കുന്ന വില കുറച്ചുകാണിച്ച സ്റ്റാമ്പ് ഡ്യൂട്ടി കേസുകൾ 2010969 എണ്ണവും ഇതിൽനിന്നും പിരിഞ്ഞുകിട്ടാനുള്ള തുക 2409 കോടി രൂപയുമാണ്. 2009-10ൽ ഭൂമിക്ക് ന്യായവില നിശ്ചയിക്കുകയും രജിസ്ട്രേഷൻ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ഇളവു നൽകുകയും ചെയ്യും. ഇതിന് മുന്നോടിയായി വിലകുറച്ച് കാണിച്ചതിനുള്ള കേസുകൾ ഒറ്റത്തവണ തീർപ്പാക്കുന്നതിന് താഴെപ്പറയുംപ്രകാരമുള്ള പദ്ധതി പ്രഖ്യാപിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു.

| ഭൂപരിധി | കോർപ്പറേഷൻ പ്രദേശം | മുനിസിപ്പൽ പ്രദേശം | പഞ്ചായത്ത് പ്രദേശം |
|---|---|---|---|
| 5 സെന്റ് വരെയുള്ള കൈമാറ്റങ്ങൾ | 2000/- രൂപ | 1000/- രൂപ | പൂർണമായും ഒഴിവാക്കിയിരിക്കുന്നു |
| 5 സെന്റിനു മുകളിൽ 10 സെന്റുവരെ | 5000/- രൂപ | 3000/- രൂപ | 1000/- രൂപ |
| 10 സെന്റിന് മുകളിൽ 50 സെന്റ് വരെ | 10000/- രൂപ | 5000/- രൂപ | 2000/- രൂപ |
| 50 സെന്റിന് മുകളിൽ | നേരത്തേ അടച്ച സ്റ്റാമ്പ് ഡ്യൂട്ടിയുടെ 6% അല്ലെങ്കിൽ 12000 രൂപ ഏതാണോ കൂടുതൽ അത്. | നേരത്തേ അടച്ച സ്റ്റാമ്പ് ഡ്യൂട്ടിയുടെ 4% അല്ലെങ്കിൽ 7000 രൂപ ഏതാണോ കൂടുതൽ അത്. | നേരത്തേ അടച്ച സ്റ്റാമ്പ് ഡ്യൂട്ടിയുടെ 2% അല്ലെങ്കിൽ 3000 രൂപ ഏതാണോ കൂടുതൽ അത്. |

198. ഈ പദ്ധതി 30.09.09 വരെയോ അല്ലെങ്കിൽ തുടർന്ന് അനുശാസിക്കുന്നത് വരെയോ പ്രാബല്യത്തിലുണ്ടായിരിക്കും. ബന്ധപ്പെട്ടവർ ഈ പദ്ധതി പ്രകാരം തങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി

കുടിശ്ശിക തീർപ്പാക്കാൻ മുന്നോട്ട് വരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ചേരാത്ത വർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. ഈ ഇനത്തിൽനിന്ന് 100 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

## മറ്റു നികുതിയേതര മാർഗങ്ങൾ

199. വിവിധ വകുപ്പുകൾ വിൽക്കുന്ന ഫോറങ്ങളുടെ വിലയും ഈടാക്കുന്ന ഫീസുകളും ശരാശരി ഒരു ദശാബ്ദംമുമ്പ് നിശ്ചയിച്ചതാണ്. കോൺട്രാക്ടേഴ്സ് രജിസ്ട്രേഷൻ ഫീസ്, ടെണ്ടർ ഫോം ഫീസുകൾ, പോക്കുവരവ് രേഖപ്പെടുത്തുന്നതിനുള്ള ചാർജ്ജ്, കുടിക്കട ബാധ്യത ഫീസ്, എക്സ്പ്ലോസീവ് ലൈസൻസ് ഫീസ്, തോക്ക് ലൈസൻസ് ഫീസ് തുടങ്ങിയവയിൽ സാധാരണ ജനങ്ങളെ നേരിട്ടു ബാധിക്കാത്ത ഇനങ്ങൾ ഓരോന്നായി പരിശോധിച്ച് ഉചിതമായ വർധനവ് വരുത്തുന്നതാണ്. വനത്തിൽ വീണുകിടക്കുന്ന മരങ്ങൾ വിൽക്കുന്നതിന് ഏർപ്പാടുണ്ടാക്കും. ഇങ്ങനെ പലവക ഇനങ്ങളിലായി 50 കോടി രൂപ അധികവരുമാനം പ്രതീക്ഷിക്കുന്നു.

200. സർ, നികുതിയേതര വരുമാനം സംബന്ധിച്ച നടപടികൾ മോണിറ്റർ ചെയ്യുന്നതിന് ഫിനാൻസ് ഡിപ്പാർട്ട്മെന്റിൽ പ്രത്യേക സെൽ രൂപീകരിക്കുന്നതാണ്.

## നികുതി കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ

201. വാണിജ്യനികുതി വകുപ്പിൽ ആംനെസ്റ്റി സ്കീം പ്രകാരം 78.44 കോടി രൂപ പിരിച്ചെടുത്തു. ഇതിനു പുറമെ 49 കോടി രൂപ മാർച്ച് മാസത്തോടെ പിരിഞ്ഞുകിട്ടും. 1031 കോടി രൂപ ഇപ്പോഴും കോടതി - ട്രിബ്യൂണൽ സ്റ്റേയായി നിലനിൽക്കുന്നു. ഒറ്റത്തവണ തീർപ്പാക്കലിന് സന്നദ്ധമാകാത്ത കേസുകളിൽ 304 കോടി രൂപയുമുണ്ട്. അങ്ങനെ 1335 കോടി രൂപയാണ് പൊതുമേഖലാ സ്ഥാപനങ്ങളെ ഒഴിവാക്കിയാൽ ഇപ്പോഴുള്ള കുടിശ്ശികയുടെ മതിപ്പുകണക്ക്. ഇവർക്ക് ഒരു അവസരംകൂടി നൽകാൻ ആഗ്രഹിക്കുന്നു. ആംനെസ്റ്റി സ്കീം 30.06.2009 വരെ ദീർഘിപ്പിക്കുകയാണ്. കോടതി കേസ് നടക്കുന്നവയിൽ ഒറ്റത്തവണ തീർപ്പാക്കുന്നതിന് പണമടച്ചാലും കേസ് തുടർന്നു നടത്താം. വിജയിക്കുകയാണെങ്കിൽ അവർക്ക് പണം തിരിച്ചുനൽകും. ഈ അവസാന അഭ്യർത്ഥനയും

മാനിക്കാത്തവർക്കെതിരെ ഏറ്റവും കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ നികുതി കുടിശ്ശിക

202.വിവിധ പൊതുമേഖലാസ്ഥാപനങ്ങളിൽ 1936 കോടി രൂപ വർഷങ്ങളായി കുടിശ്ശികയായിക്കിടക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പലിശയും പിഴയും പൂർണമായും ഒഴിവാക്കുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണെങ്കിൽ മുതലിന്റെ 50 ശതമാനത്തിൽ കുടിശ്ശിക തീർപ്പാക്കുന്നതാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണെങ്കിൽ മുതലിന്റെ 25 ശതമാനം തന്നാൽ മതിയാകും. സ്വന്തമായ ഭൂമി അന്യാധീനപ്പെടുവാൻ സാധ്യതയുള്ള സ്ഥാപനങ്ങൾക്ക് ഈ ആനുകൂല്യം ബാധകമാവുകയില്ല. 30.06.09ന് മുമ്പ് ഈ പദ്ധതിയിൽ കുടിശ്ശിക തീർപ്പാക്കാൻ അപേക്ഷിക്കാം. നിലവിലുള്ള ആംനസ്റ്റി സ്കീമിലെ നടപടിക്രമങ്ങൾ പാലിക്കുന്നതാണ്.

## വിൽപ്പന നികുതി അസസ്മെന്റ് കുടിശ്ശിക

203.ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വിൽപന നികുതി നിയമപ്രകാരം 295245 അസസ്മെന്റുകൾ തീർപ്പാക്കാനുണ്ടായിരുന്നു. അദാലത്തുകളിലൂടെയും കാര്യക്ഷമമായ ഭരണനിർവ്വഹണത്തിന്റേയും ഫലമായി അസസ്മെന്റ് കുടിശ്ശികയുടെ എണ്ണം കഴിഞ്ഞ രണ്ടുവർഷം കൊണ്ട് 10964 ആയി കുറയ്ക്കാൻ കഴിഞ്ഞു. ഇവ പൂർത്തീകരിക്കുന്നതിന് കൂടുതൽ സമയം വേണം. അപ്പീൽ അധികാരികളുടെ ഉത്തരവുപ്രകാരമുള്ള റീ-അസസ്മെന്റുകളും, ഭേദഗതിവരുത്താനുള്ള ഉത്തരവുകളും ഉൾപ്പെടെ വിൽപ്പന നികുതി നിയമപ്രകാരം മുഴുവൻ കുടിശ്ശിക അസസ്മെന്റുകളും പൂർത്തിയാക്കാനുള്ള സമയപരിധി ഒരു വർഷം കൂടി ദീർഘിപ്പിക്കാൻ ഉദ്ദേശിക്കുന്നു. 31.3.2009 ൽ നികുതി നിർണ്ണയം പൂർത്തിയാക്കേണ്ട ആഡിറ്റ് അസസ്മെന്റുകളുടെ കാലാവധി ഒരു കൊല്ലം കൂടി ദീർഘിപ്പിച്ചു നൽകുവാൻ ഉദ്ദേശിക്കുന്നു.

204.വാണിജ്യനികുതി വകുപ്പ് പിരിച്ചെടുക്കുന്ന വിവിധ നികുതികൾക്കായി ഒരു ആംനസ്റ്റി പദ്ധതി കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഈ പദ്ധതി പ്രകാരം നികുതിസംഖ്യ

മുഴുവനായും അടച്ചുകഴിഞ്ഞ കേസുകളിൽ 90% പലിശ ഒഴിവാക്കിക്കൊടുത്തിരുന്നു. എന്നാൽ ഇതിനാവശ്യമായ നിയമ ഭേദഗതി 1991 ലെ കാർഷികാദായനികുതി നിയമത്തിൽ വിട്ടുപോയിരുന്നു. ഇത് പരിഹരിക്കുന്നതിന് ആവശ്യമായ ഭേദഗതി കൊണ്ടുവരുന്നതാണ്.

## നികുതി ഇളവുകൾ

205.ഖാദി ഗ്രാമവ്യവസായ യൂണിറ്റുകളുടെ അപേക്ഷ പരിഗണിച്ച് 31.03.05 വരെയുള്ള കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി 60 പലിശരഹിത തവണകൾ അനുവദിച്ചുകൊണ്ടുള്ള ഒരു പദ്ധതി ഞാൻ പ്രഖ്യാപിച്ചിരുന്നു. കേന്ദ്രവിൽപന നികുതി കേരള പൊതുവിൽപന നികുതി പ്രകാരം 31.03.05 വരെയുള്ള കുടിശ്ശികകൾ മുഴുവനായി ഒഴിവാക്കിക്കൊടുക്കണമെന്ന് ഇവർ അഭ്യർത്ഥിച്ചിരിക്കുകയാണ്. ഇതിന്റെ ഗുണഫലം വളരെയധികം ആളുകൾക്ക് ലഭിക്കും എന്നതിനാൽ ഈ അപേക്ഷ അംഗീകരിക്കുന്നു.

206.ഇപ്പോഴുള്ള വ്യവസ്ഥപ്രകാരം കൈകൊണ്ട് നിർമ്മിക്കുന്ന സോപ്പ് വ്യാപാരികൾ തങ്ങളുടെ വാർഷിക വിറ്റുവരവ് 2 കോടി രൂപയിൽ കൂടുതലല്ലെങ്കിൽ 4 ശതമാനം നിരക്കിൽ നികുതി അടച്ചാൽ മതിയാകും. ഈ ആവശ്യത്തിനായി വിറ്റുവരവ് പരിധി കണക്കാക്കുമ്പോൾ കൈ കൊണ്ടു നിർമ്മിക്കുന്ന സോപ്പിന്റെ വിറ്റുവരവുമാത്രമേ പരിഗണിക്കുകയുള്ളൂ എന്ന കാര്യം വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതിന് 01.04.07 മുതൽ മുൻകാലപ്രാബല്യം നൽകുന്നതാണ്.

207.എൽ.ഇ.ഡി ലാമ്പുകളുടെ നികുതി നിരക്ക് 4 ശതമാനം ആയി കുറയ്ക്കാൻ ഞാൻ ഉദ്ദേശിക്കുന്നു.

208.താഴെപ്പറയുന്ന സാധനങ്ങളുടെ നികുതി നിരക്ക് 12.5 ശതമാനത്തിൽ നിന്നും 4 ശതമാനം ആയി കുറയ്ക്കുന്നു.

(എ) അലുനിയം കോമ്പസിറ്റ് പാനൽ
(ബി) പ്ലാസ്റ്റിക് പൊതിഞ്ഞ കിച്ചൻസ്റ്റാന്റ്
(സി) സിമന്റ് പേവിംഗ് ബ്ലോക്ക്

ഇതിന് 01.04.05 മുതൽ പ്രാബല്യമുണ്ടാകുന്നതാണ്.

209. താഴെപ്പറയുന്ന സാധനങ്ങളെ 01.04.05 മുതൽ മുൻകാല പ്രാബല്യത്തോടെ നികുതിയിൽ നിന്നും ഒഴിവാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

(എ) ഖാദി സ്ലൈവർ / റോവിംഗ്
(ബി) പനംശർക്കരയും അതിന്റെ ഉൽപന്നങ്ങളും
(സി) കൈതയോല ഉൽപന്നങ്ങൾ

210. തറ, ടോയ്ലറ്റ് എന്നിവ ശുചീകരിക്കുന്നതിനുപയോഗിക്കുന്ന ചൂൽ, ബ്രഷ് എന്നിവയിൽ 'മോപ്' കൂടി ഉൾപ്പെടുന്നു എന്ന കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

211. മെഡിക്കൽ സാമഗ്രികളുടെ ഘടകഭാഗങ്ങൾ കൂടി 4 ശതമാനം നിരക്കിൽ ഉൾപ്പെടുമെന്ന കാര്യം വ്യക്തമാക്കുന്നു.

212. ഇപ്പോൾ 4 ശതമാനം നിരക്ക് നിശ്ചയിച്ചിരിക്കുന്ന അച്ചടിയന്ത്രങ്ങൾക്കൊപ്പം ബൈന്റിങ്, ഗാദറിങ് മെഷീനുകൾ, സാഡിൽ സ്റ്റിച്ചർ, പേപ്പർകട്ടിംഗ്, പേപ്പർ ഫോൾഡിംഗ് പെർഫറേറ്റിംഗ്, മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന യന്ത്രങ്ങൾ എന്നിവയും ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

213. റബറും റബർ ഉൽപ്പന്നങ്ങളും കേന്ദ്ര വിൽപ്പന നികുതിയിൽനിന്ന് നോട്ടിഫിക്കേഷനിലൂടെ ഒഴിവാക്കിയിരുന്നു. സെൻട്രിഫ്യൂജ്ഡ് ലാറ്റക്സ് നിർമാതാക്കളുടെ സംഘടനയുടെ നിവേദനം മാനിച്ചു കൊണ്ട് പ്രസ്തുത നോട്ടിഫിക്കേഷന്റെ പരിധിയിൽനിന്ന് സെൻട്രി ഫ്യൂജ്ഡ് ലാറ്റക്സിനെ ഒഴിവാക്കുന്നതാണ്.

214. 4 ശതമാനം നിരക്കിൽ വരുന്ന പാഴ്മരങ്ങളുടെ വിഭാഗത്തിൽ നേരത്തേതന്നെ കാറ്റാടി ഉൾപ്പെടുത്തിയിരുന്നു. 'സിൽവർ ഓക്ക്' സാധാരണയായി കാറ്റാടി എന്നപേരിൽ അറിയപ്പെടുന്നുവെങ്കിലും ഇതുമായി ബന്ധപ്പെട്ട സംശയങ്ങൾ ദുരീകരിക്കാനായി ഇതേ എൻട്രിയിൽ 'സിൽവർ ഓക്ക്' കൂടി ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

215. നാളികേര കൃഷിയേയും അനുബന്ധപ്രവർത്തനങ്ങളേയും പ്രത്യേകിച്ച് നാളികേര കർഷകരേയും പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ മേഖലയ്ക്ക് ഉത്തേജനം നൽകുന്നതിനായി നാളികേരം, കൊപ്ര, വെളിച്ചെണ്ണ, തേങ്ങാപ്പിണ്ണാക്ക് എന്നിവയ്ക്ക് നൽകിയ നികുതിയിളവ് തുടർന്നും അനുവദിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു.

216. അംഗീകൃത റേഷൻ വ്യാപാരികൾവഴി വിൽപന നടത്തുന്ന എല്ലാ റേഷൻ ഉൽപന്നങ്ങളേയും നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ റേഷൻ ഉല്പന്നങ്ങളോടൊപ്പം മറ്റുൽപ്പന്നങ്ങളും കൈകാര്യം ചെയ്യുന്ന വ്യാപാരികളുടെ റേഷൻ ഉല്പന്നങ്ങളുടെ നികുതി ബാധ്യത സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നു. അവരെക്കൂടി റേഷൻ ഉല്പന്നങ്ങളുടെ നികുതിബാധ്യതയിൽനിന്ന് പൂർണമായി ഒഴിവാക്കുന്നതാണ്. ഇതിനാവശ്യമായ ഭേദഗതി മൂല്യവർദ്ധിത നികുതി നിയമത്തിന്റെ വകുപ്പ് 6 ൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു.

217. രജിസ്റ്റേഡ് ബ്രാന്റിലും അൺ രജിസ്റ്റേഡ് ബ്രാന്റിലും ഉള്ള ബിസ്ക്കറ്റുകളുടെയും കൺഫക്ഷണറിയുടെയും നികുതിനിരക്കുകൾ തമ്മിൽ വലിയ അന്തരമുണ്ട്. ഇതുവഴിയുള്ള നികുതി ചോർച്ച തടയുന്നതിന് നികുതിനിരക്കുകൾ യുക്തിസഹമാക്കുന്നതാണ്.

218. ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ഉപഭോക്താക്കൾക്ക് പാകം ചെയ്ത ഭക്ഷണത്തോടൊപ്പം വിതരണം ചെയ്യുന്ന മധുരപലഹാരങ്ങൾക്കും പാചകംചെയ്ത ഭക്ഷണത്തിന്റെ വിറ്റുവരവിൻമേലുള്ള കോമ്പൗണ്ടഡ് നികുതി നിരക്ക് ബാധകമായിരിക്കും.

**കെട്ടിട നിർമ്മാതാക്കൾ**

219. സാമ്പത്തിക മാന്ദ്യത്തിന്റെ ഭാഗമായി നിർമ്മാണമേഖല പൊതുവേയും ഫ്ളാറ്റ് നിർമ്മാതാക്കൾ പ്രത്യേകിച്ചും പ്രതിസന്ധി നേരിടുകയാണ്. ഇതുപരിഗണിച്ച് കേന്ദ്രവിൽപന നികുതി നിയമപ്രകാരം രജിസ്ട്രേഷനുള്ള കരാറുകാരുടെ കോമ്പൗണ്ടിംഗ് നിരക്ക് നിലവിലുള്ള 8 ശതമാനത്തിൽ നിന്നും 3 ശതമാനമായി കുറവുവരുത്താൻ ഞാൻ ആഗ്രഹിക്കുന്നു. സംസ്ഥാനത്തിനു

പുറത്തുനിന്നും വാങ്ങുന്നതോ കൊണ്ടുവരുന്നതോ ആയ ചരക്കുകളുടെ വാങ്ങൽ വിലയ്ക്ക് പട്ടിക നിരക്കിൽ നികുതി അടയ്ക്കേണ്ടതാണ് എന്ന നിബന്ധനയോടെയാണ് ഈ ആനുകൂല്യം അനുവദിക്കുന്നത്. എങ്കിലും കോമ്പൗണ്ടഡ് നിരക്ക് കണക്കാക്കാനെടുക്കുന്ന മൊത്തം കരാർ തുകയിൽ നിന്നും പ്രസ്തുത ചരക്കുകളുടെ വാങ്ങൽ വില ഒഴിവാക്കുന്നതാണ്. ഗവണ്മെന്റ് കോൺട്രാക്ടർമാർക്കും കേരള വാട്ടർ അതോറിറ്റി കരാറുകാർക്കും നിലവിലുള്ള കോമ്പൗണ്ടിംഗ് വ്യവസ്ഥകൾ തന്നെ തുടരും.

220. നിയമപ്രകാരമുള്ള ഫോറങ്ങൾ തിരികെ സമർപ്പിച്ചതും കേന്ദ്രവിൽപന നികുതി നിയമപ്രകാരമുള്ള രജിസ്ട്രേഷൻ റദ്ദാക്കാൻ നടപടികൾ ആരംഭിച്ചിട്ടുള്ളതും അന്തർസംസ്ഥാന വ്യാപാരം വഴി വാങ്ങിയ ചരക്കുകൾ 01.04.08 ൽ നീക്കിയിരിപ്പില്ലാതിരിക്കുകയും ചെയ്യുന്ന കരാറുകാരെ 2008-09 ൽ 3 ശതമാനം നിരക്കിൽ കോമ്പൗണ്ട് ചെയ്യാൻ അനുവദിക്കാമെന്ന കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ വിഭാഗം കരാറുകാരിൽ അന്തർസംസ്ഥാന വ്യാപാരം വഴി വാങ്ങിയ ചരക്കുകൾ നീക്കിയിരിപ്പുണ്ടെങ്കിൽ അതിന്മേൽ ബാധകമായ വാങ്ങൽ വിലയിൽ പട്ടിക നിരക്കിലുള്ള നികുതി അടയ്ക്കാൻ തയ്യാറാണെങ്കിൽ അവരെക്കൂടി ഈ നിരക്കിൽ കോമ്പൗണ്ട് ചെയ്യാൻ അനുവദിക്കുന്നതാണ്.

221. 2008-09 സാമ്പത്തിക വർഷം കോമ്പൗണ്ടിംഗ് നിരക്കിൽ വരുത്തിയ ഭേദഗതിയുടെ ഫലമായി പ്രവൃത്തികൾ തുടർന്നുകൊണ്ടിരുന്ന കരാർ പണികൾക്ക് 01.04.08 മുതൽ ഉയർന്ന നിരക്കിൽ നികുതി നൽകേണ്ടി വന്നതിനാൽ ഉണ്ടായ ബുദ്ധിമുട്ടുകൾ കരാറുകാർ ഉന്നയിച്ചിരുന്നു. ഇത് പരിഗണിക്കപ്പെടേണ്ടതാണ് എന്ന് ബോദ്ധ്യമായതിനാൽ 01.04.08 ന് മുമ്പ് പ്രവൃത്തിയാരംഭിച്ച കരാർപണികളിന്മേൽ 31.03.09 വരെ ലഭിക്കുന്ന സംഖ്യയ്ക്ക് 01.04.2008 ന് മുമ്പ് നിലവിലുണ്ടായിരുന്ന നിരക്കിൽ നികുതി അടയ്ക്കാൻ അനുവദിക്കുന്നതാണ്.

**മെറ്റൽ ക്രഷറുകൾ**

222.മെറ്റൽ ക്രഷർ മേഖലയിലെ കോമ്പൗണ്ടിംഗ് നികുതി നിരക്കിൽ കുറവുവരുത്താൻ ഞാൻ ഉദ്ദേശിക്കുന്നു. 12”x 9” വായ വിസ്താരമുള്ള മെഷീനുകളുടെ നികുതി നിരക്ക് 50000 രൂപയിൽനിന്ന് 40000 രൂപയായും 12”x 9” നു മുകളിൽ 16”x10” വരെയുള്ള മെഷീനുകളുടെ തുക 1,60,000 രൂപയിൽനിന്ന് 1,50,000 രൂപയായും കുറയ്ക്കുന്നു. അവയ്ക്ക് മുകളിലുള്ളവയുടെ നികുതി നിരക്ക് 3,20,000ൽനിന്ന് 3 ലക്ഷം രൂപയായി കുറയ്ക്കുന്നു. ഒരു മെഷീൻ മാത്രമുള്ള (കോൺ ക്രഷറുകൾ ഒഴികെ) ക്രഷർ യൂണിറ്റുകൾക്ക് വലിയ തോതിലുള്ള ഇളവ് പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നു. ഇവർ 25000 രൂപ നൽകിയാൽ മതിയാകും. പ്രൈമറി മെഷീനുകളുടെ നികുതിനിരക്കിനെ സംബന്ധിച്ചുള്ള അവ്യക്തത ദൂരീകരിക്കാൻ ഉദ്ദേശിക്കുന്നു. പ്രൈമറി മെഷീൻ ഉപയോഗിച്ച് പ്രവർത്തിക്കുന്ന സെക്കണ്ടറി മെഷീനുകളുടെ മൊത്തം നികുതിയുടെ 50 ശതമാനമാണ് പ്രൈമറി മെഷീനുകളുടെ നികുതി നിരക്ക്.

223.കോൺക്രഷർ യൂണിറ്റുകളുടെ നിലവിലുള്ള കോമ്പൗണ്ടിംഗ് നിരക്ക് 7,50,000 രൂപയിൽ നിന്നും 10 ലക്ഷം രൂപയായി ഉയർത്താൻ ഞാൻ ഉദ്ദേശിക്കുന്നു. മൂല്യവർദ്ധിതനികുതി നിയമം 8 (ബി) യിലെ വിശദീകരണത്തിൽ ഇതനുസരിച്ച് മാറ്റം വരുത്തുന്നതാണ്.

**ടൂറിസം**

224.മൂല്യവർദ്ധിത നികുതിനിയമത്തിലെ നിലവിലുള്ള വ്യവസ്ഥയനുസരിച്ച് 3 നക്ഷത്ര പദവിക്കു താഴെയുള്ള ബാർഹോട്ടലുകളെ പാകം ചെയ്ത ഭക്ഷണത്തോടൊപ്പം രജിസ്റ്റർ ചെയ്ത വ്യാപാരികളിൽ നിന്നും വാങ്ങിയ സിഗററ്റ്, വാതകം നിറച്ച പാനീയങ്ങൾ, ശീതള പാനീയങ്ങൾ, പായ്ക്ക് ചെയ്ത പാനീയങ്ങൾ എന്നിവ കൂടി ചേർത്ത് കോമ്പൗണ്ട് ചെയ്യാൻ അനുവദിച്ചിരുന്നു. മൂല്യവർദ്ധിതനികുതി നൽകി വാങ്ങിയ മുഴുവൻ സാധനങ്ങളും ഇപ്രകാരം കോമ്പൗണ്ട് ചെയ്യാൻ അനുവദിക്കുന്നു.

225.ഹൗസ്ബോട്ട് ഓണേഴ്സ് സൊസൈറ്റിയുടെ അപേക്ഷ പരിഗണിച്ച് ഉല്ലാസനൗകകൾക്ക് 2008-09 സാമ്പത്തിക വർഷം കോമ്പൗണ്ട് നിരക്കിൽ നികുതി അടയ്ക്കാൻ ഓപ്ഷൻ ഫയൽചെയ്യാനുള്ള കാലാവധി 15.03.2009 വരെ ദീർഘിപ്പിക്കുന്നു.

**സ്വർണം**

226.സ്വർണ്ണത്തിൽ നിന്നുള്ള നികുതി ഈ സാമ്പത്തികവർഷം പ്രതീക്ഷിച്ച പോലെ 150 കോടി രൂപയിലെത്തും എന്നു കരുതുന്നു. അടുത്ത സാമ്പത്തിക വർഷത്തേക്ക് ഇതിൽ നിന്ന് ലക്ഷ്യമിടുന്ന നികുതിവരുമാനം 180 കോടി രൂപയാണ്. ഇതിനായി ചെറുകിട വ്യാപാരികളെക്കൂടി കോമ്പൗണ്ടിംഗിൽ ഉൾപ്പെടുത്താനാവശ്യമായ ആകർഷകമായ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ റിട്ടേൺപ്രകാരമോ കണക്കു പ്രകാരമോ അടച്ചതോ അടക്കാനുള്ളതോ ആയ സംഖ്യയിൽ ഏതാണോ കൂടുതൽ അതിന്റെ 150 ശതമാനമാണ് നടപ്പുവർഷം കോമ്പൗണ്ടിംഗ് നിരക്ക്. അല്ലാത്തപക്ഷം 4 ശതമാനം നികുതി നൽകണം. കോമ്പൗണ്ടിംഗ് നിരക്ക് താഴെപ്പറയുന്നതോതിൽ കുറയ്ക്കുന്നതാണ്. 10 ലക്ഷം രൂപവരെ വിറ്റുവരവുള്ളവർ 115 ശതമാനവും 10 ലക്ഷത്തിനു മുകളിൽ 40 ലക്ഷം രൂപ വരെ വിറ്റുവരവുള്ളവർ 120 ശതമാനവും 40 ലക്ഷത്തിനു മുകളിൽ 100 ലക്ഷം രൂപ വരെ വിറ്റുവരുമാനമുള്ളവർ 135 ശതമാനവും കോമ്പൗണ്ടിംഗ് നിരക്കിൽ നികുതി നൽകണം. ഒരു കോടി രൂപയിൽ കൂടുതൽ വിറ്റുവരുമാനമുള്ളവർക്ക് 150 ശതമാനം കോമ്പൗണ്ടഡ് നിരക്ക് തുടർന്നും ബാധകമായിരിക്കും.

227.നിലവിൽ കോമ്പൗണ്ട് ചെയ്ത വ്യാപാരികൾക്ക് അവസാനവർഷം അടച്ച നികുതിയുടെ 115% ആയിരിക്കും കോമ്പൗണ്ടിംഗ് നികുതി. അവസാന വർഷം ബ്രാഞ്ച് കോമ്പൗണ്ട് ചെയ്തിട്ടില്ലെങ്കിൽ പ്രധാന സ്ഥാപനത്തിനും കോമ്പൗണ്ട് ചെയ്ത ബ്രാഞ്ചുകൾക്കും അടച്ച നികുതിയുടെ ശരാശരിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ബ്രാഞ്ചിന്റെ കോമ്പൗണ്ടിംഗ് നിരക്ക് നിശ്ചയിക്കാം. ഈ വർഷം പുതുതായി തുടങ്ങിയ ബ്രാഞ്ചുകൾക്കും ഇതേ മാനദണ്ഡമനുസരിച്ച് നിരക്ക് നിശ്ചയിക്കാം. കോമ്പൗണ്ട് ചെയ്ത എല്ലാ സ്വർണ്ണവ്യാപാരികളും തങ്ങളുടെ മുഴുവൻ ബ്രാഞ്ചുകളും അവ

ആരംഭിച്ച തീയതി ഏതുതന്നെയായിരുന്നാലും നിർബന്ധമായും കോമ്പൗണ്ട് ചെയ്തിരിക്കണമെന്ന വ്യവസ്ഥ നിയമത്തിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

228. സ്വർണ്ണനാണയം, എല്ലാ അളവിലുമുള്ള ഗോൾഡ് ബാർ, പകുതി നിർമ്മാണം പൂർത്തിയായ ഗോൾഡ് സ്ട്രിപ്സ്, സ്വർണ്ണാഭരണമല്ലാത്ത മറ്റ് എത് രൂപത്തിലുമുള്ള സ്വർണ്ണം എന്നിവയുടെ നികുതി നിരക്കിൽ അവ്യക്തതയുണ്ട്. ഇവയെല്ലാം രണ്ടാംപട്ടികയിലെ ബുള്ളിയൻ എന്ന ഇനത്തിൽ ഉൾപ്പെടുത്താൻ ഞാൻ ഉദ്ദേശിക്കുന്നു. ഇതിന് 01.04.09 മുതൽ മാത്രമേ പ്രാബല്യ മുണ്ടായിരിക്കുകയുള്ളൂ.

## ഇ-റിട്ടേൺ ഫയലിംഗ്

229. സമ്പൂർണ ഇ-ഫയലിംഗ് നടപ്പാക്കിയ ആദ്യ സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. സമ്പൂർണ ഇ-ഫയലിംഗിന് നിയമ പ്രാബല്യം കൊണ്ടുവരുന്നതാണ്. ഇപ്പോഴുള്ള ഒരു പരാതി റിട്ടേണിന്റെ പ്രിന്റ് നികുതി ഓഫീസുകളിൽ നൽകണമെന്നതാണ്. ജൂൺ മാസംവരെ ഈ നില തുടരും. അതുകഴിഞ്ഞാൽ ഇ-ഫയൽ ചെയ്തതിന്റെ രശീത് മാത്രം നൽകിയാൽ മതിയാകും. നികുതി അടക്കാൻവേണ്ടി ഓഫീസിൽ പോകേണ്ട സ്ഥിതികൂടി ഒഴിവാക്കാൻ ഉദ്ദേശിക്കുന്നു. അടുത്ത 6 മാസത്തിനുള്ളിൽ ഇ-പേയ്മെന്റ് സൗകര്യം നടപ്പിൽ വരുത്തുവാൻ ഞാൻ ഉദ്ദേശിക്കുന്നു.

230. സ്റ്റാറ്റ്യൂട്ടറി ഫോറങ്ങൾ വാങ്ങുന്നതിനായി വ്യാപാരികൾ ഓഫീസുകളിൽ പോകേണ്ടതുണ്ട്. വ്യാപാരികൾക്കുണ്ടാകുന്ന ഈ ബുദ്ധിമുട്ടുകൂടി പരിഹരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. വിവിധ സ്റ്റാറ്റ്യൂട്ടറി ഫോറങ്ങൾ രജിസ്ട്രേഡ് വ്യാപാരികൾക്ക് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാനുള്ള സൗകര്യം ഒരു വർഷത്തിനുള്ളിൽ ഏർപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. അതോടെ സുതാര്യവും അഴിമതിരഹിതവുമായ നടപടിക്രമങ്ങൾ വകുപ്പിൽ നടപ്പിലാകും.

231. തങ്ങളുടെ വ്യാപാരസ്ഥാപനത്തിൽ നിന്നു തന്നെ റിട്ടേണുകൾ ഇ-ഫയൽ ചെയ്യാനായി കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി വായ്പാ പദ്ധതി

നടപ്പാക്കണമെന്ന് വിവിധ വ്യാപാരി സംഘടനകൾ ആവശ്യപ്പെട്ടിരുന്നു. ഇതിനായി കെ.എസ്.എഫ്.ഇ. മുഖേന വായ്പാ സ്കീം നടപ്പിലാക്കും. രണ്ടുവർഷംകൊണ്ട് തിരിച്ചടക്കണം. മുടക്കംകൂടാതെ തിരിച്ചടയ്ക്കുന്നവരുടെ പലിശ സർക്കാർ നൽകുന്നതാണ്.

**ക്ഷേമ പദ്ധതി**

232.വ്യാപാരി ക്ഷേമനിധി ബോർഡിനുള്ള അംശാദായം രജിസ്ട്രേഷൻ റിന്യൂവൽ ഫീസിനൊപ്പം ശേഖരിക്കും. ക്ഷേമനിധി ബോർഡ് മുഖാന്തിരം പെൻഷൻ ഉൾപ്പെടെ സമഗ്ര സുരക്ഷാ പാക്കേജ് നടപ്പാക്കുന്നതാണ്. സർക്കാർ വിഹിതമായി 5 കോടി രൂപ വകയിരുത്തുന്നു.

**രജിസ്ട്രേഷൻ**

233.രജിസ്ട്രേഷൻ ലഭിക്കുന്നതിലുണ്ടാവുന്ന കാലതാമസം സംബന്ധിച്ച പരാതികൾ വ്യാപാരികൾ വാറ്റ് കൂടിയാലോചനാ സമിതിയിൽ പലതവണ ഉന്നയിച്ചിട്ടുള്ളതാണ്. ആയതിനാൽ ലളിതവും സുതാര്യവുമായ രജിസ്ട്രേഷൻ നടപടിക്രമം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. രജിസ്ട്രേഷൻ ലഭിക്കുന്നതിനായി നിലവിൽ വ്യാപാരം നടന്നുകൊണ്ടിരിക്കുന്ന സ്ഥാപനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള ലൈസൻസ് ഹാജരാക്കണമെന്ന ഉപാധിയിൽ ഇളവുവരുത്താൻ ഉദ്ദേശിക്കുന്നു. വ്യാപാരികൾ രജിസ്ട്രേഷൻ ലഭിച്ച് ഒരു വർഷത്തിനുള്ളിൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതിയാകും.

**ചെറുകിട വ്യാപാരികൾക്ക് പ്രത്യേക ആനുകൂല്യം.**

234.ചെറുകിട വ്യാപാരികൾക്ക് മാസാന്ത/ത്രൈമാസ റിട്ടേണുകൾ ഫയൽ ചെയ്യണമെന്ന ഭയപ്പാടില്ലാതെ നികുതിയുടെ പരിധിയിലേക്ക് കടന്നുവരുന്നതിനായി ലളിതമായ ഒരു പദ്ധതി അവതരിപ്പിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. ഇതനുസരിച്ച് ഒരു വ്യാപാരി അനുമാനനികുതിയുടെ പരിധിയിൽ വരികയും പ്രതീക്ഷിക്കുന്ന വാർഷിക വിറ്റുവരവ് 20 ലക്ഷം രൂപയിൽ താഴെയായിരിക്കുകയും ചെയ്താൽ പ്രതിവർഷം 3000 രൂപ നിരക്കിൽ കോമ്പൗണ്ട് ചെയ്യാനുള്ള അനുമതി നൽകുന്നതാണ്. നിലവിൽ രജിസ്ട്രേഷനുള്ള അനുമാന നികുതിദായകർക്കും

തങ്ങളുടെ മുൻവർഷത്തെ വാർഷിക വിറ്റുവരവ് 20 ലക്ഷത്തിൽ താഴെയാണെങ്കിൽ ഇതേ നിരക്കിൽ കോമ്പൗണ്ട് ചെയ്യാം. കോമ്പൗണ്ട് നികുതി ഒരു പ്രസ്താവനയോടൊപ്പം 750 രൂപ വീതമുള്ള ത്രൈമാസ ഗഡുക്കളായി ഒരു പ്രസ്താവനയോടൊപ്പം അടച്ചാൽ മതി. ലളിതമായ ഒരു ഡിക്ലറേഷനും വർഷാവസാനം നൽകണം. ചുവപ്പുനാടകളെക്കുറിച്ചും വിശദമായ കണക്കുകൾ സൂക്ഷിക്കുന്നതു സംബന്ധിച്ചും ആശങ്കകളൊന്നുമില്ലാതെ രജിസ്ട്രേഷൻ എടുക്കാൻ ഈ പുതിയ സമ്പ്രദായം സഹായിക്കും. ഇതിനായി ക്യാമ്പയിൻ സംഘടിപ്പിക്കുന്നതാണ്.

**ആഡംബര നികുതി**

235.1976 ലെ കേരള ആഢംബര നികുതി നിയമപ്രകാരം ഡിമാന്റ് നോട്ടീസ് പുറപ്പെടുവിക്കാതെ പലിശ ഡിമാന്റ് ചെയ്യാൻ കഴിയാത്ത അവസ്ഥ നിലവിലുണ്ട്. ഈ പഴുതടയ്ക്കുന്നതിനായി മറ്റു നികുതി നിയമങ്ങളിലേതിനു സമാനമായ വ്യവസ്ഥകൾ ഈ നിയമത്തിലും ഉൾക്കൊള്ളിക്കാൻ ഉദ്ദേശിക്കുന്നു.

236.ആഢംബരനികുതി കുടിശ്ശികകൾ റവന്യൂറിക്കവറി നടപടികളിലൂടെ പിരിച്ചെടുക്കുക എന്ന വളരെ പ്രധാനപ്പെട്ട ഒരു വ്യവസ്ഥ ആഢംബര നികുതി നിയമത്തിൽ വിട്ടുപോയിട്ടുണ്ട്. ഇത് പരിഹരിക്കുവാനും മറ്റു നിയമങ്ങളിലേതു പോലെ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാർക്ക് ഇതിനുള്ള അധികാരം നൽകുന്നതിനും പ്രസ്തുത നിയമത്തിൽ ആവശ്യമായ ഭേദഗതികൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

237.1976 ലെ കേരള ആഢംബരനികുതി നിയമത്തിലെ വകുപ്പ് 17 ബി പ്രകാരമുള്ള കോമ്പൗണ്ടിംഗ് ഫീസ് നിരക്ക് സംബന്ധിച്ച വ്യവസ്ഥ കേരള മൂല്യവർദ്ധിത നികുതി നിയമത്തിലേതിനു സമാനമാക്കുന്നതാണ്.

238.റയിൽവേ റിട്ടയറിംഗ് റൂമുകളേയും ഡോർമിറ്ററികളേയും മുൻകാല പ്രാബല്യത്തോടെ ആഢംബര നികുതിയുടെ പരിധിയിൽനിന്നും ഒഴിവാക്കാൻ ഞാൻ ഉദ്ദേശിക്കുന്നു.

## നടപടികൾ ലഘൂകരിക്കൽ

239.കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതി വൻവിജയമായതിന്റെ പശ്ചാത്തലത്തിൽ വ്യാപാരികൾക്ക് തങ്ങൾ ഇതുവരെ മറച്ചുവച്ച നികുതിവെട്ടിപ്പ് വകുപ്പിന് മുമ്പാകെ വെളിപ്പെടുത്താൻ പുതിയ ഒരു പദ്ധതി പ്രഖ്യാപിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. വാണിജ്യനികുതി വകുപ്പ് വെട്ടിപ്പുകൾ കണ്ടെത്തുന്നതിന് മുമ്പായി വ്യാപാരി ഇത് വെളിപ്പെടുത്തേണ്ടതാണ്. നികുതി വെട്ടിപ്പ് എത്രയെന്ന് അംഗീകരിച്ച് അതിന്മേലുള്ള മുഴുവൻ നികുതിയും അടച്ചുകൊണ്ട് ഒരു പ്രസ്താവന നികുതിനിർണ്ണയാധികാരി മുമ്പാകെ നൽകുകയാണ് വ്യാപാരി ചെയ്യേണ്ടത്. ഇങ്ങനെ അടയ്ക്കേണ്ടിവരുന്ന നികുതിക്ക് പലിശയും പിഴയും ഒഴിവാക്കിക്കൊടുക്കും. ഈ പദ്ധതി 2009 ജൂൺ 30 വരെ പ്രാബല്യത്തിലുണ്ടായിരിക്കും. ഇ-ഫയലിംഗ് ശാസ്ത്രീയമായ കണക്കുപരിശോധന സാധ്യമാക്കിത്തീർത്തിരിക്കുന്നു. തങ്ങളുടെ മുൻകാല കണക്കുകളുടെ അപാകതകൾ തീർത്ത് നിയമനടപടികളിൽനിന്ന് ഒഴിവാകുന്നതിന് ഇതൊരു സുവർണാവസരമാണ്.

240.മൂല്യവർധിത നികുതിനിയമം നടപ്പിലായതിനെത്തുടർന്ന് പല ഉൽപ്പന്നങ്ങളുടേയും നികുതിനിരക്കിനെ സംബന്ധിച്ച് വ്യക്തത ഉണ്ടായിരുന്നില്ല. വർഷങ്ങൾ കഴിഞ്ഞതിനുശേഷമാണ് ചില ഉല്പന്നങ്ങൾക്ക് ഒടുക്കിയ നികുതിയേക്കാൾ ഉയർന്ന നിരക്കിലുള്ള നികുതിയാണ് ഒടുക്കേണ്ടതെന്ന് കണ്ടെത്തിയത്. എന്നാൽ വ്യത്യാസമുള്ള നികുതി ഒടുക്കുന്നതിനും തുടർ വ്യാപാരികൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുന്നതിനും ഇന്നു സംവിധാനമില്ല. അതിനാൽ വ്യത്യാസമുള്ള നികുതി പലിശസഹിതം ഒടുക്കുന്നതിന് 30.06.09 വരെ സാവകാശം നൽകുന്നതാണ്. ഇപ്രകാരം നികുതി ഒടുക്കുന്ന വ്യാപാരിക്ക് ഡെബിറ്റ് നോട്ട് നൽകുന്നതിനും പിന്നീടുള്ള വ്യാപാരികൾക്ക് ഇതിന്റെ അടിസ്ഥാനത്തിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നൽകുവാനും 30.06.09 വരെ സാവകാശം നൽകുന്നതാണ്.

241. വാറ്റ് രജിസ്ട്രേഷൻ അനുവദിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ ബിസിനസ്സ് ആരംഭിച്ച തീയതിമുതൽ രജിസ്ട്രേഷന്

പ്രാബല്യം നൽകിക്കൊണ്ട് ഭേദഗതി ചെയ്യാൻ ഞാൻ ഉദ്ദേശിക്കുന്നു. ഇങ്ങനെ മുൻകാല പ്രാബല്യം ലഭിക്കുന്ന വ്യാപാരിക്ക്, യോഗ്യത അനുസരിച്ച് മുൻകാല പ്രാബല്യത്തോടെ തന്നെ കോമ്പൗണ്ട് ചെയ്യാനും അനുമാനനികുതി തെരഞ്ഞെടുക്കാനും അവസരം നൽകും. എന്നാൽ ഇൻപുട്ട് ടാക്സ് ക്ലെയിം, സ്പെഷ്യൽ റിബേറ്റ്, റീഫണ്ട് എന്നീ സൗകര്യങ്ങൾ രജിസ്ട്രേഷന് അപേക്ഷിക്കുന്ന തീയതിമുതൽ മാത്രമേ പ്രാബല്യത്തിൽ വരികയുള്ളു എന്ന കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നിലവിൽ ഇതിനകം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള വ്യാപാരികൾക്കും ഈ ആനുകൂല്യം നൽകുന്നതാണ്.

242. കേരള മൂല്യവർദ്ധിത നികുതി നിയമത്തിലെ വകുപ്പ് 67(1) പ്രകാരം നിയമലംഘനം കണ്ടെത്തിയ കേസുകൾ, ഡെപ്യൂട്ടികമ്മീഷണർ സമയ പരിധി ദീർഘിപ്പിച്ചുനൽകാത്ത പക്ഷം, അവ കണ്ടെത്തിയ തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ തീർപ്പാക്കേണ്ടതുണ്ട്. ഈ സമയപരിധി 3 വർഷമായി ദീർഘിപ്പിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. അതുപോലെ പിടിച്ചെടുത്ത രേഖകൾ കൈവശം വെയ്ക്കാവുന്ന സമയപരിധി 60 ൽ നിന്നും 180 ദിവസമായി ദീർഘിപ്പിക്കാനും ഉദ്ദേശിക്കുന്നു.

243. മൂല്യവർദ്ധിത നികുതി നിയമത്തിൽ കോമ്പൗണ്ടിംഗ് ഫീസ് ഒടുക്കി കുറ്റം ഒത്തുരാജിയാകുന്ന വ്യാപാരികൾക്ക് വകുപ്പ് 22 അനുസരിച്ച് റിട്ടേൺ പുതുക്കി നൽകാൻ അനുവദിക്കുന്നതാണ്. വെട്ടിച്ച നികുതിയും അതിൻമേലുള്ള പലിശയും അതോടൊപ്പം ഒടുക്കണം.

244. നിയമത്തിലുള്ള അജ്ഞതമൂലം 31.04.05 ൽ നീക്കിയിരിപ്പു ണ്ടായിരുന്ന ചരക്കിന് (closing stock) വാങ്ങൽഘട്ടത്തിലെ നികുതി അടയ്ക്കാൻ ചില വ്യാപാരികൾ വിട്ടുപോയിരുന്നു. ഇതിനുബാധകമായ മൂല്യവർദ്ധിത നികുതി ഇവർ അടച്ചിട്ടുണ്ട്. ഇവയെ ക്രമപ്പെടുത്തുന്നതിനാവശ്യമായ ഭേദഗതികൾ മൂല്യവർദ്ധിത നികുതി നിയമത്തിലെ വകുപ്പ് 98 ൽ ഉൾപ്പെടുത്താൻ ഞാൻ ഉദ്ദേശിക്കുന്നു. വൈകിയ കാലയളവിലേക്ക് നിയമാനുസൃത മുള്ള പലിശ നൽകേണ്ടതാണ്.

245.പെട്രോളിനുതുല്യമായ രീതിയിൽ എത്തനോൾ കലർത്തിയ പെട്രോളിൽനിന്ന് നികുതി പിരിക്കുന്നതിനായി കേരള പൊതുവിൽപന നികുതി നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നു.

246.സ്വന്തം ആവശ്യത്തിനെന്ന പേരിൽ സംസ്ഥാനത്തിന് പുറത്തുനിന്നും ചരക്കുകൾ വാങ്ങി വാണിജ്യാവശ്യത്തിനുള്ള ക്രയവിക്രയങ്ങൾക്ക് ഉപയോഗിക്കുന്ന നടപടികൾ പല വ്യക്തികളും നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമവ്യവസ്ഥകളെ ദുരുപയോഗം ചെയ്യുന്നത് കർശനമായി തടയാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. ഇതിനാവശ്യമായ ഭേദഗതികൾ നിയമത്തിൽ ഉൾപ്പെടുത്തുന്നതാണ്.

247.നികുതി സംബന്ധിച്ച കാര്യങ്ങളിൽ വ്യാപാരിയെ പ്രതിനിധീകരിച്ച് വാറ്റ് അതോറിറ്റി മുമ്പാകെ ഹാജരാവാൻ കമ്പനി സെക്രട്ടറിമാരേയും അനുവദിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു.

248.വകുപ്പ് 42 പ്രകാരമുള്ള ഓഡിറ്റ് സ്റ്റേറ്റ്മെന്റിന് പകരം സഹകരണ സംഘങ്ങൾക്ക് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഓഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റുകളും അക്കൗണ്ടുകളും ഫയൽ ചെയ്താൽ മതിയാകും എന്ന് വ്യക്തമാക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. ഇത് ഫയൽചെയ്യുന്നതിന് അടുത്തവർഷം ഡിസംബർ 31 വരെ സാവകാശം നൽകുന്നതാണ്.

249.കണ്ടുകെട്ടിയ ചരക്കുകൾ പൊതുലേലം വഴിയോ, പൊതുവിൽപന വഴിയോ വിറ്റഴിക്കേണ്ടത് എന്നത് സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നുണ്ട്. കേരള മൂല്യവർദ്ധിത നിയമത്തിലെ വകുപ്പ് 47 ലും 49 ലും ആവശ്യമായ ഭേദഗതി വരുത്തി ഇത് പരിഹരിക്കുവാൻ ഉദ്ദേശിക്കുന്നു.

250.ഏലം ലേലകേന്ദ്രത്തിൽ കൊണ്ടുവന്ന് ലേലം ചെയ്യാതെ തിരികെ കൊണ്ടുപോകുമ്പോൾ (വാപസ്) ആവശ്യമായ രേഖകൾ സൂക്ഷിക്കാൻ നിലവിലുള്ള നിയമത്തിൽ വ്യവസ്ഥചെയ്തിട്ടില്ല. മൂല്യവർദ്ധിത നികുതി നിയമത്തിലെ വകുപ്പ് 40 ൽ ഇതിനാവശ്യമായ ഭേദഗതി കൊണ്ടുവരാൻ ഞാൻ ഉദ്ദേശിക്കുന്നു.

251. ഒരു നിയമലംഘനത്തിന് ഒരു സാമ്പത്തിക വർഷം കളക്റ്ററുചെയ്യാവുന്ന പരമാവധി കൂടിയ കോമ്പൗണ്ടിംഗ് തുക മൂല്യവർദ്ധിത നികുതി നിയമത്തിന്റെ വകുപ്പ് 74 ൽ പ്രതിപാദിച്ചിട്ടുണ്ട്. ഇപ്പോൾ ഇത് 2 ലക്ഷം രൂപയാണ്. അടുത്തകാലത്ത് നടന്ന പരിശോധനകളിൽ വൻതുക ഉൾക്കൊള്ളുന്ന ഉയർന്ന വ്യാപ്തിയിലുള്ള നികുതി വെട്ടിപ്പുകൾ കണ്ടെത്തിയിട്ടുണ്ട്. ഇതു പരിഗണിച്ചുകൊണ്ട് നിലവിലുള്ള പരിധിയായ 2 ലക്ഷം രൂപ 4 ലക്ഷം രൂപയായി ഉയർത്താൻ ഞാൻ ഉദ്ദേശിക്കുന്നു.

252. കമ്മീഷണർ മുമ്പാകെ അപേക്ഷ സമർപ്പിച്ച് നികുതി നിരക്കുകൾ സംബന്ധിച്ച് ക്ലാരിഫിക്കേഷൻ ആവശ്യപ്പെടാനുള്ള വ്യവസ്ഥ കേരള മൂല്യവർദ്ധിത നികുതി നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ലാരിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് മുമ്പായി സങ്കീർണ്ണമായ വസ്തുതകളും നിയമങ്ങളും പരിശോധിക്കേണ്ടതുണ്ട്. വകുപ്പിലെ 3 ഡെപ്യൂട്ടി കമ്മീഷണർമാരുൾപ്പെടുന്ന ഒരു ടീമിന് ഈ അധികാരം ഏൽപ്പിക്കാവാനുദ്ദേശിക്കുന്നു. ഇതിൽ ഉൾപ്പെടേണ്ട വ്യക്തികളെ കമ്മീഷണർ നാമനിർദ്ദേശം ചെയ്യുകയും ഒരു മാസത്തിൽ എത്ര സിറ്റിംഗ് വേണമെന്ന് നിഷ്കർഷിക്കുകയും ചെയ്യും. ഏകകണ്ഠമായ തീരുമാനം അസാദ്ധ്യമായ കേസുകൾ കമ്മീഷണർക്ക് അയക്കേണ്ടതാണ്. ഇങ്ങനെ അയക്കുന്നതൊഴികെയുള്ള ക്ലാരിഫിക്കേഷനെതിരെയുള്ള സുവോ മോട്ടോ റിവിഷനുള്ള അധികാരം കമ്മീഷണറിൽ നിക്ഷിപ്തമായിരിക്കും. ഇത്തരം ക്ലാരിഫിക്കേഷൻ ഓർഡറുകൾക്ക് എന്നുമുതൽ പ്രാബല്യമുണ്ടായിരിക്കും എന്ന കാര്യം കമ്മീഷണർ തീരുമാനിക്കുന്നതാണ്.

## വകുപ്പിന്റെ പുനഃസംഘടന

253. ഇന്നിവിടെ ഞാൻ സംസാരിക്കുമ്പോൾ കേരളത്തിന്റെ നികുതി വരുമാനം 10,000 കോടി രൂപ കടന്നിരിക്കുകയാണ്. നികുതിവരുമാനം അഞ്ചക്ക സംഖ്യയിൽ എത്തുന്നത് ചരിത്രത്തിലാദ്യമാണ്. സർ, 2009 ജനുവരി 31 ലെ കണക്കുകൾ പ്രകാരം മുൻവർഷം ഇതേ കാലയളവിലേതിനെ അപേക്ഷിച്ച് നികുതിയിൽ 24 ശതമാനത്തിന്റെ വർധന നേടാനായിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനിട

യിൽ വകുപ്പിൽ നടപ്പാക്കിയ പരിഷ്ക്കാരങ്ങളും ജീവനക്കാരുടെ അർപ്പണബോധത്തോടെയുള്ള പ്രവർത്തനങ്ങളുമാണ് ആഗോളമാന്ദ്യത്തിന്റെ നടുവിലും ഈ അസുലഭനേട്ടത്തിന് ആധാരം. നികുതി വർധന 2009-10ൽ 15-20 ശതമാന തോതിലെങ്കിലും നിലനിർത്തണമെങ്കിൽ വകുപ്പിന്റെ പുനസംഘടനാ പരിപാടി ശക്തമായി മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. ഗുഡ്സ് ആന്റ് സർവീസ് ടാക്സ് (ജി.എസ്.ടി.) 2010-11ൽ നടപ്പിലാക്കാൻ പോവുകയാണ്. ഇതും പുനസംഘടന അനിവാര്യമാക്കുന്നുണ്ട്.

254.ഏറ്റവും പ്രധാനപ്പെട്ട നടപടി വാറ്റ് സർക്കിളുകളുടെ പുനഃസംഘടനയാണ്. വാറ്റ് സർക്കിളിലെ ഓഫീസർമാർക്ക് ക്രൈംഫയൽ കേസുകൾ തീർപ്പാക്കാനുള്ള ഭരണപരമായ അനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. ഈ നടപടി വളരെ ഫലപ്രദമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ആഡിറ്റ് അസസ്മെന്റ് വിഭാഗത്തിൽ ജോലി ചെയ്യുന്ന 80 വാണിജ്യനികുതി ഓഫീസർമാരെ ഫലപ്രദമായ രീതിയിൽ വാറ്റ് റിട്ടേൺ സ്ക്രൂട്ടിണി നടത്തുന്നതിനായി വാറ്റ് സർക്കിളുകളിലേക്ക് പുനർവിന്യസിക്കാൻ ഉദ്ദേശിക്കുന്നു.

255.ഓഡിറ്റ് അസസ്മെന്റ് വിംഗിലെ ഒരു ഭാഗത്തെ ഇന്റേണൽ ഓഡിറ്റിനായി ഉപയോഗിക്കും. ഇതിനു നേതൃത്വംനൽകാൻ ഹെഡ്ക്വാർട്ടേഴ്സിൽ ഒരു ജോയിന്റ് കമ്മീഷണർ തസ്തിക സൃഷ്ടിക്കുന്നതാണ്. ഇന്റേണൽ ഓഡിറ്റിന്റെ പ്രാധാന്യം അക്കൗണ്ടന്റ് ജനറലും നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മറ്റിയും എടുത്തുപറഞ്ഞിട്ടുള്ളതാണ്.

256.നിലവിലുള്ള ഇന്റലിജൻസ് സ്ക്വാഡുകൾ ശക്തിപ്പെടുത്തുന്നതിനും പുതിയവ ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഇതിനായി സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള കൂടുതൽ ഇൻസ്പെക്ടർമാർ അനിവാര്യമാണ്. പുതിയ തസ്തിക സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നില്ല. നിയമാനുസൃത യോഗ്യതയുള്ള ക്ലർക്കുമാരുടെ 100 തസ്തികകൾ അപ്ഗ്രേഡ് ചെയ്യുന്നതാണ്. ഇത് ക്ലറിക്കൽ കേഡറുകളിൽ സൃഷ്ടിക്കുന്ന ശൂന്യത നികത്തുന്നതിന് ആവശ്യമായ ക്ലറിക്കൽ അറ്റൻഡർമാരുടെ തസ്തികകൾ അപ്ഗ്രേഡ് ചെയ്യുന്നതാണ്.

257. ഹെഡ്ക്വാർട്ടേഴ്സിൽ നിലവിലുള്ള 2 ഡെപ്യൂട്ടി കമ്മീഷണർമാരുടെ തസ്തികകൾ ജോയിന്റ് കമ്മീഷണർ പദവിയിലേക്ക് അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്നു. അതിനു പുറമേ ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) എന്ന പുതിയ തസ്തിക സൃഷ്ടിക്കാനും ഉദ്ദേശിക്കുന്നു.

258. ഊർജ്ജിത നികുതിപിരിവ് പ്രോത്സാഹിപ്പിക്കാനായി ഒരു പദ്ധതി പ്രഖ്യാപിക്കാൻ ആഗ്രഹിക്കുന്നു. വൻതോതിലുള്ള നികുതിവെട്ടിപ്പ് കണ്ടെത്തുന്ന ഇന്റലിജൻസ്-ചെക്പോസ്റ്റ് - വാറ്റ് സർക്കിൾ വിഭാഗ ങ്ങളിലെ ജീവനക്കാർക്ക് അവാർഡുകൾ നൽകുന്നതാണ്. റിട്ടേൺ സ്ക്രൂട്ടിനി, റെയിൽവേ പരിശോധന, കട പരിശോധന, ചെക്ക്പോസ്റ്റ് പരിശോധന, ഓവർചെക്കിംഗ്, വാഹന പരിശോധന, കൊറിയർ/പാർസൽ ഏജൻസി പരിശോധന, ഐ.ബി. കണ്ടെത്തിയ കേസുകൾ, മറ്റു പരിശോധനകളിൽ കണ്ടെത്തിയ കേസുകൾ എന്നിവയിൽനിന്നുണ്ടാകുന്ന അധിക വരുമാനമാണ് അവാർഡിനുള്ള മാനദണ്ഡമായി പരിഗണിക്കുക. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.

259. വാണിജ്യനികുതി വകുപ്പിലെ കേസുകൾ വളരെവേഗം തീർപ്പാക്കുന്നതിന് സുതാര്യമായ ഒരു അപ്പലേറ്റ് സമ്പ്രദായം ഒഴിച്ചുകൂടാനാവാത്തതാണ്. നിലവിലുള്ള അപ്പലേറ്റ് /ട്രൈബ്യൂണൽ സംവിധാനം പുന:പരിശോധിക്കേണ്ടതുണ്ട്. കേസുകളുടെ എണ്ണമനുസരിച്ച് നിലവിലുള്ള ട്രൈബ്യൂണൽ ബെഞ്ചുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതാണ്. അതുവഴി വേഗത്തിൽ ഉത്തരവുകൾ നൽകാനാകുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിലുള്ള വകുപ്പ് തല അപ്പലേറ്റ് അധികാരഘടന ഒഴിവാക്കുകയും അവരെ വകുപ്പിന്റെ മറ്റു പ്രവർത്തനങ്ങൾക്ക് ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യും. ഈ മാറ്റങ്ങൾ സർക്കാർ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

260. വാണിജ്യ നികുതി ഓഫീസുകളും ചെക്പോസ്റ്റുകളും നവീകരിക്കു ന്നതിന് 10 കോടി രൂപ വകയിരുത്തുന്നു. *ഗിഫ്റ്റി*ന് 20 കോടി രൂപ കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്. താമസിയാതെ ഇതിന്റെ പ്രവർത്തനം ഉദ്ഘാടനം ചെയ്യും. ഇൻകലിന്റെ സഹകരണത്തോടെ വാളയാർ,

മഞ്ചേശ്വരം, മുത്തങ്ങ, അമരവിള, ആര്യങ്കാവ്, കുമളി എന്നീ സ്ഥലങ്ങളിൽ സംയോജിത ആധുനിക ചെക്പോസ്റ്റുകൾ സ്ഥാപിക്കും. നികുതി വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സിന് ആധുനികസംവിധാനത്തോടുകൂടിയ ഓഫീസ് തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതാണ്.

261. വാണിജ്യനികുതി വകുപ്പിൽ ഗുഡ്സ് & സർവീസസ് ടാക്സിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് പ്രത്യേക സെൽ രൂപികരിക്കുന്നതാണ്. ഇവർക്കെല്ലാവർക്കും മറ്റു സംസ്ഥാനങ്ങളിലേക്ക് പഠന സന്ദർശനം നടത്തുന്നതിനും പരിശീലനത്തിനും സന്ദർഭമുണ്ടാക്കും.

## ഭാഗം പതിനൊന്ന്

## ഉപസംഹാരം

262. സർ, 2008-09, 2009-10 എന്നീ വർഷങ്ങളിലെ എസ്റ്റിമേറ്റുകളുടെ സംഗ്രഹം അവതരിപ്പിക്കട്ടെ.

**2008-09 ലെ പുതുക്കിയ മതിപ്പുകണക്കുകൾ**

| ഇനം | പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് (കോടി രൂപയിൽ) |
|---|---|
| റവന്യൂ വരവ് | 25063.26 |
| റവന്യൂ ചെലവ് | 28792.12 |
| റവന്യൂ കമ്മി | (-) 3728.86 |
| മൂലധനച്ചെലവ് | 1692.01 |
| വായ്പകളും മുൻകൂറുകളും (തനി) | (-) 893.66 |
| പൊതുകടം (തനി) | 5729.35 |
| പൊതു കണക്ക് (തനി) | 405.58 |
| ആകെ കമ്മി | (-) 179.59 |
| മുൻവർഷ കമ്മി | 123.27 |
| വർഷാന്ത്യ കമ്മി | (-) 56.32 |

**2009–10 ലെ ബഡ്ജറ്റ് മതിപ്പ് കണക്കുകൾ**

| ഇനം | ബഡ്ജറ്റ് എസ്റ്റിമേറ്റ് (കോടി രൂപയിൽ) |
|---|---|
| റവന്യൂ വരവ് | 28153.90 |
| റവന്യൂ ചെലവ് | 31161.85 |
| റവന്യൂ കമ്മി | (–) 3007.95 |
| മൂലധനച്ചെലവ് | 1709.15 |
| വായ്പകളും മുൻകൂറുകളും (തനി) | (–) 963.42 |
| പൊതുകടം (തനി) | 5484.70 |
| പൊതു കണക്ക് (തനി) | 113.70 |
| ആകെ കമ്മി | (–) 82.13 |
| മുൻവർഷ കമ്മി | (–) 56.32 |
| പ്രഖ്യാപിച്ച പുതിയ ചെലവുകൾ | 1369.97 |
| പ്രഖ്യാപിച്ച അധിക വിഭവ സമാഹരണം | 574.29 |
| വർഷാന്ത്യ കമ്മി | (–) 934.13 |

263.2009–10 ൽ സംസ്ഥാന സർക്കാരിന്റെ മൊത്തം റവന്യൂ വരുമാനം 28154 കോടി രൂപയും റവന്യൂ ചെലവ് 31162 കോടി രൂപയുമാണ്. റവന്യൂകമ്മി 2008–09 നെ അപേക്ഷിച്ച് 3729 കോടി രൂപയിൽനിന്ന് 3008 കോടി രൂപയായി താഴുന്നു. നാം നേരത്തേ കണ്ടതുപോലെ റവന്യൂകമ്മി 2.04 ശതമാനത്തിൽനിന്ന് 1.49 ശതമാനമായി കുറയുന്നു. ഇത് അഭിനന്ദനീയമായ കാര്യംതന്നെ. പക്ഷേ, ധനകമ്മിയിൽ വന്നിരിക്കുന്ന ഇടിവ് ഒരു വിരോധാഭാസമാണ്. 2008–09നെ അപേക്ഷിച്ച് മൂലധനച്ചെലവിൽ ചെറിയ വർധനയേ ഉള്ളൂ. പൊതുക്കടമാകട്ടെ 5729 കോടി രൂപയിൽനിന്ന് 5485 കോടി രൂപയായി കുറയുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി ധനകമ്മി 2008–09 ൽ 3.46 ശതമാനമായിരുന്നത് 2009–10ൽ 2.81 ശതമാനമായി കുറഞ്ഞിരിക്കുന്നു. ഇത് സാമ്പത്തികശാസ്ത്ര യുക്തിക്ക് നിരക്കുന്നതല്ല.

264.ഇന്ത്യയിലും കേരളത്തിലും പാസാക്കിയിട്ടുള്ള നിയമപ്രകാരം 3 ശതമാനംവരെ ധനകമ്മി സൃഷ്ടിക്കാൻ നമുക്ക് അവകാശമുണ്ട്. ആഗോളമാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ ഈ തോത് ഉയർത്തേണ്ടതാണ് എന്ന കാര്യം കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്. കേരളത്തിന്റെ ധനകമ്മി വർധിക്കുന്നില്ലെന്നുമാത്രമല്ല കുറയുകയുമാണ്. ഇതിനു കാരണം കേന്ദ്രസർക്കാർ കേരളത്തിന് അർഹമായ വായ്പ അനുവദിക്കാത്തതാണ്. ഇത് വിവേചനത്തിന്റെ മാത്രം

പ്രശ്നമല്ല. കേന്ദ്രനയത്തിലെ അടിസ്ഥാന വൈരുദ്ധ്യത്തിന്റെ പ്രകാശനമാണ്. കേന്ദ്രസർക്കാർ ഉത്തേജക പാക്കേജുകളിലൂടെ മാന്ദ്യത്തിനുള്ള പ്രതിവിധിയായി ചെലവു വർധിപ്പിക്കാൻ ശ്രമിക്കുമ്പോൾ സംസ്ഥാന സർക്കാർ അർഹമായ വായ്പ ലഭിക്കാത്തതുകൊണ്ട് ചെലവ് ചുരുക്കാൻ നിർബന്ധിതമാകുന്നു. ഒരു കൈ ചെയ്യുന്നത് മറുകൈ അറിയുന്നില്ല. പഴയ തിരുവിതാംകൂർ സർക്കാരിന്റെ നിലയിലേക്ക് സംസ്ഥാനത്തെ താഴ്ത്തുകയാണ്. ഇത് അനുവദിക്കാൻ കഴിയില്ല.

265.ഒരു കാര്യം ഇവിടെ വ്യക്തമാക്കുകയാണ്. റവന്യൂകമ്മി കുറയ്ക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇപ്പോൾ എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ ഭക്ഷ്യസബ്സിഡി, പലിശ സബ്സിഡി, ഗ്രാന്റുകൾ എന്നിങ്ങനെ റവന്യൂ അധികച്ചെലവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ അതിലേറെ അധിക വരുമാനം (574 കോടി രൂപ) സമാഹരിക്കുന്നുണ്ട്. അതുകൊണ്ട് ബജറ്റ് മതിപ്പു കണക്കിലെ റവന്യൂകമ്മി വർഷാന്ത്യത്തിൽ ഇനിയും കുറയുന്നതിനാണ് സാധ്യത.

266.ബഡ്ജറ്റ് എസ്റ്റിമേറ്റിന് പുറത്ത് നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങളിൽ ഏതാണ്ട് മൂന്നിൽ രണ്ട് ഭാഗം മൂലധനച്ചെലവാണ്. മാന്ദ്യകാലത്ത് മൂലധന നിർമാണച്ചെലവ് ഗണ്യമായി ഉയർത്താൻ കഴിഞ്ഞാൽ ഇന്ന് ജനങ്ങൾക്ക് തൊഴിലും വരുമാനവും വർധിപ്പിക്കാൻ കഴിയുമെന്നു മാത്രമല്ല നാളെ സമ്പദ്ഘടനയിലെ ഉൽപ്പാദനക്ഷമതയും ഉൽപ്പാദനവും ഉയർത്തുന്നതിനും സഹായിക്കും. അതേസമയം നേരത്തേ സൂചിപ്പിച്ചതുപോലെ കേരളത്തിന് അനുവദിച്ചിരിക്കുന്ന വായ്പ 2008-09 നേക്കാൾ കുറവാണ്. തന്മൂലം വർഷാന്ത്യകമ്മി 934 കോടി രൂപയായി ഉയരുന്നു. ഇതിൽ ചിലരെങ്കിലും അസ്വസ്ഥരാകാം. ഇത് ബോധപൂർവമായൊരു തീരുമാനത്തിന്റെ ഫലമാണ്. മാന്ദ്യകാലത്ത് ധനകമ്മി കുറയ്ക്കാൻ കേരളം തയ്യാറല്ല.

267.കേരളത്തിന് ഒരു ശതമാനം തുക അധിക വായ്പയായി അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയാണ്. ഇതനുവദിച്ചാൽ വർഷാന്ത്യ കമ്മി ഇല്ലാതാകുമെന്നു മാത്രമല്ല ബഡ്ജറ്റ് മതിപ്പു കണക്കിൽ വകയിരുത്തിയിരിക്കുന്ന കേന്ദ്ര നികുതി വരുമാനത്തിൽ അനിവാര്യമായുണ്ടാകുന്ന ഇടിവ് നികത്താനും കഴിയും. വായ്പയും അതിന്റെ സ്രോതസ്സുകളും കേന്ദ്രസർക്കാർ തന്നിഷ്ട

പ്രകാരം തീരുമാനിക്കുന്നതിനുപകരം ചർച്ചചെയ്ത് തീരുമാനിക്കുന്നതിന് പന്ത്രണ്ടാം ധനകമ്മീഷൻ നിർദ്ദേശിച്ച വായ്പാ കൗൺസിൽ രൂപീകരിക്കണം. കേന്ദ്ര-സംസ്ഥാന ധനകാര്യബന്ധത്തിലെ പൊളിച്ചെഴുത്ത് സമകാലിക രാഷ്ട്രീയത്തിലെയും വികസനസംവാദത്തിലേയും ഒരു കേന്ദ്രപ്രശ്നമായി ഈ ബഡ്ജറ്റ് ഉയർത്തുകയാണ്.

268.2009-10ലെ ബഡ്ജറ്റ് ഇതിനുള്ള ആഹ്വാനംകൂടിയാണ്. നമ്മൾ ഒരുമിച്ചുനിന്നാൽ കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ നിക്ഷേപ വർധനയ്ക്കുള്ള വിഭവം കണ്ടെത്താനാവും. ദേശാഭിമാനികളായ മുഴുവൻ മലയാളികളോടും എനിക്കൊരു അഭ്യർത്ഥനയുണ്ട്. അധികവായ്പ എടുക്കണമെങ്കിൽ കേന്ദ്രത്തിന്റെ അനുവാദം വേണം. നിങ്ങളുടെ പണം ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് ആരുടേയും അനുവാദംവേണ്ട. ഏറ്റവും ആകർഷകമായ പലിശ ഉറപ്പുനൽകുന്നു എന്നു മാത്രമല്ല നിങ്ങളുടെ സമ്പാദ്യം നാടിന്റെ വികസനക്കുതിപ്പിന് ഉത്തേജനവുമാകും.

269.എന്നാൽ ഒരു കാര്യം തുറന്ന് ജാഗ്രതപ്പെടുത്തുന്നതിന് ഞാൻ ആഗ്രഹിക്കുന്നു. മൂലധനച്ചെലവിന്റെ വർധനയിലെ വലിപ്പംകണ്ട് തെറ്റിദ്ധരിക്കരുത്. സർക്കാർ അഭിമുഖീകരിക്കുന്ന ധനഞെരുക്കത്തെ മറന്നാൽ അത് വിനാശകരമായിരിക്കും. മൂലധനച്ചെലവിന്റെ ടാപ്പ് തുറന്നിരിക്കുകയാണ്. റവന്യൂ ചെലവിന്റെ ടാപ്പും തുറന്നിടുകയാണെങ്കിൽ സംശയമൊന്നും വേണ്ട ട്രഷറി പിടികിട്ടാ പ്രതിസന്ധിയിലേക്ക് വഴുതിവീഴും. ബഹുമാനപ്പെട്ട എം.എൽ.എമാർ കുറിച്ചുതന്ന ഏതാണ്ട് എല്ലാ നിർമാണ പ്രവൃത്തികളും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ പുതിയ സ്ഥാപനങ്ങൾ വളരെ ചുരുക്കം മാത്രമേ അനുവദിച്ചിട്ടുള്ളൂ. അടുത്ത ധനകാര്യവർഷം അവസാനിക്കും വരെ ബഡ്ജറ്റിനു പുറത്ത് റവന്യൂ ചെലവ് വർധിക്കാതിരിക്കുന്നതിന് കർശനമായ നിലപാട് സ്വീകരിക്കേണ്ടിവരും. ഇതിലാരും പരിഭവിക്കരുത്. ഇങ്ങനെ ചെയ്യാതിരിക്കുന്നത് ഏറ്റവും നിരുത്തരവാദപരമായ സമീപനമായിരിക്കും.

270.സർ, പല കാരണങ്ങളാലും ഇതൊരു അസാധാരണ ബഡ്ജറ്റാണ്. കാരണം ഇതൊരു അസാധാരണ കാലഘട്ടംകൂടിയാണ്.

മാമൂൽവിട്ട് ചിന്തിക്കാനും പ്രവർത്തിക്കാനും ധൈര്യപ്പെടുക, അതിനുള്ള തന്റേടം ഈ സർക്കാരിനുണ്ട്.

271. സർ,ഏതാണ്ട് ഇരുനൂറ്റമ്പതുകൊല്ലംമുമ്പ് തിരുവിതാംകൂറിൽ കണ്ടെഴുത്തു നടത്തുന്നതു മുതൽ എഴുപതുകളിൽ ഭൂപരിഷ്ക്കരണം നടപ്പാക്കുന്നതുവരെയാണ് ഞാനാദ്യം സൂചിപ്പിച്ച 'കയറി'ലെ കഥ. എരുമത്ര മഠത്തിൽ ക്ലാസിപ്പേര് വന്നു താമസി ക്കാൻ തുടങ്ങുന്നു എന്നു കേട്ടപാതി കേൾക്കാത്ത പാതി കോടാന്ത്ര മൂത്താശാൻ പറയുന്നത് 'കീഴ്നടപ്പില്ല' എന്നാണ്. മുറജ പത്തിന് തിരുവനന്തപുരത്തേക്ക് പോകുന്ന വൈദികരോ മറ്റോ മാത്രമേ എരുമത്ര മഠത്തിൽ താമസിച്ചിട്ടുള്ളൂ. ഉദ്യോഗസ്ഥർ വന്നു താമസിക്കുന്നത് 'കീഴ്നടപ്പില്ല' മണ്ണായ മണ്ണൊക്കെ അളന്നു തിരിച്ച് ഓരോരുത്തരുടെ പേരിൽ എഴുതിവച്ചതുമുതൽ ഭൂപരിഷ്ക്കരണം നടക്കുന്നതുവരെ നാട്ടിൽ ഒരുപാട് മാറ്റങ്ങളുണ്ടായി. തീണ്ടലും തൊടീലും പോയി; മരുമക്കത്തായം പോയി; റാണി-ചിത്തിര കായ ലുകളിൽ ബണ്ടുയർന്നു; ആലപ്പുഴയിൽ ഫാക്ടറികൾ വന്നു; പുതിയ മുതലാളി വന്നു; തൊഴിലാളി വന്നു; തമ്പ്രാനെന്നു വിളിക്കി ല്ലെന്നു വന്നു; പാപ്പയെന്ന സ്ത്രീ ഉണർന്നു. അങ്ങനെ നമ്മൾ ഇവിടെ വന്നു. നല്ല വിദ്യാഭ്യാസവും സാമൂഹ്യബോധവും ഉള്ള ജനങ്ങൾ; പക്ഷേ, കൃഷിയും കയറും പണ്ടത്തെപ്പോലെ തന്നെ. ഇതു മാറിയേ തീരൂ. ഇതോരോന്നും വരുമ്പോൾ അന്നന്നത്തെ കോടാന്ത്ര മൂത്താശാന്മാർ പറഞ്ഞിട്ടുണ്ട്.

'കീഴ്നടപ്പില്ല'

പക്ഷേ സാർ, നമ്മൾ ഇന്നു നിൽക്കുന്നത് ഒരു ദശാസന്ധിയിലാണ്. ഇന്നത്തെ അസാധാരണ കാലം അസാധാരണ ഉത്തരങ്ങൾ തേടു ന്നു. നമുക്ക് മുന്നോട്ടു പോകാനുള്ള പുതിയൊരു വഴി തിരഞ്ഞെടു ക്കണം. ഭൂതകാലത്തിന്റെ നേട്ടങ്ങൾ നിലനിർത്തണം. പക്ഷേ വിദ്യാസമ്പന്നരായ മലയാളികൾക്ക് പുതിയ വ്യവസായങ്ങൾ വേണം. നീതിയും വേണം. വളർച്ചയും വേണം. അതിനു പുതിയ ക്ലാസിപ്പേരുമാർ വേണം. അതിനു പുതിയതരം സംരംഭകർ വേണം. നിക്ഷേപം വേണം. അത്യുന്നത വിദ്യാകേന്ദ്രങ്ങൾ വേണം; അതിനു

വേണ്ട പണ്ഡിതർ വേണം. ജനകീയ നേട്ടങ്ങൾ സംരക്ഷിക്കുന്ന രാഷ്ട്രീയവും വേണം.

സാർ, അതിനൊക്കെ ആയുള്ള എളിയ ഒരു ചുവടുവയ്പാണ് ഈ ബഡ്ജറ്റ്.

സർ, 2009-10 ലെ ബഡ്ജറ്റ് ഞാൻ സഭയുടെമുമ്പാകെ സമർപ്പിക്കുന്നു. അടുത്ത സാമ്പത്തിക വർഷത്തിലെ ആദ്യത്തെ നാലു മാസത്തേക്കുള്ള വോട്ട്-ഓൺ-അക്കൗണ്ടും അവതരിപ്പിക്കുന്നു. സഭയുടെ പൂർണ പിന്തുണ ഞാൻ അഭ്യർത്ഥിക്കുന്നു.

**/// ജയ് ഹിന്ദ് ///**